Reg. No C. 101, M. 2293

ഒററപ്രതിക്കു 2 ണ

St: Mary's C. G. H. S
Ernakulam

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 25 | 1127 കന്നി 17 ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1951 ഒക്ടോബർ 3 | ലക്കം 0

## കത്തോലിക്കാവിദ്യാലയങ്ങൾ നമ്മുടെ രക്ഷാസങ്കേതങ്ങൾ

### എറണാകുളം മെത്രാപ്പോലീത്താ തിരുമേനിയുടെ ഇടയലേഖനം

(മൂവാററുപുഴ സ്ഥാപിക്കുന്ന കോളെജു് സംബന്ധിച്ചു് എറണാകുളം മെത്രാപ്പോലീത്താ തിരുമേനി ഇക്കഴിഞ്ഞ സെപ്റ്റംബർ 24-ാംനു പള്ളികളിലേക്കയച്ചിരിക്കുന്ന ഇടയലേഖനം താഴെ ചേർക്കുന്നു.)

"നിങ്ങൾ പോയി എല്ലാ രാജ്യക്കാരേയും പഠിപ്പിക്കുവിൻ" എന്ന ദിവ്യരക്ഷകൻെറ അന്തിമനിർദ്ദേശം പ്രാവർത്തികമാക്കുവാൻ കത്തോലിക്കാസഭ എന്നും ജാഗരൂകയാണു്. മതം മാത്രമല്ല ശാസ്ത്രങ്ങളും അഭ്യസിപ്പിക്കുന്നതിൽ കത്തോലിക്കർ എന്നും അതിവശ്രദ്ധപതിപ്പിച്ചിട്ടുണ്ടു്. കത്തോലിക്കാ വിദ്യാഭ്യാസത്തെപ്പററി പതിനൊന്നാംപീയൂസ് മാർപ്പാപ്പാ എഴുതിയിട്ടുള്ള അതിവിശിഷ്ടമായ ചാക്രികലേഖനത്തിൽ കുട്ടികളുടെ വിദ്യാഭ്യാസവിഷയത്തിൽ തിരുസഭയ്ക്കുള്ള അവകാശങ്ങളെപ്പററി സുദീർഘമായി പ്രതിപാദിച്ചശേഷം ആ ഭാഗം ഇപ്രകാരം അവസാനിപ്പിച്ചിരിക്കുന്നു: "ആത്മാക്കളുടെ രക്ഷ സംബന്ധിച്ച ജോലികൾക്കു പുറമേ ക്രിസ്തീയവിദ്യാഭ്യാസത്തിനു് സഹായകവും ആവശ്യകവുമാകുന്നിടത്തോളം സാഹിത്യവും ശാസ്ത്രവും കലകളും പ്രോത്സാഹിപ്പിക്കുവാനായി വിദ്യാഭ്യാസപരവും സാംസ്കാരികവുമായ ഏതുതരത്തിലുള്ള സ്ഥാപനങ്ങളും സ്ഥാപിച്ചു നടത്തിക്കൊണ്ടുപോകുവാൻ തിരുസഭയ്ക്കു പൂർണ്ണമായ അവകാശമുണ്ടു്. കായികാഭ്യാസക്കളരികൾപോലും തിരുസഭയുടെ മാതൃസഹജമായ നിയന്ത്രണത്തിനു പുറത്താണെന്നു് പറയുവാൻ വഹിയാ; കാരണം അവയും ക്രിസ്തീയ വിദ്യാഭ്യാസത്തെ സഹായിക്കുകയോ ദ്രോഹിക്കുകയോ ചെയ്യുവാൻ പര്യാപ്തമാണു്. സംസ്കാരപരമായ തിരുസഭയുടെ എല്ലാ പ്രവർത്തനങ്ങളും കുടുംബങ്ങൾക്കും രാജ്യങ്ങൾക്കും അത്യന്തം പ്രയോജനകരമാണു്. മിശിഹായെക്കൂടാതെ അവ നിലനില്ക്കുന്നതല്ല." പരിശുദ്ധപിതാവിൻെറ ഈ വാക്കുകൾ തിരുസഭയുടെ നിയമങ്ങളുടെ വ്യാഖ്യാനം മാത്രമാണു്. മാതാപിതാക്കന്മാരുടെ സ്ഥാനം വഹിക്കുന്നവർ കുട്ടികളുടെ ക്രിസ്തീയവിദ്യാഭ്യാസത്തിനുവേണ്ട സജ്ജീകരണങ്ങൾ ചെയ്യണമെന്നും കാനൺനിയമം അനുശാസിക്കുന്നു.

ഇതുപോലെയുള്ള ന്യായങ്ങളെ മുൻനിറുത്തി നമ്മുടെ അതിരൂപതയിൽ പലതരത്തിലുള്ള വിദ്യാലയങ്ങൾ നിങ്ങളുടെ സഹകരണത്തോടുകൂടെ സമാരംഭിക്കുവാൻ നമുക്കു കഴിഞ്ഞു; എന്നാൽ ഇതുവരേയും ഒരു കോളെജു തുടങ്ങുവാൻ കഴിഞ്ഞില്ല. മററു കത്തോലിക്കാ കോളെജുകളുണ്ടല്ലോ എന്നു കരുതി നാം ആശ്വസിച്ചു. എന്നാൽ നമ്മുടെ ജനങ്ങൾ അധികം നിവസിക്കുന്ന ഭാഗങ്ങളിൽ നമ്മുടേതായി കോളെജുകൾ തുറക്കുന്നതായാൽ കൂടുതൽ യുവാക്കൾക്കു് അതു് പ്രയോജകീഭവിക്കുമെന്നു് ബോദ്ധ്യമായതിനാൽ ആവശ്യംപോലെ കോളെജുകൾ അവിടവിടെ സ്ഥാപിക്കേണ്ടതാണെന്നു് നമുക്കു തോന്നി. നമ്മുടെ അതിരൂപതയിൽ മൂവാററുപുഴ പരിസരങ്ങളിൽ മററു കോളെജുകൾ ഇല്ലാത്തതുകൊണ്ടും ആ ഭാഗത്തുള്ള അനേകം അൽമേനികളും ഈ അതിരൂപതയിലുള്ള പല വൈദികരും അവിടെ ഒരു കോളെജു തുടങ്ങേണ്ട ഔചിത്യം പലപ്രാവശ്യം നമ്മെ സന്ദർശിച്ചു ബോദ്ധ്യപ്പെടുത്തുകയാലും അവിടെ ഒരു കോളെജു് ആരംഭിക്കുവാനുള്ള അനുവാദത്തിനു് നാം ഗവമെൻറിനെ സമീപിക്കുകയും ഇപ്പോൾ അതിനാവശ്യമായ അനുമതി ലഭിക്കുകയും ചെയ്തിരിക്കുന്നു.

ഒരു കോളെജു സ്ഥാപിക്കുന്നതിനു് ഇന്നു് അനേകലക്ഷം രൂപ ആവശ്യമുണ്ടു്. അക്കാര്യം വിചാരിക്കുമ്പോൾ നാം അത്യധികം ഭയപ്പെടുന്നു നമ്മുടെ വാർദ്ധക്യത്തിൽ ഇത്രയും വലിയ ഒരു സ്ഥാപനം തുടങ്ങുവാൻവളരെ ഉൽക്കണ്ഠയുണ്ടായിരുന്നതിനാൽ ഈ കോളെജിൻെറ സ്ഥാപനം ഒന്നുരണ്ടുകൊല്ലം നീട്ടിക്കൊണ്ടുതന്നെപോന്നു; എന്നാൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ യുവാക്കൾക്കായി ഈ കോളെജു് ഇനിയും സ്ഥാപിക്കുന്നില്ലെങ്കിൽ അതു കൃത്യവിലോപമാകുമെന്നു് കരുതിയാണു് ഇതിലേക്കു് നമ്മുടെ നിർമ്മലകന്യകയിൽ ആശ്രയിച്ചു് നാം ഇപ്പോൾ പ്രവേശിച്ചിട്ടുള്ളതു്. വൈദികരുടേയും അൽമേനികളുടേയും പൂർണ്ണസഹകരണമുണ്ടാകുമെന്നുള്ള ബോദ്ധ്യം നമ്മെ ധൈര്യപ്പെടുത്തുന്നുമുണ്ടു്.

ബ. സഹോദരരേ, പ്രിയമക്കളേ, മൂവാററുപുഴ കോളെജു് ഒരു പ്രാദേശികാവശ്യമായി കരുതിയാൽ അതു നടപ്പിൽ വരുകയില്ലെന്നു നിശ്ചയമാണു്. അതു പലവിധത്തിലും നമ്മുടെ അതിരൂപതയ്ക്കു് ഉപകാരപ്രദമാകണമെന്നാണു് നമ്മുടെ ഉദ്ദേശം. ആകയാൽ അതിരൂപതയുടെ സകല കഴിവുകളും അതിനായി നീക്കിവയ്ക്കാതെ ആ സ്ഥാപനം ഉയർന്നുവരികയില്ലെന്നു തീർച്ചതന്നെ. ഇതിനായി എല്ലാ ഇടവകകളിലേയും വരവിൽ ഒരു ഭാഗം കോളെജിനു് നീക്കിവയ്ക്കേണ്ടിവരും. അതുപോലെതന്നെ ഇടവകജനങ്ങളും ആവുംവിധം കോളെജുസ്ഥാപനഫണ്ടിലേക്കു് വർഷന്തോറും ഓരോ സംഖ്യ സംഭാവനചെയ്യുന്നതായാൽ നമ്മുടെ കോളെജു വേഗം വികസിച്ചുവരും. ഇതിലേക്കു് ഓരോ ഇടവകയിലും ബ. വികാരിയുടെ അദ്ധ്യക്ഷതയിൽ ഒരു കോളെജുഫണ്ടുകമ്മിററി സ്ഥാപിച്ചു ആവശ്യമെങ്കിൽ കരകൾതോറും സബ്കമ്മിററികളും ഏർപ്പെടുത്തി പ്രവർത്തിക്കുന്നതായാൽ കാര്യങ്ങൾ ശരിയായ ഗതിയിൽ നടക്കും. ഇടവകകമ്മിററികൾ രൂപവൽക്കരിക്കുന്നതു് പ്രായോഗികമല്ലാത്ത സ്ഥലങ്ങളിൽ ബ. വികാരിതന്നെ പിരിവുകൾ സ്വീകരിച്ചു നമ്മുടെ കച്ചേരിയിലേക്കു് അയച്ചാൽ മതിയാകും.

ഇത്രവലിയ സംഖ്യ ശേഖരിച്ചു് കോളെജുനടത്തിയാൽ എന്തു പ്രയോജനമാണുള്ളതെന്നു ചിലർ ചോദിച്ചേക്കാം. അതിരൂപതയുടെ ഒരു ഭാഗത്തു തുടങ്ങുന്ന കോളെജിനു് വിദൂരത്തിരിക്കുന്നവർ എന്തിനു സഹായങ്ങൾ നൽകുന്നുവെന്നു് ചിലർ പറഞ്ഞുവെന്നുംവരാം. പ്രിയ സഹോദരരേ, വാത്സല്യമക്കളേ, മിശിഹായുടെ മൗതികശരീരമായ തിരുസഭയിൽ ഈവക ചിന്താഗതിക്കു സ്ഥാനമില്ല. മിശിഹായുടെ മൗതികശരീരത്തിൽ ഏതെങ്കിലും ഒരവയവം ബലഹീനമാണെങ്കിൽ എല്ലാവരുംകൂടെ അതിനെ ശക്തിപ്പെടുത്തിയാലേ മതിയാകയുള്ളൂ. ലോകത്തിലെ വിഭവങ്ങൾ കൂടുതൽ ലഭിച്ചിട്ടുള്ളവർ മററുള്ളവരുടെ സൂക്ഷിപ്പുകാരാണു്. അമേരിക്കൻ കത്തോലിക്കർ പല രാജ്യങ്ങളിലേക്കും സഹായങ്ങൾ അയക്കാറുണ്ടല്ലോ. വിദൂരമായ രാജ്യങ്ങളിലേക്കു് അവർ—വേലക്കാർപോലും—തങ്ങളുടെ ആദായത്തിൽനിന്നു് സംഭാവനകൾ നൽകിക്കൊണ്ടിരിക്കുന്നെങ്കിൽ നമ്മുടെ അതിരൂപതയിലെ ഒരു പ്രധാന കേന്ദ്രത്തിൽ സമാരംഭിക്കുവാൻ പോകുന്ന ഈ സ്ഥാപനത്തിനു് അതിരൂപതയിൽ ഉൾപ്പെട്ടവരെല്ലാം പ്രത്യേകവിധത്തിൽ സഹായസഹകരണങ്ങൾ നൽകണമെന്നു പറയുന്നതിൽ ആർക്കാണു് വിസ്മയത്തിനു വകയുള്ളതു്? അതിരൂപതയ്ക്കു പുറമേയുള്ളവരുടേയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുവാൻ ഈ അവസരം നാം വിനിയോഗിച്ചു കൊള്ളുന്നു.

അതിനാൽ കോളെജുപ്രസ്ഥാനത്തെ മൂവാററുപുഴദേശക്കാരുടെ ഒരു കാര്യമായിക്കരുതാതെ നിങ്ങളോരോരുത്തരുടേയും ആവശ്യമായിക്കരുതി പ്രവർത്തിക്കണം. നമ്മുടെ കരങ്ങളിൽ വന്നെത്താറുള്ള ധർമ്മസഹായങ്ങൾ അതാതുകാലങ്ങളിൽത്തന്നെ ഓരോ ധർമ്മസ്ഥാപനങ്ങൾക്കായി നാം വിനിയോഗിച്ചുപോന്നിരുന്നതിനാൽ ഈ കോളെജിൻെറ സകല ചെലവുകളും സംഭാവനകളായിത്തന്നെ ലഭിക്കേണ്ടിയിരിക്കുന്നു. അതിനാൽ എത്രയും ഉൽക്കണ്ഠയോടെയാണു് നാം ഈ അഭ്യർത്ഥനചെയ്യുന്നതു്.

തിരുസഭയുടെ മഹത്വത്തേയും ക്രിസ്തീ

## വിശുദ്ധ കൊച്ചുത്രേസ്യ



തിരുനാൾ—ഒക്ടോബർ 3-ാംനു

ഛാത്രീമാവേളേസമിതി

# രണ്ടാമത്തെ മഹായുദ്ധം

പ്രിയ കുട്ടികളേ,

നാല്പതു ദിവസമല്ലേ ഈശോ നിരാഹാരവ്രതമനുഷ്ഠിച്ച് പ്രാർത്ഥിച്ചത്. അതുകാരണം അവിടുന്നു വല്ലാതെ ക്ഷീണിച്ചുപോയെന്നു നാം കണ്ടുവല്ലോ. അതുതന്നെ തക്കമെന്നു പിശാച് കരുതി തക്കംനോക്കി ആക്രമിക്കാൻ അവൻ വെളുവിളുമ്പനാണ്. അങ്ങനെയാത്ര അവൻ ഒന്നാമത്തെ മഹായുദ്ധത്തിൽ ജയിച്ചതു്. ആദത്തെയും ഹവ്വായെയും പാറി ച്ച കഥ നിങ്ങൾക്കറിയാമല്ലോ. പഴം തിന്നാൽ ദൈവത്തെപ്പോലെയാകാം. തിന്നാനരുതെന്ന് അവനു് ഒട്ടും നിർബന്ധമില്ല. വേണമെങ്കിൽ—എന്നാൽ ദൈവതുല്യരാകാം. ആ രണ്ടു സാധുക്കളും അവന്റെ കെണിയിൽ അകപ്പെട്ടു. അതിനുശേഷം പലരുമായി പടപൊരുതി കരങ്ങളിൽ കുടുക്കിയിട്ടുണ്ട്. അവരോടൊന്നാം സ്വാതന്ത്ര്യത്തിന്റെ ഒരു ശതമാനംപോലും അവൻ ഉപയോഗിച്ചിട്ടില്ല.

ഇപ്പോൾ അവൻ രണ്ടാമത്തെ മഹായുദ്ധത്തിനു തയ്യാറായി നില്ക്കുകയാണു് രണ്ടാമത്തെ ആദമായ ഈശോയോടു്. അവൻ എന്തു രൂപത്തിലാണു് പ്രത്യക്ഷമായതെന്നറിഞ്ഞുകൂടാ. എങ്കിലും ഒരു കാര്യം തീർച്ച. രണ്ടുകൂട്ടരും അതിശക്തന്മാരായിരുന്നതിനാൽ സമരവും അതിഘോരമായിരുന്നിരിക്കണം.

നരകാധിപൻ വളരെ കൗശലത്തോടെയാണു് മിശിഹായെ പരീക്ഷിച്ചതു്. ഈശോ വിശന്നിരിക്കുന്ന നേരം. വിശപ്പടക്കേണ്ടതു് അത്യാവശ്യം. അതു് ആ വഞ്ചകനു ബോധ്യപ്പെട്ടു. ഈശോയെക്കുറിച്ച് ചില സംശയങ്ങളും അവനു ഇല്ലാതില്ല. ബത്ലഹമിലും യോർദ്ദാനിൽ നദിയിലും വെച്ച് നടന്ന സംഭവങ്ങൾ അവൻ ഓർത്തുകാണും. ഒരുപക്ഷേ, മിശിഹായായിരിക്കും. അങ്ങനെയെങ്കിൽ തന്റെ പ്രതാപമെല്ലാം അസ്തമിക്കും. അതു അവൻ മനസ്സിലാക്കി. ആ വസ്തുത സ്പഷ്ടമായി ഗ്രഹിക്കണം. എന്നിട്ടു വേണം ഭാവിപരിപാടി രൂപപ്പെടുത്തുവാൻ. അതിനു പററിയ വിദ്യ! "നീ ദൈവപുത്രനാണെങ്കിൽ, ഈ കല്ലുകൾ അപ്പമാകാൻ കല്പിക്കുക." എത്ര നല്ല കാര്യ! മരുഭൂമിയിൽവെച്ച് വിശന്നു പൊരിഞ്ഞു് മരിക്കേണ്ട ആവശ്യമില്ല. കല്ലിനെ അപ്പമാക്കാൻ കഴിവുണ്ടു് ദൈവപുത്രനാണെങ്കിൽ. പിശാചിന്റെ സൂത്രം അതിഭയങ്കരംതന്നെ.

എന്നാൽ കല്ല് അപ്പമാക്കിയിട്ടുവേണ്ട ഈശോയ്ക്കു് വിശപ്പടക്കാൻ. ഒന്നുകിൽ മലയിറങ്ങി നാട്ടിൽ പോയി ഭക്ഷണംകഴിക്കാം. അല്ലെങ്കിൽ ദൈവംതന്നെ അതിനു പ്രതിവിധിയുണ്ടാക്കും. പരിശുദ്ധാത്മപിയാണു് ഈശോയെ വിജനപ്രദേശത്തേക്കു നയിച്ചതെന്നു് സുവിശേഷകന്മാർ പറയുന്നു. ഇങ്ങനെയിരിക്കെ പിശാചിന്റെ ഉപദേശം കേട്ടു് അത്ഭുതം പ്രവർത്തിക്കുന്നതു് ശരിയല്ല. നിസ്സാരമായ ഒരു കാര്യത്തിനുവേണ്ടി, അതും സ്വന്തം സൗകര്യത്തിനുവേണ്ടി സ്വശക്തി പ്രകാശിപ്പിക്കാൻ ഈശോ തയ്യാറായില്ല. പരിപൂർണ്ണമായി ദൈവപരിപാലനയിൽ അവിടുന്നു വിശ്വസിച്ചു: "അപ്പംകൊണ്ടു മാത്രമല്ല മനുഷ്യൻ ജീവിക്കുന്നതു്. പിന്നെയോ ദൈവവദനത്തിൽനിന്നു വരുന്ന ഓരോ വചനംകൊണ്ടുമാണു്." പിശാചു് ഒന്നു ഞെട്ടി ഈ മറുപടി കേട്ടു്.

ഈ മറുപടി നല്ലൊരടിയായിരുന്നു ആ വികടബുദ്ധിക്കു്. അവന്റെ ആഗ്രഹം ശിഥിലമായി. ഒന്നാമത്തെ സമരം മുഴുവൻ അവനു നഷ്ടപ്പെട്ടു.

സ്രഷ്ടാവാകുന്ന സമത്വം മോഹിച്ച് വിലക്കപ്പെട്ട കനി അത്യാർത്തിയോടെ ആദം തിന്നു. എന്നാൽ സ്രഷ്ടാവിന്റെ പ്രീതി മോഹിച്ച് കല്ലിൽനിന്നുള്ള അപ്പത്തെ പൂർണ്ണമനസ്സോടെ ഈശോ വെറുത്തുപേക്ഷിച്ചു. അത്യാർത്തികൊണ്ടു് ആദവും അതുവഴി മാനവവംശം മുഴുവനും പിശാചിനു അടിമയായി. ആത്മനിരാഹിത്യം പ്രദർശിപ്പിച്ച് ഈശോ അവനെ അമർച്ചചെയ്തു.

ഉദരംനിമിത്തം ഇന്നും ലോകം പീഡിപ്പിക്കപ്പെടുകയാണു്. നിങ്ങളതു കാണുന്നില്ലേ? കേൾക്കുന്നില്ലേ? അറിയുന്നില്ലേ? റേഷൻകാലം! ഭക്ഷണസാധനങ്ങൾ വേണ്ടത്ര ഇല്ല. എത്ര നാളത്തേക്കു നാമിങ്ങനെ വിഷമിക്കണം? നമ്മുടെ മന്ത്രിമാർക്കും കൃഷിവകുപ്പുകാർക്കും ഉത്തരമില്ല. ഈ ദുർഘടസന്ധിയെ പിശാചു് വേണ്ടപോലെ ഉപയോഗപ്പെടുത്തുന്നുണ്ടു്. ഈശോയോടു് തോററതിന്റെ പകവീട്ടാൻ പററിയ അവസരം. ഭക്ഷണത്തെപ്രതി, ദാരിദ്ര്യത്തെച്ചൊല്ലി; എന്തെല്ലാം വിപ്ലവങ്ങൾ ഏജൻറന്മാർമുഖേന അവൻ നാട്ടിൽ നടത്തുന്നു! ഭക്ഷ്യക്ഷാമത്തെ പരിഹരിക്കാൻ സാധനങ്ങൾ ധാരാളം ഉണ്ടാക്കുന്നതിനുപകരം ഉള്ളതിനെ നശിപ്പിക്കുകയോ ഉണ്ടാക്കുന്നതിനെ തടസ്സപ്പെടുത്തുകയോ ചെയ്യുന്നു. ഹാ! കഷ്ടം.

ഭോജനപ്രിയംകാരണം വന്ന ശിക്ഷയാണു് പഞ്ഞം. തർക്കമില്ല. തിന്നാൻ ധാരാളമുണ്ടായപ്പോൾ തിന്നുകുടിച്ച് മതിമറന്നു അങ്ങനെ ജീവിച്ചു. അതിന്റെ ശിക്ഷ, ഇന്നു തിന്നാനില്ല. നിർബന്ധിതമായ ഉപവാസം! "ഒരുനേരം നോക്കാൻ" ഇന്നു മന്ത്രിമാരും പ്രസംഗിക്കുന്നു!!

ചിലർക്കു് ഇന്നും പട്ടിണിയില്ല; ശരിതന്നെ. അവരങ്ങനെ സുഖിച്ച് ഉറങ്ങുകയാണു്. അവരുടെ ദിവസം അവർക്കും വരും. അവരതു ഓർക്കുന്നില്ല. എല്ലാവരും പട്ടിണിക്കാരായാൽ പട്ടിണിയുടെ കാഠിന്യം കുറഞ്ഞേക്കാം. അതുകൊണ്ടുകൂടെ ആയിരിക്കാം ഇപ്പോൾ ദൈവം അവരെ വെറുതെവിട്ടിരിക്കുന്നതു്.

ഈ ശിക്ഷ ഒന്നു നീങ്ങിക്കിട്ടാൻ നിങ്ങളാൽ ആവുന്നതു് ചെയ്യണം. അപ്പംകൊണ്ടു മാത്രമല്ല മനുഷ്യൻ ജീവിക്കുന്നതു്. അപ്പത്തിനായിട്ടുമല്ല. അതിനാൽ തിന്നുന്നതിലും കുടിക്കുന്നതിലും ചില ചിട്ടകൾ നമുക്കു് വേണം. ആർത്തിപിടിച്ച് ഒന്നും തിന്നരുതു്. ഒരിക്കലും പലഹാരങ്ങളോ, കുട്ടാനോ, മററു തീററിസാധനങ്ങളോ കട്ടുതിന്നരുതു്. തന്നതുതന്നെ മിതമായി, ഈശോയെ ഓർത്തുകൊണ്ടു് ഭക്ഷിക്കുക. ഭക്ഷ്യസാധനങ്ങൾക്കു് അരുചിതോന്നിയാൽ പിറുപിറുക്കരുതു്. അമ്മയോടും മററും ശണ്ഠകൂടുകയുമരുതു്. ത്യാഗപൂർവ്വം അവ ഉപയോഗിക്കണം. മററുള്ളവർ ഭോജനപ്രിയത്താലും മദ്യപാനത്താലും ഈശോയെ ഉപദ്രവിക്കുന്നില്ലേ? അതിനു പരിഹാരമായി ഈ ചെറുത്യാഗങ്ങൾ നിങ്ങൾ ചെയ്യുമെന്നു് എനിക്കുറപ്പുണ്ടു്. "അപ്പംകൊണ്ടുമാത്രമല്ല മനുഷ്യൻ ജീവിക്കുന്നതു്." ഇതെല്ലാം സ്സ്ലോഴും ഓർത്തുകൊള്ളുക.

* * *

"ഈശോ നാല്പതുദിവസം ഉപവസിച്ചതിന്റെ കാരണം കണ്ടുപിടിച്ചോ, സെയ്ൺ!"

"മൂശ നാല്പതുദിവസം ഉപവസിച്ചു. അതിനെ അനുകരിച്ചു്."

"കൊള്ളാം. പിന്നെ, ജെയിംസ്!"

"ഇസ്രായേൽജനങ്ങൾ നാല്പതുകൊല്ലം മരുഭൂമിയിൽ കറങ്ങി. അതുകൊണ്ടു്."

"കൊള്ളാം. പിന്നെ, റോസലിൻ!"

"പറയൂ......ഒരു കുട്ടിക്കു് അറിയാൻ പാടില്ലെന്നു കരുതി മററുള്ളവർ ചിരിക്കുന്നതു് ഭംഗിയല്ല... ഇനി വല്ലതും അറിയാവുന്നവർ കൈ പൊക്കൂ... ആരുമില്ല... ഏലിയാസ് ദീർഘദർശി നാല്പതു ദിവസം ഉപവസിച്ചിട്ടുണ്ടു്... ദിവ്യരക്ഷകനെ ലോകം നാല്പതു നൂററാണ്ടു് പ്രതീക്ഷിച്ചിരുന്നു. നിനിവേക്കാർ യോനാസ് ദീർഘദർശിയുടെ പ്രസംഗംകേട്ടു് നാല്പതുദിവസം തപസ്സുചെയ്തു. ഈശോ ഉയിർത്തിട്ടു് നാല്പതു ദിവസം അപ്പസ്തോലന്മാരെ പഠിപ്പിച്ചതിനുശേഷമാണു് സ്വർഗ്ഗാരോഹണംചെയ്തതു്. ഒരു പക്ഷേ, ഉയിർപ്പിനെയും സ്വർഗ്ഗാരോഹണത്തെയും സൂചിപ്പിക്കാനായിരിക്കാം നാല്പതുദിവസം അവിടുന്നു് ഉപവസിച്ചതു്. അതിന്റെ മുന്നറിയിപ്പുകൾ മററുള്ള സംഭവങ്ങൾ."

ഗൃഹപാഠം

അടുത്ത ദിവസത്തേക്കു്— ഈശോയെ രണ്ടാമത്തെ ആദം എന്നു വിളിക്കുന്നതെന്തുകൊണ്ടു്?

എന്നു്, സ്വന്തം കൊച്ചച്ചൻ.

---

യവിദ്യാഭ്യാസത്തിന്റെ പുരോഗമനത്തെയും താല്പര്യപ്പെടുന്നവരാരും നമ്മുടെ അഭ്യർത്ഥനയെ ഉപേക്ഷിക്കുകയില്ലെന്നാണു് നമ്മുടെ വിശ്വാസം. മിശിഹായെ ഉപേക്ഷിക്കുന്നതിനെക്കാൾ കൂടുതൽ അപകടം ലോകത്തിനു് എവിടെനിന്നാണു് ഉണ്ടാകാൻ പോകുന്നതെന്നു് വിശുദ്ധ ഹിലാരിയോസ് ചോദിക്കുന്നു. ഉയർന്ന വിദ്യാഭ്യാസത്തെ അന്വേഷിച്ചുപോകുന്ന യുവാക്കൾക്കു് നാം രക്ഷാമാർഗ്ഗമായ വിദ്യാഭ്യാസത്തിനു് സൗകര്യം നൽകാതിരിക്കുന്നപക്ഷം, അവർ മററു സ്ഥാപനങ്ങളെ ആശ്രയിക്കും. അവിടെ അവരുടെ വിശ്വാസത്തിനു്, തന്മൂലം നിത്യരക്ഷയ്ക്കു് അപകടമില്ലെന്നു് ഇന്നത്തെ സാഹചര്യങ്ങളിൽ നിങ്ങളാരെങ്കിലും അഭിപ്രായപ്പെടുമോ? ഈശ്ലോകജീവിതമാകുന്ന മഹാസമുദ്രത്തിൽ നീന്തിത്തുടിക്കുന്ന കത്തോലിക്കാജനത തിരുസഭയാകുന്ന ഉറച്ച പാറയിൽ പിടിച്ചാണു് രക്ഷപെടുന്നതു്. അവരുടെ സ്വർഗ്ഗീയ യാത്രയിൽ രൂപവൽക്കരിക്കുന്നതു് അവരുടെ ജീവിതത്തിൽ ഏകാവലംബം മിശിഹായുമാണു്. അതിനാൽ ഓരോ കത്തോലിക്കാ വിദ്യാലയവും നമ്മുടെ രക്ഷാസങ്കേതങ്ങളായി നാം പരിഗണിച്ചു പ്രോത്സാഹിപ്പിക്കേണ്ടതത്രെ.

അതിനാൽ ബ. സഹോദരരേ, പ്രിയമക്കളേ, നാം സമാരംഭിച്ചിരിക്കുന്ന ഈ പ്രസ്ഥാനത്തെ ഉള്ളഴിഞ്ഞു സഹായിക്കണമെന്നു് ഒന്നുകൂടി അഭ്യർത്ഥിക്കുന്നു. നിങ്ങളെ ഓരോരുത്തരേയും കണ്ടു നിങ്ങളോടു് ഈ വിഷയത്തെപ്പററി സംസാരിക്കണമെന്നു് നമുക്കു് ആഗ്രഹമുണ്ടു്. അതിനു് ഇന്നു് നമുക്കു സാധ്യമല്ല. അതിനാൽ ഈ അഭ്യർത്ഥനയെ അർഹിക്കുന്ന ഗൗരവത്തോടെ സ്വീകരിച്ചു നമ്മുടെ "നിർമ്മല കോളെജിനു" നിങ്ങൾ പാടുള്ളവിധം സഹായിക്കുവിൻ.

ഇന്നത്തെ ദുഃഖഭൂയിഷ്ഠമായ സ്ഥിതിഗതികൾ ഭേദപ്പെടുത്തുന്നതിനു് പരിശുദ്ധകന്യകാമറിയത്തിന്റെ മാദ്ധ്യസ്ഥം ലഭിക്കുവാൻ ഒക്ടോബർ മാസവണക്കം കൂടുതൽ ഭക്തിയോടുകൂടി അനുഷ്ഠിക്കണമെന്നു് സെപ്റ്റംബർ 15-ാം-നു-യിലെ ഒരു ചാക്രികലേഖനത്തിൽ ഭാഗ്യമോടെ നമ്മെ ഭരിക്കുന്ന പന്ത്രണ്ടാംപീയൂസ് മാർപ്പാപ്പാ ആവശ്യപ്പെട്ടിരിക്കുന്നു. കൊന്തനമസ്കാരത്തിന്റെ പ്രാധാന്യത്തെ ഊന്നിപ്പറഞ്ഞുകൊണ്ടു് തിരുമേനി ഇങ്ങനെ തുടരുന്നു: "ലോകത്തിന്റെ ദുരവസ്ഥ ഇന്നു എത്രകണ്ടു കഠിനമാണോ അത്രകണ്ടു കൂടുതൽ ഭക്തിയോടുകൂടെ ഇക്കൊല്ലം കൊന്തനമസ്കാരം നടത്തണമെന്നു് നാം ആഗ്രഹിക്കുന്നു." പരിശുദ്ധ പിതാവിന്റെ ഈ ഉൽബോധനമനുസരിച്ച കൊന്തനമസ്കാരം ക്രമമായും ദിവസേനയും ഭക്തിയോടുകൂടെ നിങ്ങൾ നടത്തുവിൻ. കോളെജുപ്രസ്ഥാനത്തിന്റെ വിജയത്തിനായിക്കൂടി ഒക്ടോബർമാസത്തിലെ പ്രത്യേക പ്രാർത്ഥനകൾ നിങ്ങൾ കാഴ്ചവയ്ക്കുവിൻ.

ദൈവത്തിന്റെ കൂടുതൽ മഹത്വത്തെ മാത്രം ലാക്കാക്കിയുള്ള നമ്മുടെ പ്രസ്ഥാനത്തെ അനുഗ്രഹിക്കുവാൻ നമ്മുടെ അമ്മയുടെ നിർമ്മലഹൃദയത്തോടും തിരുസഭയുടെ സംരക്ഷകനായ വിശുദ്ധ യൗസേപ്പിനോടും പ്രാർത്ഥിക്കുന്നു.

---


**D. B. Charities Fund.**

**Rs. 100,000 in Prizes**

**First Prize Rs. 40,000**

A lottery is being run by the Salesian Fathers of St. John Bosco in Calcutta for the sake of providing bread and clothing to hundreds of boys to whom they impart a sound technical and social education in their institutions in India. We solicit the co-operation of all good people. It is a work which will no doubt draw God's blessings upon those who so help. Over one lakh of Rupees is distributed in prizes every time, and in addition a large commission is given to collectors. Each ticket costs Rs. 2/-. (Rupees two only). The drawing date of the event in course is on 20—12—51. All correspondence is to be done in English and addressed to:-

*The Honorary Secretary,*
D. B. Charities Fund,
15 Portuguese Church Street,
Calcutta 1. (Bengal).



സ്വർണ്ണപണയം

കുറഞ്ഞപലിശ. കൂടുതൽ തിരക്ക

**ബാങ്ക് ഓഫ്**
**കൊച്ചിൻ ലിമിറ്റഡ്**

എറണാകുളം

മട്ടാഞ്ചേരി, ചാലക്കുടി, തൃശ്ശൂർ, വില്ലിങ്ങ്ടൺ ഐലൻറ്



**St. Joseph's Art Studio**

ഓർഫനേജ്, തോപ്പ്, തൃശ്ശൂർ



ഈ സ്ഥാപനത്തിൽ മരം, മണ്ണ്, പ്ലാസ്റ്റർ, സിമൻറ്, ഇവകൾകൊണ്ടു എല്ലാവിധത്തിലുള്ള തിരുസ്വരൂപങ്ങളും സിമൻറ് (ചിപ്സ് വർക്ക്)മരം ഇവകൾകൊണ്ടു അൾത്താര, സക്രാരി, സിംഹാസനം എന്നിവകളും വിയാസംക്രൂസെറവും ഇവിടെ ചെയ്തുകൊടുക്കുന്നുണ്ടു്.

പ്രൊപ്രൈറ്റർ & മാനേജർ

Artist T. P. Joseph


## കൃതജ്ഞത



ബ. അൽഫോൻസാമ്മയുടെ മനോഗുണത്താൽ ലഭിച്ചുകൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾക്കും, ഉദ്ദിഷ്ടകാര്യം സാധിച്ചുകിട്ടുന്നതിനും കൃതജ്ഞത.

സി. ജെ. ജോസഫ്, വായ്പൂരു്

## തിരുത്ത്

കഴിഞ്ഞലക്കം 11-ാം പേജിൽ കൊടുത്തിരുന്ന "പുനഃസംസ്കരണം" എന്ന വാർത്തയിലെ "നമ്മുടെ പിതാക്കന്മാരുടെ വിശ്വാസം" എന്ന പ്രസിദ്ധഗ്രന്ഥത്തിന്റെ കർത്താവായ ഫാദർ ഫേബർ" എന്ന ഭാഗത്തിൽ "പ്രസിദ്ധഗ്രന്ഥത്തിന്റെ" എന്നതിനുപകരം "പ്രസിദ്ധഗ്രന്ഥത്തിന്റെ" എന്നു തിരുത്തിവായിക്കണം. ഈ പേരിലുള്ള പ്രസിദ്ധഗ്രന്ഥത്തിന്റെ കർത്താവു് കാർഡിനൽ ഗിബൺസ് ആണു്.

സംഭവകഥ

# ഓസാനാമിൻ്റെ സംശയങ്ങൾ മാറിയതെങ്ങനെ?

(കര്യാക്കോസ് പുത്തൻപുരയ്ക്കൽ)

സെൻ്റ് വിൻസെൻ്റ് ഡി പോൾ സംഘത്തിൻ്റെ സ്ഥാപകനായ ഫ്രെഡറിക്ക് ഓസാനാമിനോട്ട് ആധുനികലോകം, പ്രത്യേകിച്ച് ദരിദ്രലോകം, വളരെയധികം കടപ്പെട്ടിരിക്കുന്നു. ഏററം കർമ്മക്ഷമവും ഫലപ്രദവുമായ സമുദായസേവനത്തിന് മാർഗ്ഗനിർദ്ദേശവും നേതൃത്വവും നല്കിയ ആ മഹാരഥൻ അത്മായപ്രേഷിതരുടെ ആദർശപുരുഷനായി പരിലസിക്കുന്നു. വിശ്വാസദാർഢ്യവും സേവനസന്നദ്ധതയുമുള്ള പ്രേഷിതവീരനായിത്തീരുന്നതിനുമുമ്പ് ഓസാനാമിന് ആപൽക്കരങ്ങളായ പരീക്ഷണഘട്ടങ്ങൾ തരണംചെയ്യേണ്ടിവന്നിട്ടുണ്ട്. വിശ്വാസസംബന്ധമായ പ്രലോഭനങ്ങളാണ് അദ്ദേഹത്തെ പ്രധാനമായി അലട്ടിയതു്.

താദൃശമായ ആ ഘട്ടത്തെ ഓസാനാം വിവരിക്കുന്നതേതാണ്ടിപ്രകാരമാണ്: “സത്യവിശ്വാസത്തിൽ ജനിക്കുന്നതിനുള്ള അനുഗ്രഹം ദൈവം എനിക്കു നല്കി. അനന്തരകാലത്തു് വിശ്വാസവിഹീനമായ ഒരു ലോകത്തിൻ്റെ ക്രമരാഹിത്യം എന്നെ വലയംചെയ്തു. മനുഷ്യാത്മാവിനെ പീഡിപ്പിക്കാനുള്ള സംശയങ്ങളുടെ സകല ഭീകരതകളും ഞാൻ അനുഭവിച്ചറിഞ്ഞു. ആ സന്ദർഭത്തിലാണ്, ഒരു തികഞ്ഞ തത്വശാസ്ത്രജ്ഞൻകൂടിയായിരുന്ന ആബേ നോയ്റോ (Abe Noirot) എന്ന വൈദികൻ്റെ ഉപദേശങ്ങൾ എന്നെ നാശക്കുപത്തിൽനിന്നു രക്ഷിച്ചതു്. അന്നുമുതൽ സംശയാസ്പൃഷ്ടമായ വിശ്വാസമാണെനിക്കുണ്ടായിരുന്നതു്. ദുർലഭമായ ഈ ദൈവാനുഗ്രഹത്താൽ പ്രചോദിതനായി, എനിക്കു മനസ്സമാധാനം പ്രദാനംചെയ്ത സത്യത്തെ സേവിക്കുന്നതിനായി എൻ്റെ ജീവിതം അർപ്പിച്ചുകൊള്ളാമെന്നു ഞാൻ ദൈവത്തോടു വാഗ്ദാനംചെയ്തു.”

ആദർശയോഗ്യമായ ഒരു കത്തോലിക്കാകുടുംബത്തിൽ, ഭക്തിനിർഭരങ്ങളായ സാഹചര്യങ്ങളിൽ വളർന്ന ഓസാനാമിനുപോലും ഇത്തരം ദുർഘടഘട്ടങ്ങളെ അഭിമുഖീകരിക്കാനിടയായെങ്കിൽ ഇന്നത്തെ ആപൽപൂർണ്ണമായ അന്തരീക്ഷത്തിൽ ജീവിക്കുന്നവർക്ക് എന്തെല്ലാം പ്രലോഭനങ്ങളായിരിക്കും അനുഭവപ്പെടുക. യഥാർത്ഥകത്തോലിക്കാപരിശീലനം ലഭിക്കാതെ വരുന്നവരും സംശയങ്ങൾക്കു തക്ക സമാധാനം യഥാകാലം സിദ്ധിക്കാതെ വരുന്നവരുമായ എത്ര യുവജനങ്ങൾ വഴിതെററിപ്പോകുന്നില്ല; കർമ്മകുശലരും, ത്യാഗശീലരും, കലാസമ്പന്നരുമായ എത്ര ധിഷണാശാലികളുടെ അനർഘസേവനങ്ങൾ കത്തോലിക്കാസഭയ്ക്കും സമുദായത്തിനും നഷ്ടപ്പെടുന്നില്ല!

ഓസാനാമിൻ്റെ സംശയങ്ങളെ നിവാരണംചെയ്തു് അദ്ദേഹത്തിൻ്റെ വിശ്വാസത്തെ ദൃഢതരമാക്കിയ ഒരു സംഭവംകൂടി ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. സംശയാധീനനായി, സമാധാനരഹിതനായി അദ്ദേഹം പാരിസിലുള്ള ഒരു ദൈവാലയത്തിൽ പ്രവേശിച്ചു. വിജനമായിരുന്ന ആ പള്ളിയുടെ ഒരു മൂലയിൽ ഒരു വന്ദ്യവയോധികൻ ഭക്തിപൂർവ്വം മുട്ടിന്മേൽനിന്നു് ജപമാലചൊല്ലുന്നതു് അദ്ദേഹം കണ്ടു. ജിജ്ഞാസയാൽ പ്രേരിതനായി നമ്മുടെ യുവാവു് ആ വൃദ്ധനറിയാതെ അദ്ദേഹത്തിൻ്റെ പിന്നിൽ സ്ഥലംപിടിച്ചു. വൈദ്യുതശക്തി, കാന്തശക്തി മുതലായവസംബന്ധിച്ചുള്ള നവീനവിജ്ഞാനങ്ങൾ ലോകത്തിനു പ്രദാനംചെയ്ത സുപ്രസിദ്ധ ശാസ്ത്രജ്ഞനായ ആമ്പയർ (Amp re) അല്ലാതെ മററാരുമായിരുന്നില്ല ആ ഭക്തശിരോമണി. ഈ കാഴ്ച ഓസാനാമിൻ്റെ ഹൃദയത്തിൽ ഒരു സമൂലപരിവർത്തനം വരുത്തി. ഒരു നിമിഷംകൊണ്ടു് അദ്ദേഹത്തിൻ്റെ ഹൃദയത്തിലെ കൊടുങ്കാററു ശമിച്ചു; സംശയങ്ങൾ അപ്രത്യക്ഷമായി. ശാസ്ത്രലോകത്തിൻ്റെ അഭിമാനഭാജനമായ ആ മഹാപണ്ഡിതൻ്റെ പിറകിൽ അദ്ദേഹം മുട്ടിന്മേൽ നിന്നു; അദ്ദേഹത്തിൻ്റെ ഹൃദയാന്തർഭാഗത്തുനിന്നു തീക്ഷ്ണമായ പ്രാർത്ഥനകൾ ഉയർന്നു; നയനങ്ങൾ അശ്രുപൂർണ്ണങ്ങളായി; അദ്ദേഹത്തിൻ്റെ വിശ്വാസം സകല സംശയങ്ങളുടേയുംമേൽ പരിപൂർണ്ണവിജയം കൈവരിച്ചു. “ആമ്പയറിൻ്റെ ജപമാല, സകല ഗ്രന്ഥങ്ങളും പ്രസംഗങ്ങളും ഒന്നുചേർന്നു ചെയ്തതിനെക്കാൾ കൂടുതൽ നന്മ എനിക്കു ചെയ്തു” എന്നു് അനന്തരകാലങ്ങളിൽ ഓസാനാം പലപ്പോഴും പറഞ്ഞിരുന്നു. ദൃഷ്ടാന്തം, പ്രത്യേകിച്ച് പണ്ഡിതന്മാരുടേയും സമുദായമദ്ധ്യത്തിൽ ബഹുമാനവും പ്രശസ്തിയും ആർജ്ജിക്കുവാൻ സാധിച്ചിട്ടുള്ളവരുടേയും ദൃഷ്ടാന്തം, എത്ര അത്ഭുതശക്തിയുള്ളതാണെന്നു നോക്കുക! കത്തോലിക്കാ നേതാക്കന്മാരും പണ്ഡിതന്മാരും സ്വജീവിതദൃഷ്ടാന്തത്താൽ ഈ വിധം പ്രവർത്തിക്കുന്നെങ്കിൽ അതെത്ര മഹനീയമായ കത്തോലിക്കാപ്രവർത്തനമായിരിക്കും! അതാണിന്നത്തെ ആവശ്യം.

---

വേദശാസ്ത്രപംക്തി

# അന്ത്യലേപനം

## ക്രിസ്തുവിനാൽ സ്ഥാപിതമാണ്

അന്ത്യലേപനത്തിൽ ദൃശ്യമായ ഒരടയാളമുണ്ടെന്നും ഈ കർമ്മം വരപ്രസാദദായകമാണെന്നും കഴിഞ്ഞ ലേഖനത്തിൽ വ്യക്തമാക്കിയിരുന്നു. ഇതു ഈശോമിശിഹായാൽ സ്ഥാപിതമാണെന്നുകൂടി സമർത്ഥിച്ചെങ്കിൽമാത്രമേ ഇതൊരു കൂദാശയാണെന്നു് തെളിയുകയുള്ളു.

16-ാം നൂററാണ്ടിൽ നവീകരണപ്രസ്ഥാനക്കാർ രംഗപ്രവേശം ചെയ്തുവരെ ഈ കൂദാശയുടെ ദിവ്യോത്ഭവത്തെപ്പററി ആരും സംശയം ഉന്നയിച്ചിരുന്നില്ല. അവരുടെ ഒരു പ്രധാന സിദ്ധാന്തം രക്ഷപ്രാപിക്കുന്നതിനു് വിശ്വാസം മാത്രം മതിയെന്നായിരുന്നു. അതിൻ കടകവിരുദ്ധമാണ് വി. യാക്കോബിൻ്റെ ലേഖനത്തിലെ “സൽപ്രവൃത്തികൾ കൂടാതെയുള്ള വിശ്വാസം നിർജ്ജീവമാണ്” (II, 26) എന്ന സുവ്യക്തമായ പ്രസ്താവം. തൽക്കാരണത്താൽ പ്രസ്തുത ലേഖനം മുഴുവനും അവർ തിരസ്കരിച്ചു. അങ്ങനെ അന്ത്യലേപനത്തെപ്പററിയുള്ള വി. ശ്ലീഹായുടെ സുപ്രസിദ്ധമായ വാക്യത്തിനും അവരുടെ ദൃഷ്ടിയിൽ വിലയില്ലാതായി. മുൻലേഖനങ്ങളിൽ ഉദ്ധരിച്ചിരുന്ന പ്രസ്തുതവാക്യം ഇതാണ്: “നിങ്ങളിൽ ആരെങ്കിലും രോഗിയായിരിക്കുന്നെങ്കിൽ, സഭയിലെ മൂപ്പന്മാരെ വിളിക്കട്ടെ. അവർ അവനുവേണ്ടി പ്രാർത്ഥിക്കുകയും, നമ്മുടെ കർത്താവിൻ്റെ നാമത്തിൽ തൈലംകൊണ്ടു് അവനെ പൂശുകയുംചെയ്യട്ടെ അപ്പോൾ വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ആ രോഗിയെ സുഖപ്പെടുത്തും... അവൻ പാപങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ അവ അവനോടു് ക്ഷമിക്കപ്പെടുകയും ചെയ്യും.” (യാക്കോ. V, 14-15) തിരുസ്സഭ കാനോനികമായി അംഗീകരിച്ചിരുന്ന വേദപുസ്തകത്തിലെ ഒരു ഭാഗം ദൈവനിവേശിതമല്ലെന്നു പറഞ്ഞു തിരസ്കരിക്കുവാൻ അവർക്ക് അവകാശവും അധികാരവുമില്ലായിരുന്നെന്നു് പ്രത്യേകം പറയേണ്ടതില്ലല്ലോ. എന്നാൽ ഒരു സംഗതി നമ്മുടെ പ്രത്യേകശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ടതാണ്. അതായതു്, നവീകരണനേതാക്കൾ വി. യാക്കോബിൻ്റെ ലേഖനം തിരസ്കരിച്ചതിനെത്തുടർന്നാണ് അന്ത്യലേപനം ക്രിസ്തുവിനാൽ സ്ഥാപിതമായ ഒരു കൂദാശയല്ലെന്ന വാദം അവർ പുറപ്പെടുവിച്ചതു്. അതിൻ്റെ അർത്ഥം ഈ കൂദാശയുടെ ദിവ്യോത്ഭവം സമർത്ഥിക്കുന്നതിനു് മതിയാകുന്ന ഒരു രേഖയാണ് വി. യാക്കോബിൻ്റെ ലേഖനത്തിലുള്ളതെന്നു് അവർക്കു ബോധ്യമുണ്ടായിരുന്നുവെന്നത്രേ.

കർത്താവിൻ്റെ നാമത്തിലുള്ള തൈലാഭിഷേകവും പ്രാർത്ഥനയും രോഗിക്കു പാപമോചനവും ആത്മീയാരോഗ്യവും, ആത്മരക്ഷയ്ക്കു് ഉപകരിക്കുന്ന സാഹചര്യങ്ങളിൽ ശാരീരികാരോഗ്യംകൂടിയും, പ്രദാനംചെയ്യുമെന്നാണ് ഉദ്ധൃതവാക്യത്തിൻ്റെ സാരം എന്നു നേരത്തെ പ്രസ്താവിച്ചിരുന്നു. മേൽപ്പറഞ്ഞ കർമ്മത്തിന് ഈദൃശഫലം പുറപ്പെടുവിക്കാനുള്ള ശക്തി നൈസർഗ്ഗികമായി ഉള്ളതല്ലല്ലോ. ദൈവത്തിനുമാത്രമേ അപ്രകാരം വരപ്രസാദം ഉല്പാദിപ്പിക്കാനുള്ള ശക്തി ഒരു ബാഹ്യചിഹ്നത്തിനു് (സൂചനാകർമ്മത്തിനു്) പ്രദാനംചെയ്യാൻ സാധിക്കയുള്ളു. പുതിയ നിയമത്തിൻ്റെ വിധാതാവും, വരപ്രസാദത്തിൻ്റെ സമ്പാദകനും, “ദൈവത്തിനും മനുഷ്യനും ഇടയ്ക്കുള്ള ഏകമദ്ധ്യസ്ഥനും” രക്ഷാമാർഗ്ഗമായ സഭയുടെ സ്ഥാപകനും സാക്ഷാൽ ദൈവപുത്രനായ ക്രിസ്തുവാണ്. ആകയാൽ അവിടുന്നായിരിക്കണം, മററു കൂദാശകളുടെ കാര്യത്തിലെന്നപോലെ അന്ത്യലേപനത്തിൻ്റെ കാര്യത്തിലും, ദൃശ്യചിഹ്നത്തിനു് അദൃശ്യമായ വരപ്രസാദം നല്കുവാനുള്ള ശക്തി പ്രദാനം ചെയ്തിരിക്കുന്നതു്. ഒരു ദൃശ്യചിഹ്നവുമായി അപ്രകാരം വരപ്രസാദത്തെ ഘടിപ്പിക്കാനുള്ള, വേറെ വാക്കുകളിൽ പറഞ്ഞാൽ കൂദാശകൾ സ്ഥാപിക്കാനുള്ള കഴിവു് ശ്ലീഹന്മാർക്കില്ലായിരുന്നുവെന്നതു് നിർവ്വിവാദമത്രെ. വി. പൗലോസ് എഴുതിയിരിക്കുന്നതു് ശ്രവിച്ചാലും: “ഞങ്ങൾ മിശിഹായുടെ ശുശ്രൂഷകരും ദൈവരഹസ്യങ്ങളുടെ വീട്ടുകാര്യസ്ഥന്മാരുമായി (Steward) നിങ്ങളാൽ കരുതപ്പെടണം.” (I കൊറി. IV, 1). “നിങ്ങൾ ആർമൂലം വിശ്വസിച്ചുവോ ആ ശുശ്രൂഷകരല്ലാതെ പൗലോസ് ആരാകുന്നു? അല്ലെങ്കിൽ അപ്പോളോ ആരാകുന്നു? ഓരോരുത്തനും കർത്താവു് നല്കിയതുപോലെമാത്രം.” (I കൊറി. III, 5; See also II കൊറി VI, 4). മിശിഹാ സ്ഥാപിച്ച കൂദാശകളെ അവിടുത്തെ നിർദ്ദേശമനുസരിച്ച് കൈകാര്യം ചെയ്യാനല്ലാതെ, കൂദാശകൾ സ്ഥാപിക്കാൻ ശ്ലീഹന്മാർക്ക് അധികാരമില്ലായിരുന്നുവെന്നു് വി. പൗലോസിൻ്റെ വാക്കുകളിൽനിന്നനുമാനിക്കാം.

അന്ത്യലേപനത്തിൻ്റെ കാര്യം പ്രത്യേകം പരിഗണിച്ചാലും, അതു വി. യാക്കോബുശ്ലീഹാ സ്ഥാപിച്ചതല്ലെന്നുള്ളതു തീർച്ചയാണ്. പ്രസ്തുതകർമ്മം അദ്ദേഹം ലേഖനമെഴുതുമ്പോൾ ക്രിസ്ത്യാനികളുടെ ഇടയിൽ പ്രചാരത്തിലിരുന്നുവെന്നു നമ്മുടെ ചർച്ചാവിഷയമായ വാക്യത്തിൽനിന്നുതന്നെ വ്യക്തമത്രെ. ആരെങ്കിലും രോഗിയായി കിടക്കുമ്പോൾ പുരോഹിതരെ വിളിക്കണമെന്നും അദ്ദേഹം ഇന്നവിധം ചെയ്യുമെന്നും വി. ശ്ലീഹാ അനുസ്മരിപ്പിക്കുന്നു. എന്തെല്ലാമാണു ചെയ്യേണ്ടതെന്നു് പുരോഹിതന്മാർക്കു നേരത്തേകൂട്ടി അറിയാമെന്നാണു വാക്യത്തിലെ ധ്വനി. അല്ലെങ്കിൽ എന്തു തൈലമാണു പൂശാനുപയോഗിക്കേണ്ടതെന്നും എങ്ങനെയാണു അതു് പൂശേണ്ടതെന്നും തത്സമയം എന്തു പ്രാർത്ഥനയാണു ചൊല്ലേണ്ടതെന്നും മററും ഈ സന്ദർഭത്തിൽ വിശദമാക്കേണ്ടിയിരുന്നു. അതുപോലെതന്നെ, ക്രിസ്ത്യാനികൾക്കും ഈ കൂദാശയെപ്പററി അറിവുണ്ടായിരുന്നുവെന്നുവേണം വിചാരിക്കാൻ. അല്ലെങ്കിൽ അതു സ്വീകരിക്കാൻ ഒരുങ്ങേണ്ട വിധത്തെപ്പററിയും മററും കൂടുതൽ വിവരങ്ങൾ ലേഖനത്തിൽ നല്കേണ്ടിയിരുന്നു. യഥാർത്ഥത്തിൽ വി. യാക്കോബ് നിലവിലിരുന്ന ഒരു സംഗതിയെ വിശ്വാസികളെ ഓർമ്മപ്പെടുത്തുകമാത്രമാണു ചെയ്യുന്നതു്. ഉദ്ധൃതവാക്യത്തിനുമുമ്പുള്ള വാക്യങ്ങളിലും വി. ശ്ലീഹാ, ദുർവിധിചെയ്യരുതു്, പ്രവാചകന്മാരെ സ്വീകരിക്കണം, സഹനശീലം വേണം, ആണയിടരുതു് ഇത്യാദി ക്രിസ്തീയതത്വങ്ങൾ അനുസ്മരിപ്പിക്കുകയാണു ചെയ്യുന്നതു്. പ്രതിപാദ്യവിഷയമായ വാക്യത്തിനു് അടുത്തു മുമ്പുള്ള വാക്യം പ്രത്യേകം ശ്രദ്ധാർഹമത്രെ: “നിങ്ങളിൽ ആരെങ്കിലും ഞെരുക്കത്തിൽ ഉൾപ്പെട്ടിരിക്കുന്നുവെങ്കിൽ അവൻ പ്രാർത്ഥിക്കട്ടെ; സന്തോഷിക്കുന്നുവെങ്കിൽ അവൻ പാട്ടുപാടട്ടെ” ഇതേത്തുടർന്നാണ്, “രോഗിയായിരിക്കുന്നു എങ്കിൽ സഭയിലെ മൂപ്പന്മാരെ വിളിക്കട്ടെ......” എന്നു പറയുന്നതു്. ആകയാൽ മുകളിൽപറയുന്ന കാര്യങ്ങൾ നവീനമല്ലാത്തതുപോലെ ഈ കാര്യവും നവീനമല്ലെന്നു അനുമാനിക്കാം. ശ്ലീഹന്മാരുടെ പിൻഗാമികളായ മെത്രാന്മാരും തങ്ങളുടെ ഇടയലേഖനങ്ങളിൽ പ്രാർത്ഥിക്കണം. പ്രായശ്ചിത്തമനുഷ്ഠിക്കണം, കൂടെക്കൂടെ കുമ്പസാരിച്ച് വി. കുർബാന സ്വീകരിക്കണം എന്നെല്ലാം ഉൽബോധിപ്പിക്കാറുണ്ടല്ലോ. ഓരോ അവസരംപ്രമാണിച്ച് ആ കാര്യങ്ങൾ വീണ്ടും എടുത്തുപറയുന്നുവെന്നല്ലാതെ അവയെക്കുറിച്ച് വിശ്വാസികൾക്കു നേരത്തേ യാതൊരറിവുമില്ലെന്നു വരികയില്ലല്ലോ. അതുപോലെതന്നെയാണു വി. യാക്കോബ് അന്ത്യലേപനത്തെക്കുറിച്ച് നല്കുന്ന നിർദ്ദേശത്തിൻ്റെ കാര്യത്തിലും.

വി. യാക്കോബ് തൻ്റെ ലേഖനമെഴുതിയപ്പോൾ, അതായതു ക്രിസ്ത്വബ്ദം 60-നോടടുത്തകാലഘട്ടത്തിൽ, അന്ത്യലേപനം പ്രചാരത്തിലായിരുന്നെങ്കിൽ അതു മിശിഹായാൽ തന്നെ ഏർപ്പെടുത്തപ്പെട്ട ഒരു ദിവ്യകർമ്മമായിരിക്കാനേ ഇടയുള്ളു. അതിൻ്റെ ആവിർഭാവത്തിനു മററുവിധത്തിലും ന്യായം കണ്ടുപിടിക്കുക അസാദ്ധ്യമാണ്. ‘നമ്മുടെ കർത്താവിൻ്റെ നാമത്തിൽ തൈലംകൊണ്ടു് അവനെ പൂശുകയും ചെയ്യട്ടെ” എന്ന പ്രസ്താവം ഈ കർമ്മം മിശിഹായാൽതന്നെ ഏർപ്പെടുത്തപ്പെട്ടതാണെന്നു സൂചിപ്പിക്കുന്നുമുണ്ട്. “കർത്താവിൻ്റെ നാമത്തിൽ” എന്ന പ്രയോഗത്തിൻ്റെ അർത്ഥം, കർത്താവിനാൽ ദത്തമായ അധികാരമുപയോഗിച്ച്, എന്നത്രെ. “കർത്താവിൻ്റെ നാമത്തിൽ” ജ്ഞാനസ്നാനം നല്കിയിരുന്നതായി “നടപടി”ഗ്രന്ഥം സാക്ഷിക്കുന്നു (II, 38; VIII, 12, 16; X, 48). യഥാർത്ഥത്തിൽ, “പിതാവിൻ്റേയും പുത്രൻ്റേയും പരിശുദ്ധാത്മാവിൻ്റേയും നാമത്തിൽ....” എന്നാണ് ജ്ഞാനസ്നാനം നല്കുമ്പോൾ കാർമ്മികൻ ചൊല്ലിവന്നതെന്നു “ഡിഡാക്കേ” (12 ശ്ലീഹന്മാരുടെ അദ്ധ്യാപനം) മുതലായ പുരാതനരേഖകളിൽനിന്നു നമുക്കറിയാം: ‘പിതാവിൻ്റേയും പുത്രൻ്റേയും പരിശുദ്ധാത്മാവിൻ്റേയും നാമത്തിൽ” സ്നാനപ്പെടുത്തുവാനാണല്ലോ ക്രിസ്തു ആജ്ഞ നല്കിയതും. പിന്നെ “കർത്താവിൻ്റെ നാമത്തിൽ” സ്നാനപ്പെടുത്തിയെന്നു നടപടിഗ്രന്ഥത്തിൽ പറയുന്നതിൻ്റെ അർത്ഥമെന്തു? “കർത്താവിനാൽ പ്രദാനംചെയ്യപ്പെട്ട അധികാരം ഉപയോഗിച്ച്,” എന്നുമാത്രം; കർത്താവിനാൽ സ്ഥാപിതമായ ഒരു കൂദാശയാണു നല്കപ്പെട്ടതെന്നു സാരം. അന്ത്യലേപനത്തിൻ്റെ കാര്യത്തിലും ‘കർത്താവിൻ്റെ നാമത്തിൽ തൈലം കൊണ്ടു അവനെ പൂശുകയുംചെയ്യട്ടെ” എന്ന പ്രയോഗത്തിൻ്റെ വിവക്ഷയും മറെറാന്നായിരിക്കാൻ നിവൃത്തിയില്ല. ആകയാൽ അന്ത്യലേപനവും മിശിഹായാൽ സ്ഥാപിതമാണെന്നു സിദ്ധിക്കുന്നു. ഉദ്ധൃതവാക്യത്തിനുമുമ്പുള്ള വാക്യങ്ങളിൽ ആണയിടരുതു്, ഞെരുക്കത്തിൽ പ്രാർത്ഥിക്കണം എന്നു തുടങ്ങിയ ദൈവികപ്രബോധനങ്ങളെപ്പററിയാണു പ്രതിപാദിക്കുന്നതു് എന്ന വസ്തുത, അന്ത്യലേപനം നല്കണമെന്ന ഈ വാക്യത്തിലുള്ള പ്രബോധനവും ദൈവികമാണെന്നു അനുമാനിക്കുന്നതിനു ഉപോൽബലകമായ ന്യായമാണെന്നും വേദശാസ്ത്രജ്ഞന്മാർ ചൂണ്ടിക്കാണിക്കുന്നുണ്ടു്.

---

# ആഫ്രിക്കൻസഭ

ആഫ്രിക്കയിൽ കത്തോലിക്കാസഭയ്ക്കു അഭൂതപൂർവ്വമായ ഒരു വളർച്ചയുടെ കാലമാണിപ്പോൾ. ഒരുദാഹരണം പ്രത്യേകം എടുത്തുകാണിപ്പാനുണ്ടു്. വിസ്തൃതമായ നയാസാലാണ്ടിൻ്റെ ദക്ഷിണഭാഗത്തു ഷയർ എന്നൊരുവികാരിയാത്തു സ്ഥിതിചെയ്യുന്നു. മേരിസ്റ്റ്സഭാസന്യാസികളാണ് അവിടെ മിഷൻവേല നടത്തുന്നതു്. നാല്പതുകൊല്ലംമുമ്പു അവിടെ 200 കത്തോലിക്കരേ ഉണ്ടായിരുന്നുള്ളു. ഇപ്പോഴാകട്ടെ അതു രണ്ടരലക്ഷത്തിൽ എത്തിയിരിക്കുന്നു. അതായതു് ആണ്ടൊന്നുക്കു ശരാശരി പതിനയ്യായിരംപേർവീതം മാനസാന്തരപ്പെട്ടിട്ടുണ്ടു്. “ക്രിസ്തുസഭാമകുടം” എന്നാണു 11-ാം പീയൂസ്മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് ഈ മിഷൻരംഗത്തെ അഭിസംബോധനം ചെയ്തിരുന്നതു്. ഏതദ്ദേശീയവൈദികരെ ധാരാളമായി അഭ്യസിപ്പിച്ചിറക്കിവരുന്നു. ഇക്കൊല്ലം 25 പേർ വൈദികപട്ടം സ്വീകരിക്കുന്നതാണ്.

# വിദ്യാഭ്യാസപ്രശ്നങ്ങൾ— അനന്തരകരണീയമെന്ത്?

## VII

## അധ്യാപകചുമതലകൾ

(ഷെവലിയർ ജോസഫ് പെട്ട എം. എ.)

### 3. മതപരമായ മുറകൾ

വിദ്യാലയത്തിലെ മതപഠനപരിപാടിയിൽ കത്തോലിക്കാധ്യാപകന്മാർ വഹിക്കേണ്ട പങ്കിനെപ്പററി ഇതിനകം അല്പം സൂചിപ്പിച്ചുവല്ലൊ. മതാധ്യാപനം ഒരു ചുമതലയെന്നതിനെക്കാൾ ഒരവകാശമായിട്ടാണു് അവർ പരിഗണിക്കേണ്ടതു്. അതു ഒന്നുകൂടി അഭികാമ്യമാക്കുന്നതിലേക്ക തിരുസ്സഭാമാതാവു ദണ്ഡവിമോചനങ്ങൾപോലും കല്പിച്ചു നൽകിയിരിക്കുന്നു. ക്രിസ്തുമതതത്വങ്ങൾ പഠിപ്പിക്കുന്നതിനോ പഠിക്കുന്നതിനോ കാൽമണിക്കൂർ മുതൽ അരമണിക്കൂർവരെ



സമയം ചെലവഴിക്കുന്ന വിശ്വാസികൾക്കു് ഓരോ പ്രാവശ്യവും 100 ദിവസത്തെ ദണ്ഡവിമോചനം ലഭിക്കാവുന്നതാണു്. ഇതുസംബന്ധമായി ലഭിക്കാവുന്ന പൂർണ്ണദണ്ഡവിമോചനങ്ങളുമുണ്ടു്. ഇത്രവിലയേറിയതും അനുഗ്രഹദായകവുമായ ഈ അവകാശം സമർത്ഥമായി കൈകാര്യം ചെയ്യുന്നതിനു കത്തോലിക്കാധ്യാപകന്മാർ തങ്ങളെത്തന്നെ പ്രാപ്തരാക്കേണ്ടതു് അവരുടെ ഒരു പ്രത്യേകകടമയാണു്. അതിലേക്കുള്ള ആദ്യപടി, അധ്യയനത്തിനു നിർദ്ദേശിച്ചിട്ടുള്ള വിഷയങ്ങൾ കൂലങ്കഷമായി അപഗ്രഥനംചെയ്തു വിവേചിച്ചു ഹൃദിസ്ഥമാക്കുക എന്നുള്ളതാണല്ലൊ. പക്ഷേ, അതുകൊണ്ടുമാത്രം മതിയായില്ല. കത്തോലിക്കാസാഹിത്യത്തിൽ ഒരു സാമാന്യവ്യുല്പത്തിയെങ്കിലും കൂടിയേ കഴിയൂ. പ്രത്യേകിച്ചും ഇന്നത്തെ സമുദായവ്യവസ്ഥിതിയേയും ധനോൽപാദനവിതരണങ്ങളേയും സാമുദായികാചാരനടപടികളേയും പരാമർശിക്കുന്ന സാമൂഹ്യപ്രശ്നങ്ങളും അവയെ വിഷലിപ്തവും നാശോന്മുഖവുമാക്കിത്തീർത്തുകൊണ്ടിരിക്കുന്ന ദുഷിച്ച "ഇസങ്ങളും" കത്തോലിക്കാധ്യാപകൻ നന്നായി മനസ്സിലാക്കിയിരിക്കണം. സഭാചരിത്രവും അതോടൊന്നിച്ചു്, ഇന്നു ലോകത്തിൽ നടന്നുകൊണ്ടിരിക്കുന്ന സംരംഭങ്ങളും തന്നിമിത്തം കത്തോലിക്കർ സഹിക്കേണ്ടിവരുന്ന പീഡനങ്ങളും അവക്കുണ്ടായിക്കൊണ്ടിരിക്കുന്ന നേട്ടങ്ങളും കുറെയെല്ലാം അറിഞ്ഞിരിക്കേണ്ടതും ആവശ്യംതന്നെ. കൂടാതെ, ഭൂതാത്മകങ്ങളായ ശാസ്ത്രങ്ങളിൽ അനുദിനമെന്നോണം സംഭവിച്ചുകൊണ്ടിരിക്കുന്ന സാമാന്യപരിവർത്തനങ്ങളും അവയും സനാതനങ്ങളായ മതതത്വങ്ങളും തമ്മിലുള്ള ശരിയായ ബന്ധവും സംക്ഷിപ്തമായിട്ടെങ്കിലും മനസ്സിലാക്കിവയ്ക്കുന്നതും ഉത്തമമായിരിക്കും. ഇവയെല്ലാം അത്ര ഭഗീരഥപ്രയത്നമൊന്നും വേണ്ടിവരികയില്ല. കത്തോലിക്കാപ്രസിദ്ധീകരണങ്ങൾ ഇന്നു നിരവധിയും സുലഭവുമാണു്. അന്യഭാഷകളിൽ ഉള്ളവകൂടാതെ, മലയാളത്തിൽത്തന്നെ വിജ്ഞാനപ്രദങ്ങളും പ്രൗഢഗംഭീരങ്ങളും ലളിതസുന്ദരങ്ങളുമായ അനവധി ഗ്രന്ഥങ്ങൾ, ലഘുലേഖകൾ, പത്രമാസികകൾ ആദിയായ പ്രസിദ്ധീകരണങ്ങൾ ദിവസേനയെന്നപോലെ പുറത്തുവന്നുകൊണ്ടിരിക്കുന്നുണ്ടു്. അധികം അന്വേഷിച്ചുവിഷമിക്കേണ്ടതായ ആവശ്യവുമില്ല. എൽത്തുരുത്തു്, എറണാകുളം, മാന്നാനം, കോട്ടയം മുതലായ സ്ഥലങ്ങളിലുള്ള കത്തോലിക്കാമുദ്രാലയങ്ങളിൽനിന്നും, സർവ്വോപരി ആലുവാ സെമ്മിനാരിയിലെ തിരുഹൃദയബുക്ക്ഡിപ്പോവിൽനിന്നും എത്രയെത്ര നല്ല പുസ്തകങ്ങൾ വേണമെങ്കിലും നിഷ്പ്രയാസം ലഭിക്കാവുന്നതാണു്. അതുപോലെതന്നെ "സത്യദീപം" മുതലായ വിശിഷ്ടപത്രങ്ങളും "കത്തോലിക്കാകുടുംബം", "ചെറുപുഷ്പം" "കർമ്മലകുസുമം" "കുടുംബദീപം" ആദിയായ അനേകം നല്ല മാസികകളും നമുക്കുണ്ടു്. വാങ്ങിവായിക്കുന്നതിനുള്ള നന്മനസ്സുമാത്രം ഉണ്ടായാൽമതി. അതിനു കോശസ്ഥിതി അനുവദിക്കുന്നില്ലെങ്കിൽ, ഓരോ അധ്യാപകനും അതതുവിദ്യാലയത്തിലെ ഗ്രന്ഥശേഖരവും വായനശാലയും വേണ്ടവിധം ഉപയോഗപ്പെടുത്തിയാലും മതിയാകും. ഇന്നു പലദിക്കിലും നടത്തപ്പെടുന്ന സമ്മർസ്കൂളുകളും ഈ വിഷയത്തിൽ അധ്യാപകവൃന്ദത്തെ സഹായിക്കാതിരിക്കയില്ല. കാര്യമായി വേണ്ടതു നന്മനസ്സും നിഷ്കർഷയുമാണു്. മതപഠനവിഷയത്തിൽ കത്തോലിക്കാധ്യാപകൻ തന്നെത്തന്നെ ഒരു ആയുഷ്കാലവിദ്യാർത്ഥിയായി പരിഗണിക്കണം. മററു വിഷയങ്ങളിലും ഏറെക്കുറെ അങ്ങനെതന്നെയാണുവേണ്ടതു്. "The most inspiring teachers are themselves the most enthusiastic learners." The teacher must not only acquire knowledge, but also classify, compare, coordinate and assimilate it; both analysis and synthesis are indicated." വേദാധ്യാപനത്തിനാണു് ഇതു കൂടുതൽ ആവശ്യകമായിട്ടുള്ളതു്. മതപരമായ ഏതെങ്കിലുമൊരു നല്ല പുസ്തകത്തിൻെറയോ പത്രത്തിൻെറയോ ഏതാനും ഭാഗമെങ്കിലും വായിക്കാതെ ഒരൊററദിവസമെങ്കിലും കടത്തിവിടുന്നതല്ലെന്നൊരു ദൃഢപ്രതിജ്ഞ ഓരോ കത്തോലിക്കാധ്യാപകനും ഉണ്ടായിരിക്കണം. കൂടാതെ, വായിക്കുന്നതിൽനിന്നൊക്കെ വിഷയംതിരിച്ചു നോട്ടു് കുറിച്ചു ഫയലുകൾ സൂക്ഷിക്കുന്നതും കൂടുതൽ ഉപകാരപ്രദമായിരിക്കും. അങ്ങനെ അല്പാല്പമായി അനുദിനം പ്രയത്നിച്ചുകൊണ്ടിരുന്നാൽ അനായാസേന ആവശ്യത്തിനുവേണ്ട അറിവു ശേഖരിക്കാം. "ഇററിററുവീണിടുന്ന വെള്ളത്തുള്ളികൾ കൂടിച്ചേർന്നാ"ണല്ലൊ അററമില്ലാത്ത മഹാവാരിധിയായിത്തീരുന്നതു്. മാത്രമല്ല, മേൽപ്പറഞ്ഞവിധം ഫയലുകൾ സൂക്ഷിക്കുന്നപക്ഷം ഏതേതു് അവസരത്തിലും ഏതേതുവിഷയം പുരസ്കരിച്ചും, വിശദമായരീതിയിൽ അധുനാതനങ്ങളായ വിജ്ഞാനശകലങ്ങളും വാദമുഖങ്ങളും സ്ഥിതിവിവരക്കണക്കുകളും ഉദാഹരണങ്ങളും കൂട്ടിച്ചേർത്തു, സമ്യക്കായി പ്രതിപാദിക്കുന്നതിനു സാധ്യമാകുകയുംചെയ്യും.

മതാധ്യാപനത്തിൽ എന്നപോലെതന്നെ വിദ്യാലയത്തിലെ പൊതുവായ മതാനുഷ്ഠാനങ്ങളിലും കത്തോലിക്കാ അധ്യാപകന്മാർ സജീവമായി പങ്കെടുക്കേണ്ടതാണു്. തങ്ങളുടെ വ്യക്തിപരമായ വിശുദ്ധീകരണത്തിനുപുറമെ, വിദ്യാർത്ഥികൾക്കു് അഭിലഷണീയമായ പ്രോത്സാഹനം നൽകുന്നതിനും അത്തരം ഭാഗഭാഗിത്വം വളരെ ഉപകരിക്കുമെന്നതിനു സന്ദേഹമില്ല. അതുതന്നെയാണു് അദ്ധ്യേതാക്കൾക്കു മതവിഷയത്തിൽ അഭിരുചിയും ഉത്സാഹവും ഉളവാക്കി അവരെക്കൊണ്ടു് അതിൽ സ്വയമേവ പങ്കെടുപ്പിക്കുന്നതിനുള്ള ഉത്തമപോംവഴിയും. സാമാന്യേന, വിദ്യാർത്ഥികൾക്കു, പ്രത്യേകിച്ചും ആധുനിക വേഷവിധാനങ്ങളിലും പരിഷ്കാരമുറകളിലും ഭ്രമിച്ചുവശായിരിക്കുന്ന ചെറുപ്പക്കാർക്കു്, മതാനുഷ്ഠാനങ്ങളോടു ഒരു വിപ്രതിപത്തി, എന്നല്ല ഒരു ഹാസ്യമനോഭാവമാണുള്ളതു്. അവരുടെ ദുഷിച്ച ദൃഷ്ടിയിൽ, പ്രാർത്ഥനയും പള്ളിയിൽപോക്കും കുമ്പസാരവും കുർബ്ബാനയുമെല്ലാം സ്ത്രീകൾക്കും വൃദ്ധന്മാർക്കും അപരിഷ്കൃതരായ ഗ്രാമീണർക്കും മാത്രം പററിയ പഴഞ്ചരക്കുകളാണു്; അഭ്യസ്തവിദ്യർക്കും പരിഷ്കൃതന്മാർക്കും ഒട്ടുംതന്നെ യോജിച്ചതല്ല. ഈ തെററിദ്ധാരണ പരിഹരിക്കുന്നതിനു പററിയ മാർഗ്ഗമത്രെ അധ്യാപകന്മാരുടെ ഉത്തമദൃഷ്ടാന്തം. തങ്ങളുടെ ഭക്തിബഹുമാനങ്ങൾക്കു പാത്രീഭൂതരായ ഗുരുവര്യന്മാർ അനുദിനമതാനുഷ്ഠാനങ്ങളിൽ വ്യാപൃതരായിക്കാണുമ്പോൾ വിദ്യാർത്ഥികൾക്കും അവയിൽ അഭിരുചി ജനിക്കുന്നു. അങ്ങനെ അവരും മതനിഷ്ഠയുള്ളവരായിത്തീരുന്നു. നിർബന്ധം ചെലുത്തുമ്പോഴാണല്ലൊ നീരസം ജനിക്കുന്നതു്; നീരസത്തിൽനിന്നാണു് അവജ്ഞ ഉൽഭൂതമാകുന്നതും.

### 4. അധ്യാപനപാടവം

കത്തോലിക്കാധ്യാപകനു് ഉണ്ടായിരിക്കേണ്ട മറെറാരു പ്രത്യേകത, വിദ്യാലയംസംബന്ധിച്ചു ഏതേതുകാര്യത്തിലും അയാൾ ശേഷം അധ്യാപകന്മാർക്കു് ഉത്തമമാതൃകയായിരിക്കണമെന്നുള്ളതാണു്. അധ്യാപകവൃത്തി കേവലം ഒരു ഉപജീവനമാർഗ്ഗംമാത്രമല്ല, പിന്നെയോ ഒരു അപരിജീവിതാകൂടിയാണു്, എന്നായിരിക്കണം അയാളുടെ ആദർശം. ദൈനംദിനമുള്ള അധ്യാപനപരിപാടി കാര്യമായിത്തന്നെ കണക്കാക്കേണ്ടതാണു്. നിത്യത്തൊഴിൽ എന്ന നിലയിൽ നിസ്സാരമായി തള്ളേണ്ടതല്ല. ഓരോദിവസവും അന്നത്തെ പാഠവിഷയം പ്രത്യേകം പഠിച്ചൊരുങ്ങുന്നതിനു പുറമെ, സാമാന്യജ്ഞാനസമ്പാദനാർത്ഥം കുറഞ്ഞൊരു പത്രപാരായണത്തിലും ദൃഷ്ടി പതിക്കണം. എന്നാൽമാത്രമേ അധ്യാപനം ഉത്തരോത്തരം രസാവഹവും ശ്രദ്ധേയവും ഫലപ്രദവുമാക്കിത്തീർക്കുന്നതിനു സാധിക്കുകയുള്ളൂ. ക്ലാസ്സിൽ ക്രമസമാധാനങ്ങൾ പുലർത്തുന്നതിനുള്ള ഉത്തമമാർഗ്ഗവും അതുതന്നെയാണു്. ഒരുക്കംകൂടാതെ മുഴക്കുന്ന പ്രസംഗധോരണിയുടെ പൊള്ളത്തരം കണ്ടുപിടിക്കുന്നതിനുള്ള പ്രത്യേക പാടവം ഇന്നത്തെ വിദ്യാർത്ഥികൾക്കും ഒട്ടും കുറവല്ല. അതുകൊണ്ടാണു് അത്തരം ക്ലാസ്സുകൾ പലപ്പോഴും അലങ്കോലത്തിൽ കലാശിക്കുന്നതു്. "ഒരുങ്ങിവരാത്ത ആശാനു് മരുങ്ങിപ്പോകാത്ത ശിഷ്യന്മാർ", എന്നാണല്ലൊ പഴമൊഴി.

ആശയങ്ങൾ സംഭരിച്ചു തരംതിരിച്ചു ഹൃദിസ്ഥമാക്കിയതുകൊണ്ടുമാത്രം അധ്യാപകൻെറ ഒരുക്കം പൂർത്തിയായില്ല. സ്ഫടികസ്ഫുടമായ പ്രതിപാദനം; ലളിതമനോഹരമായ ഭാഷാരീതി; ഋജുവും ഉജ്ജ്വലവുമായ ശൈലി; ഒഴുക്കും വഴക്കവുമുള്ള പദപ്രയോഗം; യുക്തിയുക്തവും പൂർവ്വാപരപൊരുത്തമുള്ളതുമായ വാദഗതി; കുറിക്കുകൊള്ളുന്ന ഉദാഹരണങ്ങൾ; സന്ദർഭോചിതമായ ഫലിതോക്തികൾ; ആശയപ്രാധാന്യത്തിനനുയോജ്യമായ സ്വരനിയന്ത്രണം; മുഖമുഖമായ പ്രക്ഷേപണം എന്നിവയും അധ്യാപനപാടവത്തിൻെറ അവശ്യഘടകങ്ങളോ, അഥവാ അധ്യാപനം കൂടുതൽ ഫലപ്രദവും ആകർഷകവുമാക്കിത്തീർക്കുന്ന അഭിലഷണീയാലങ്കാരവിശേഷങ്ങളോ ആകയാൽ, അവയിലും അധ്യാപകൻെറ സവിശേഷമായ ശ്രദ്ധ പതിയേണ്ടതുണ്ടു്. നിസ്തന്ദ്രപരിശ്രമവും നിരന്തരപരിശീലനവുംകൊണ്ടു മാത്രമേ അവ കരഗതമാകയുള്ളൂ.

അധ്യാപനംസംബന്ധിച്ചു കത്തോലിക്കാധ്യാപകനു് വിശേഷാലൊരു ചുമതലകൂടിയുണ്ടു്. മററു പലരും ചെയ്യുന്നതുപോലെ, പാഠപുസ്തകത്തിൽ കണ്ടതു് അതുപടി ഉരുവിട്ടു പഠിപ്പിച്ചതുകൊണ്ടു് അയാളുടെ ചുമതല തീരുന്നില്ല. മാത്രമോ, അങ്ങനെ ചെയ്യുന്നതു പലപ്പോഴും ഒരു ധർമ്മവിലോപംകൂടിയായിരിക്കും. ഇന്നത്തെ പാഠപുസ്തകങ്ങളുടെ കഥ ആലോചിക്കുമ്പോഴാണു് ഈ പരമാർത്ഥം നമുക്കു നല്ലപോലെ ബോധ്യപ്പെടുന്നതു്. അബദ്ധനിബിഡമാക്കി വികൃതവേഷം കെട്ടിച്ചിട്ടുള്ള ഭൂതാത്മകശാസ്ത്രകലങ്ങളും അസംബന്ധവും അശ്ലീലവുമായ പുരാണകഥകളും അവയിൽ സ്ഥലംപിടിച്ചിട്ടുള്ളതു ഒട്ടും ചുരുക്കമല്ല. അത്തരം അബദ്ധപ്രസ്താവനകൾക്കു ശരിയായ പ്രത്യാഖ്യാനം നൽകി സത്യം വെളിപ്പെടുത്തുകയും ആഭാസതരങ്ങൾക്കു മറുമരുന്നു കൊടുത്തു സന്മാർഗ്ഗം പുലർത്തുകയും ചെയ്തില്ലെങ്കിൽ വന്നുകൂടുന്ന അപകടം ഭീകരമാണു്. കൂടാതെ, ഇതിനകം ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ സാമാന്യമായിപ്പറഞ്ഞാൽ ഓരോ പാഠ്യവിഷയവും കത്തോലിക്കാ മതതത്വങ്ങളുടേയും സന്മാർഗ്ഗസിദ്ധാന്തങ്ങളുടേയും വെളിച്ചത്തിൽ വ്യാഖ്യാനിച്ചെങ്കിൽ മാത്രമേ അതു മാറിമറിയാത്ത യാഥാർത്ഥ്യങ്ങളോടു പൊരുത്തപ്പെടുകയുള്ളൂ; പഠിതാക്കളുടെ പരമമായ ക്ഷേമൈശ്വര്യങ്ങൾക്കുപകരിക്കയുമുള്ളൂ. കത്തോലിക്കാമതം സാർവ്വത്രികവും സനാതനവും ലോകോത്തരവുമാകയാൽ, അതു യാതൊരു വാസ്തവികശാസ്ത്രത്തിനും സുബദ്ധസംസ്കാരത്തിനും എതിരല്ല; പ്രത്യുത, സകല ശാസ്ത്രങ്ങളുടേയും സംസ്കാരങ്ങളുടേയും ആദ്യവസാനവും പൂർത്തീകരണവുമാണു്. തന്നിമിത്തം, കത്തോലിക്കാ മതപ്രബോധനങ്ങൾ ശരിയായി ഗ്രഹിച്ചിട്ടുള്ള ഒരധ്യാപകനു് ഏതേതു വിഷയവും അവയോടു് ഇണക്കിച്ചേർത്തു പൊരുത്തപ്പെടുത്തി സമ്യക്കായി വ്യാഖ്യാനിക്കുന്നതിനും വിശദീകരിക്കുന്നതിനും പ്രയാസം നേരിടുന്നതല്ല; കൈകാര്യം ചെയ്യുന്ന ശാസ്ത്രവും നല്ലപോലെ അറിഞ്ഞിരിക്കണമെന്നുമാത്രം. മുറിവൈദ്യൻ പാഠാക്ഷേപംകൊണ്ടു പ്രസിദ്ധിനേടാൻ ബദ്ധപ്പെടുന്നതുപോലെ, "ശാസ്ത്രംകൊല്ലി"കളായ മുറിവിദ്വാന്മാരാണു് ഇക്കാര്യത്തിൽ ആർപ്പുവിളിച്ചുള്ള എതിരും ആക്ഷേപവും തട്ടിമൂളിക്കുന്നതു്.

ഇവിടെ സാംഗത്യവശാൽ ഒരു വാക്കുകൂടി പാഠപുസ്തകങ്ങളെപ്പററി പറയേണ്ടിവരുന്നു. പാഠപുസ്തകങ്ങൾ പരിശോധിച്ചു് ഓരോക്ലാസ്സിലേക്കും യോജിച്ചവിധത്തിൽ ഉപകാരപ്രദവും ആക്ഷേപരഹിതവുമായവ തെരഞ്ഞെടുത്തു് അംഗീകരിക്കുന്നതിനും, ഇല്ലെങ്കിൽ നിർമ്മിക്കുന്നതിനും നിയുക്തമായ വിദഗ്ധകമ്മിററികൾ നമ്മുടെനാട്ടിലുമുണ്ടു്. അവയിൽ ചിലപ്പോഴെല്ലാം കത്തോലിക്കരും അംഗത്വം വഹിക്കാതിരിക്കുന്നില്ല. പക്ഷേ കമ്മിററികൾ പരിശോധിച്ചിറക്കിവിടുന്ന പുസ്തകങ്ങൾ പലപ്പോഴും കൊള്ളരുതാത്തവയും ഉപദ്രവകരങ്ങളുമായിട്ടാണു് കണ്ടുവരുന്നതു്. കാരണങ്ങൾ ബഹുവിധങ്ങളാണു്. അംഗങ്ങളിൽ ചിലർക്ക പരിശോധനയ്ക്കുവേണ്ട പ്രാപ്തിയില്ല; മററു ചിലർക്ക സമയമോ സന്നദ്ധതയോ ഇല്ല; വേറെ ചിലർക്ക ചില പ്രത്യേക താല്പര്യങ്ങൾ സാധിക്കേണ്ടതുമുണ്ടു്. പലപ്പോഴും പാഠപുസ്തകാംഗീകരണം, ചില കമ്മിററിമെമ്പർമാരുടേയും പ്രസാധകരുടേയും ചുരുക്കം ചില ഉദ്യോഗസ്ഥമേധാവികളുടേയും ഒരു കൂട്ടക്കച്ചവടമായിട്ടാണു് പരിണമിക്കുന്നതു്. തന്മൂലം സാധുവിദ്യാർത്ഥികൾ കൊല്ലന്തോറും അനുഭവിക്കേണ്ടിവരുന്ന ദുരിതങ്ങൾ ആരെയും പറഞ്ഞറിയിക്കേണ്ടതായിട്ടില്ല.

കാരണങ്ങൾ പലതുള്ളതുപോലെ, ഈ ദുരനുഭവത്തിനു പരിഹാരമാർഗ്ഗങ്ങളും പലതുണ്ടു്. നമ്മെ സംബന്ധിച്ചിടത്തോളം മാനേജർമാരും അധ്യാപകരും പാണ്ഡിത്യവും സമയസൗകര്യവും സന്നദ്ധതയുമുള്ള ഏതാനും കത്തോലിക്കാനേതാക്കന്മാരും ചേർന്നുള്ള ഒരു വിദഗ്ധകമ്മിററി നാമും രൂപവൽക്കരിക്കുക എന്നതാണു് ഈ ദൂഷ്യത്തിനുള്ള പ്രതിവിധി. മരത്താലെ വന്നദൂഷ്യം മരത്താലെ തന്നെ പരിഹരിക്കണം. Similia similibus curantur എന്നു പ്രമാണവുമുണ്ടു്. പുസ്തകങ്ങൾ ഓരോന്നും പുറത്തുവന്നാലുടൻതന്നെ അതു കൂലങ്കഷമായി പരിശോധിക്കണം; ആക്ഷേപകരമായി കണ്ടാൽ പ്രതിഷേധം രേഖപ്പെടുത്തി, അധികൃതസ്ഥാനങ്ങളെ സമീപിച്ചു പ്രതിവിധി തേടണം. വേണ്ടിവന്നാൽ ന്യായമായ മാർഗ്ഗങ്ങളിൽക്കൂടി പ്രക്ഷോഭണവും നടത്തണം. അങ്ങനെ നിരന്തരമായി പ്രവർത്തിച്ചുകൊണ്ടിരുന്നാൽ കുറെയൊക്കെ ഫലം കാണാതിരിക്കയില്ല. ഒന്നുരണ്ടുതവണ പരീക്ഷിച്ചുനോക്കി ഫലം കണ്ടില്ലെന്നുകരുതി നിരാശരായി പിൻവാങ്ങരുതു്. തുടർന്നു പ്രവർത്തിക്കുന്നതിലാണു് വിജയരഹസ്യം അടങ്ങിയിരിക്കുന്നതു്.

(തുടരും)

## ജർമ്മനിയിൽ

ജർമ്മനിയിൽ ഒന്നിടവിട്ടു് ഓരോ കത്തോലിക്കാ കുടുംബത്തിലും കത്തോലിക്കാപ്രസിദ്ധീകരണങ്ങൾ വരുത്തുന്നതായി കണക്കാക്കപ്പെട്ടിരിക്കുന്നു. അവിടെ ആകെക്കൂടെ കത്തോലിക്കാപത്രങ്ങളുടെ 60 ലക്ഷം പ്രതികൾ ചെലവാകുന്നുണ്ടു്.

# ആ "ഭ്രാന്തന്റെ" വിജയം

(ജെ. പി.)

ഒരു ചെറുപ്പക്കാരൻ — ഒരു ധനാഢ്യന്റെ വത്സലപുത്രൻ — വമ്പിച്ചസ്വത്തിനു് അവകാശി — ഇതെല്ലാം ഇട്ടെറിഞ്ഞിട്ടു് അവൻ വഴിനീളെ തെണ്ടിനടക്കുന്നു: "ഭ്രാന്തൻ" എന്നു് അവനെ വിളിച്ചതിൽ എന്താണു് തെററു്?

"നിനക്കുള്ളതെല്ലാം വിററു് ദരിദ്രർക്കു കൊടുക്കുക. എന്നിട്ടു് എന്നെ അനുഗമിക്കുക."

"സുവിശേഷത്തിലെ സമ്പന്നനായ യുവാവു്" ഉദ്ദേശിച്ചിട്ടാണു് മിശിഹാ ഈവിധം അരുൾചെയ്തതു്. പക്ഷേ, ആ യുവാവിന്റെ മുഖമിരുണ്ടു. അവൻ ദുഃഖിതനായി അവിടന്നു് പൊയ്ക്കളഞ്ഞു. എന്നാൽ ഈ "ഭ്രാന്തൻ" യുവാവു് ക്രിസ്തുനാഥന്റെ ഈ വാക്കുകൾ അതേപടി സ്വീകരിച്ചു. സ്വസമ്പത്തെല്ലാം അയാൾ ഉപേക്ഷിച്ചു. തന്റെ സർവ്വാവകാശവും അയാൾ പരിത്യജിച്ചു. ഒരു പരുപരുത്ത തപോവസ്ത്രം ധരിച്ചു അരയിൽ ഒരു കയറുംകെട്ടി. അങ്ങനെ ഭിക്ഷാടനത്തിനായിട്ടു് "കച്ചകെട്ടി" ആ യുവാവു് പുറപ്പെട്ടു.

ഇതു് വെറും ഭ്രാന്തല്ലേ? അനേകർ ഇതുകണ്ടു ചിരിച്ചു. പലരും അയാളെ പരിഹസിച്ചു. "ഭ്രാന്തൻ!" "ഭ്രാന്തൻ!!" "ദേ, ഭ്രാന്തൻ വരുന്നേ!!!" ആളുകൾ ആർപ്പുവിളിച്ചു. എന്നാൽ അവസാനം ആർപ്പുവിളിച്ചവരുടെ അകമെല്ലാം അയാൾ കവർന്നെടുത്തു.

അസ്സിസിനഗരത്തിനു് 1182 ൽ അഭൂതപൂർവ്വമായ ഒരു മഹാഭാഗ്യം കൈവന്നു, ഈ "ഭ്രാന്തന്റെ" ജന്മഭൂമിയാകുവാൻ. ഒരു പുൽക്കൂട്ടിൽ ആയിരുന്നു അയാളുടെ ജനനം എന്നു് ഒരു ഐതിഹ്യം ഉണ്ടു്. അതു് ശരിയാണെങ്കിൽ അയാൾ മിശിഹായോടു് ആജന്മസാമ്യം വഹിക്കുന്നു എന്നു പറയാം. പക്ഷേ, അയാളുടെ പിതാവു് ധനാഢ്യനായ ഒരു വണിഗ്വരനായിരുന്നു. ആ നിലയ്ക്കു് ഈ ഐതിഹ്യം എങ്ങനെ വിശ്വാസയോഗ്യമാകും?

ജ്ഞാനസ്നാനാവസരത്തിൽ പിതാവു് അവിടെ ഉണ്ടായിരുന്നില്ല. അമ്മയുടെ ഹിതമനുസരിച്ചു് ശിശുവിനെ ജിയോവാന്നി എന്നു് നാമകരണം ചെയ്തു. എന്നാൽ പിന്നീടു് പിതാവു് വന്നപ്പോൾ കുട്ടിക്കു് ഫ്രാൻസിസ്കോ എന്നപേർ നല്കി. ഫ്രാൻസിനോടും ഫ്രഞ്ചുജനതയോടും പിതാവിനുണ്ടായിരുന്ന അസാമാന്യമായ ബഹുമാനമാണു് ഇതിനു് കാരണം എന്നു് പറയപ്പെടുന്നു.

ഫ്രാൻസിസ് രസികനും സുന്ദരനുമായി വളർന്നുവന്നു. സ്വരമാധുരിയിലും സംഗീതപാടവത്തിലും അഗ്രഗണ്യൻ. അസ്സിസിയിലെ ഏററംവലിയ ധനവാന്റെ മകൻ. പണം എത്രവേണമെങ്കിലും ചെലവഴിക്കരുതോ? വിനോദപ്രിയന്മാരായ അനേകം യുവാക്കന്മാരുടെ നേതാവായിത്തീർന്നു ഫ്രാൻസിസ്. അവരുമായിച്ചേർന്നു് ആഡംബരത്തിൽ ഭ്രമിച്ചും വിരുന്നുകൾകഴിച്ചും പാട്ടുപാടിയും അയാൾ ആനന്ദിച്ചങ്ങനെ നടന്നു അനേകനാൾ.

ഇരുപതുവയസ്സുള്ളപ്പോൾ ഫ്രാൻസിസ് സൈന്യത്തിൽ ചേർന്നു. ഒരു യുദ്ധത്തിൽ പെറൂജിയാക്കാർ അയാളെ ബന്ധനസ്ഥനാക്കി. പിന്നീടൊരിക്കൽ ഗംഭീരമായ ഒരു രാജകീയമഹോത്സവത്തിൽ സന്നിഹിതനാകുന്നതിനായി അയാൾ പുറപ്പെട്ടു. മാർഗ്ഗമദ്ധ്യേ ദൈവത്തിൽനിന്നു് അയാൾക്കു് ആഹ്വാനം ലഭിച്ചു. അയാൾ രോഗബാധിതനായി. അങ്ങനെ തിരിച്ചുപോരേണ്ടിവന്നു. അന്നു രാത്രി അയാൾക്കു് ശരിയായി ഉറങ്ങാൻ കഴിഞ്ഞില്ല. ഒരു സ്വപ്നം അയാളെ ശല്യപ്പെടുത്തി. സർവ്വവും പരിത്യജിക്കണം; ദാരിദ്ര്യം വരിക്കണം എന്നുള്ള ദൃഢനിശ്ചയത്തോടുകൂടിയാണു് ആ യുവാവു് ഉണർന്നതു്.

അവിവാഹിതനായി നടക്കുന്നതിനെക്കുറിച്ചു് ഒരു സ്നേഹിതൻ ഫ്രാൻസിസിനെ ആ പ്രഭാതത്തിൽ കളിയാക്കി.

"ഞാൻ വിവാഹം ചെയ്യുവാൻ ഉറച്ചിരിക്കയാണു്. അതിസുന്ദരിയായ ഒരു മഹിളാമണിയാണു് അവൾ."

സാഭിമാനം ഫ്രാൻസിസ് പ്രസ്താവിച്ചു. സ്നേഹിതൻ അതു് വിശ്വസിച്ചു. പക്ഷേ, ദാരിദ്ര്യാംബികയെയാണു് ഫ്രാൻസിസ് ഉദ്ദേശിച്ചതു്.

അയാൾ ദരിദ്രർക്കു് ധനം വിതരണം ചെയ്യുവാൻ തുടങ്ങി. അങ്ങനെ ആ പരിശുദ്ധമായ ദാമ്പത്യം ആരംഭിച്ചു. ഒരിക്കൽ ഫ്രാൻസിസ് സ്വന്തവസ്ത്രങ്ങൾ ഒരു ഭിക്ഷുവിനു കൊടുത്തിട്ടു്, പകരം അവന്റെ കീറത്തുണി വാങ്ങി ഉടുത്തു. പിന്നീടു് റോമാനഗരം സന്ദർശിച്ചയവസരത്തിൽ സെന്റ് പീറ്റേഴ്സ് ദേവാലയത്തിൽ പലരും തുച്ഛമായ നേർച്ചകളിടുന്നതു കണ്ടിട്ടു് അയാൾക്കു് ലജ്ജ തോന്നി. ഫ്രാൻസിസ് തന്റെ പണസഞ്ചിയിലെ ഉള്ളടക്കം മുഴുവനും ദേവാലയത്തിൽ സമർപ്പിച്ചു. വേറൊരവസരത്തിൽ അയാൾ ഒരു കുഷ്ഠരോഗിയെ കണ്ടു. അവന്റെ സമീപത്തിൽ അടുക്കുന്നകാര്യം ഓർത്തിട്ടു് ആദ്യം അയാൾ ഞെട്ടിപ്പോയി. എങ്കിലും തൽക്ഷണം അവനെ സമീപിച്ചു് ആലിംഗനം ചെയ്തു.

### സമസ്തവും പരിത്യജിച്ചു

പട്ടണത്തിനുപുറത്തു് ഒരു കുന്നിൻ ചെരുവിൽ ഒരു പള്ളിയുണ്ടായിരുന്നു; സെന്റ് ഡാമിയൻസ്. അതു് ജീർണ്ണിച്ചു് വിഴാറായി നിന്നിരുന്നു. ഒരിക്കൽ അയാൾ ആ പള്ളിയിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു അശരീരിവാക്കുകേട്ടു:—

"ഫ്രാൻസിസ്, നീപോയി എന്റെ ആലയത്തെ സമുദ്ധരിക്കുക."


ഫ്രാൻസിസ് ആ കൃത്യം ഏറെറടുത്തു. അയാൾ പിതാവിന്റെ ജൗളിഷാപ്പിൽ കയറി കുറെയധികം തുണിയെടുത്തു. അതു വിററുകിട്ടിയ സംഖ്യ അസ്സിസിയിലെ പള്ളിവികാരിയെ ഏല്പിച്ചു. യഥാർത്ഥ്യം ഗ്രഹിച്ചപ്പോൾ, ഫ്രാൻസിസിനു് അവകാശമില്ലാത്ത സംഖ്യയാണു് അതെന്നു് മനസ്സിലായപ്പോൾ, അദ്ദേഹം അതു നിഷേധിച്ചു. ഫ്രാൻസിസിന്റെ അപ്പൻ ഈ വസ്തുത അറിഞ്ഞു. അയാൾ കോപാക്രാന്തനായി, ഫ്രാൻസിസിനെ നിഷ്ഠുരണം പ്രഹരിച്ചു.

ഫ്രാൻസിസ് കീറത്തുണിയും ഉടുത്തു് സ്വന്തനഗരത്തിലേക്കു് ഇറങ്ങി. തെരുവുതോറും അയാൾ തെണ്ടി. അപ്പന്റെ പണം മടക്കിക്കൊടുത്തു. പള്ളി പണിക്കു വേണ്ടിടത്തോളം തുക കിട്ടിയപ്പോൾ അയാൾതന്നെ ആ കൃത്യം നിർവ്വഹിച്ചു.

ഫ്രാൻസിസിനു് 27 വയസ്സു പ്രായമായി. അസ്സിസിക്കു് സമീപമുള്ള ഒരു ചെറിയ പള്ളിയിൽ — പോർസ്യുംകുല ദേവാലയത്തിൽ — അയാൾ കുർബ്ബാന കാണുകയാണു്. പുരോഹിതൻ സുവിശേഷം വായിക്കുവാൻ തുടങ്ങി:

"നിങ്ങൾ പോയി സ്വർഗ്ഗരാജ്യം ആസന്നമായിരിക്കുന്നുവെന്നു് പ്രസംഗിക്കുവിൻ ... ... ... നിങ്ങളുടെ മടിശീലയിൽ പൊന്നോ വെള്ളിയോ പണമോ, നിങ്ങളുടെ യാത്രയിൽ ഭാണ്ഡമോ, രണ്ടാമതൊരുടുപ്പോ, ചെരിപ്പോ വടിയോ കരുതേണ്ടാ. എന്തുകൊണ്ടെന്നാൽ വേലക്കാരൻ ആഹാരത്തിനു് അർഹനാണു്."

For favours received



Sr. Alphonsa, I.C.

By Mrs. Tresa Mathew Kallarakkal.

ക്രിസ്തുനാഥന്റെ ഈ തിരുവചനങ്ങൾ അയാൾ സശ്രദ്ധം ശ്രവിച്ചു. അവ അയാളുടെ അന്തരംഗത്തിൽ ആഴമായി പതിഞ്ഞു. അയാൾ സമസ്തവും പരിത്യജിച്ചു. ചെരിപ്പും വടിയും മേലങ്കിയും ഉടനടി മാററിവച്ചു. പരുപരുത്ത തപോവസ്ത്രം അയാൾ ഉടുത്തു. അരയിൽ ഒരു കയറും കെട്ടി. ഭിക്ഷയാചിക്കുവാനും കർത്താവിന്റെ സ്നേഹത്തെ പ്രസംഗിക്കുവാനുമായിട്ടു് അയാൾ ഇറങ്ങി. ഈശ്വരസ്തോത്രങ്ങൾ ശ്രുതിമധുരമായി പാടിക്കൊണ്ടു് അയാൾ നടകൊണ്ടു. വഴിയിൽ കടന്നുപോകുന്നവരെ തടഞ്ഞുനിറുത്തി ക്രിസ്തുനാഥന്റെ നാമത്തിൽ ശാന്തി ആശംസിച്ചു.

ഒരു ധനാഢ്യന്റെ പുത്രൻ! — ആ ചെറുപ്പക്കാരൻ സ്വന്തനഗരത്തിൽതന്നെ ഭിക്ഷതെണ്ടി നടക്കുന്നു!! മുമ്പിലത്തെ രസികശിരോമണിയല്ല ഇപ്പോൾ. കഠിനമായ തപസ്സുകൊണ്ടും ഉപവാസംകൊണ്ടും ശരീരം മെലിഞ്ഞും, കവിളൊട്ടിയും കണ്ണു കുഴിഞ്ഞും, മീശ നീണ്ടും ഏററം വികൃതമായ ഒരു രൂപം! ! ! മനുഷ്യർ ചിരിക്കാതിരിക്കുമോ? എല്ലാവരും അയാളെ നോക്കി ചിരിച്ചു. പരിഹസിച്ചു "ഭ്രാന്തൻ" എന്നു് വിളിച്ചു. ചിലർ അയാളുടെ മുഖത്തു് കല്ലും ചെളിയും വാരിയെറിഞ്ഞു. സ്നേഹിതന്മാരെല്ലാം അയാളെ വെറുത്തു. അവർ അയാളെ ഒഴിഞ്ഞുമാറി. എന്നാൽ ചുരുക്കംചിലർ അയാളുടെ മനോഗുണം മനസ്സിലാക്കി. അവർ അയാളുടെ അനുചരന്മാരായിത്തീർന്നു.

അചിരേണ ആ ശിഷ്യഗണത്തിൽ പതിമൂന്നു പേർ ഉണ്ടായി. ആ ചെറുസംഘടനയ്ക്കു് ഒരു നിയമസംഹിത രൂപവൽക്കരിക്കണമെന്നു് ഫ്രാൻസിസ് നിശ്ചയിച്ചു. നക്കൽപ്രതി തയാറാക്കിക്കൊണ്ടു് പരിശുദ്ധപിതാവിന്റെ അംഗീകരണം അപേക്ഷിക്കുന്നതിനായി അയാൾ റോമിലേക്കു് പുറപ്പെട്ടു. ആരംഭത്തിൽ വളരെ തടസ്സങ്ങൾ ആവിർഭവിച്ചുവെങ്കിലും അവസാനം പരിശുദ്ധപിതാവിന്റെ അംഗീകാരവും ആശീർവ്വാദവും കൈക്കൊണ്ടു് ഫ്രാൻസിസ് അസ്സിസിയിൽ തിരിച്ചെത്തി.

ആ ചെറുസഭ പ്രവർത്തനം ആരംഭിച്ചു. എന്നും ഈരണ്ടിരണ്ടു പേരായിട്ടു് അവർ ഇറങ്ങി, ഭിക്ഷയാചിക്കുവാനും ധർമ്മോപദേശം ചെയ്യുവാനും.

ഫ്രാൻസിസും സഹോദരന്മാരും ഒരു അഭയസ്ഥാനമില്ലാതെ വലയുന്നതു കണ്ടിട്ടു് അസ്സിസിയിലെ മെത്രാൻ അനുകമ്പാകുലനായി. അദ്ദേഹത്തിന്റെ ശുപാർശയനുസരിച്ചു് അവിടത്തെ ബനഡിക്ററൻ ആശ്രമശ്രേഷ്ഠൻ അവരുടെ വക പോർസ്യുംകുലായിലെ പ്രാർത്ഥനാലയം ഫ്രാൻസിസിനു് സ്ഥിരമായി വിട്ടുകൊടുത്തു. സഹോദരന്മാർ അതിനു സമീപം ചെറിയ കുടിലുകൾ കെട്ടിയുണ്ടാക്കി ദാരിദ്ര്യാംബികയ്ക്കു് ഉചിതമാംവിധം സജ്ജീകരിച്ചു. അങ്ങനെ അവർ ഫ്രാൻസിസ്കൻ ആശ്രമങ്ങൾക്കു് അടിസ്ഥാനമിട്ടു.

(ശേഷം അടുത്തതിൽ)

## സിലോണിലേക്കു്

സിലോൺ ഭാഷാപോഷിണി സാഹിത്യസമിതിയുടെ ക്ഷണമനുസരിച്ചു് മി. ജോസഫ് കൈമാപറമ്പൻ അങ്ങോട്ടു പുറപ്പെടുന്നതും കൊളംബൊ ടൗൺഹാളിൽ വച്ചു് ഒക്ടോബർ 7, 14 ഈ തീയതികളിൽ അദ്ദേഹം നടത്തുന്ന കഥാപ്രസംഗങ്ങളിൽ സിലോൺ ഹൈക്കമ്മീഷണർ മി. ഒ. പി. കേശവമേനോൻ മുതലായ പ്രശസ്ത മലയാളികൾ സംബന്ധിക്കുന്നതുമാണെന്നറിയുന്നു.

## ചരമം

മോനിപ്പള്ളി: ശ്രീ എം. എം. ജോസഫ് ഇടശ്ശേരിൽ അവർകളുടെ മാതാവു് സെപ്ററംബർ 25-ാം തീയതി വാർദ്ധക്യസഹജമായ സുഖക്കേടുനിമിത്തം നിര്യാതയായിരിക്കുന്നു. R. I. P.

## കൊരട്ടിമുത്തിയുടെ തിരുനാൾ

ഇക്കൊല്ലം ഒക്ടോബർ 14-ാംനു- (1127 കന്നി 28) ഞായറാഴ്ച ആഘോഷിക്കപ്പെടുന്നതാണു് — തീർത്ഥകർക്കു്, തീവണ്ടിക്കും ബസ്സിനും സ്ഥലത്തു വന്നുചേരുവാൻ സൗകര്യമുണ്ടു്. പതിവുപോലെ എട്ടാമിടവും ഉണ്ടായിരിക്കും.

വികാരി




ആലുവ: അഖിലകേരള സെന്റ് വിൻസെന്റ് ഡി പോൾ സഖ്യത്തിന്റെ കമ്മിററിയോഗം സെപ്ററംബർ 22-ാംനു പ്രസിഡണ്ടു് വെരി റവ. ഫാ. ക്ലെമെന്റ് ടി ഒ സി ഡി അവർകളുടെ അദ്ധ്യക്ഷതയിൽകൂടി താഴെപറയുന്നവരെ കമ്മിററിയിലേക്കു തിരഞ്ഞെടുത്തിരിക്കുന്നു: കൊച്ചിരൂപതയിൽനിന്നു് — ബ്രദേഴ്സ് പി. എ. കൊൺജ്ഞലി, എ. സ്വാമിനാഥപിള്ള. തിരുവനന്തപുരം രൂപത — ബ്രദേഴ്സ് ജെ. ടി. മൊറേയിസ്, തോമസ് റൊസാരിയൊ. കൊല്ലം രൂപത — ബ്രദേഴ്സ് വറുഗീസ് സെബാസ്റ്റ്യൻ, ജോർജ്ജ് പിലൊ. വിജയപുരം രൂപത — ബ്രദേഴ്സ് കെ. ടി. ആന്റണി, പി. ഡി. ജോസഫ്. ആലുവാ സെന്റ് ആന്റണീസ് കോൺഫറൻസ് പ്രസിഡണ്ടു്.

—പുന്നത്തുറ സെന്റ് വിൻസെന്റ് ഡി പോൾ സഖ്യത്തിന്റെ ആഭിമുഖ്യത്തിലും അയർക്കുന്നം, കിടങ്ങൂർ, കട്ടച്ചിറ, വെട്ടിമുകൾ എന്നീ സ്ഥലങ്ങളിലുള്ള സൊസൈററികളുടെ സഹകരണത്തിലും സെപ്ററംബർ 16-ാംനു ഒരു പൊതുയോഗം ശ്രീ എം. എസ്. ചെറിയാൻ ബി എ ബി എൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. ബ്രദേഴ്സ് പോൾ തെങ്ങുംപള്ളി, കെ. സി. ചാക്കോ എന്നിവർ ഓരോ പ്രസംഗം ചെയ്തു.

പുന്നത്തുറയും പരിസരങ്ങളിലുമുള്ള വിൻസെന്റ് ഡി പോൾ സൊസൈററികൾ സംഘടിച്ചു് ജൂബിലിവർഷദണ്ഡവിമോചനാർത്ഥം, ഒക്ടോബർ 14-ാം തീയതി കാലത്തു് കിടങ്ങൂർ സെന്റ് മേരീസ് ദേവാലയത്തിൽനിന്നും ആരംഭിച്ചു് ചേർപ്പുങ്കൽ, പാലാ, ഭരണങ്ങാനം എന്നീ ദേവാലയങ്ങൾ സന്ദർശിക്കത്തക്കവിധത്തിൽ ഒരു പരിഹാരപ്രദക്ഷിണം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

—തോട്ടക്കര പള്ളി സ്ഥാപിച്ചിട്ടു് 50 കൊല്ലം തികയുന്നതിന്റെ സ്മാരകമായി പണ്ടപ്പിള്ളി മാർക്കററിനു സമീപം പണിയുവാൻപോകുന്ന ചാപ്പലിന്റെ ശിലാസ്ഥാപനകർമ്മം സെപ്ററംബർ 9-ാം തീയതി നിർവ്വഹിക്കപ്പെട്ടിരിക്കുന്നു.

—മുക്കാട്ടുകര: വിൻസെന്റ് ഡി പോൾ സഖ്യത്തിന്റെ ആഭിമുഖ്യത്തിൽ ഒരു സംഭാവനാപ്രദർശനം സെപ്ററംബർ 16-ാം തീയതി ഉൽഘാടനം ചെയ്യപ്പെട്ടിരിക്കുന്നു.

—പൈങ്ങളം: സെപ്ററംബർ 23-ാം തീയതി റവ. ഫാ. ജോസഫ് മണപ്പള്ളിൽ അവർകളുടെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുയോഗത്തിൽവച്ചു് വിൻസെന്റ് ഡി പോൾ സഖ്യത്തിന്റെ സെന്റ് മേരീസ് കോൺഫറൻസ് ഉൽഘാടനം ചെയ്യപ്പെട്ടിരിക്കുന്നു. മെ. കെ. സി. ചാക്കൊ, മാത്യൂ പോൾ എന്നിവർ തദവസരത്തിൽ ഓരോ പ്രസംഗം ചെയ്കയുണ്ടായി.

—മേവെള്ളൂർ: സെപ്ററംബർ 23-ാം തീയതി ശ്രീ കുര്യാക്കോസ് പുത്തൻപുര ബി എ ബി എൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽവച്ചു് ചെറുപുഷ്പ മിഷൻലീഗിന്റെ ഒരു ശാഖ ഉൽഘാടനം ചെയ്യപ്പെട്ടിരിക്കുന്നു.

—എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ ഗുരുപ്പട്ടാഭിഷേകസുവർണ്ണജൂബിലി പ്രമാണിച്ചു് തോട്ടകം പള്ളിയിൽ ഒക്ടോബർ 5 മുതൽ 7 വരെ തീയതികളിൽ പൊതുധ്യാനവും 12 മുതൽ 14 വരെ തീയതികളിൽ നാല്പതുമണിയാരാധനയും നടത്തുന്നതാണെന്നറിയുന്നു.

സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 25 ‖ ERNAKULAM, OCTOBER 3, 1951 ‖ No. 8

# ചൈനയിലെ മതമർദ്ദനം

വിസ്തൃതമായ ചൈനാരാജ്യം കമ്മ്യൂണിസ്റ്റുകാരുടെ പരിപൂർണ്ണനിയന്ത്രണത്തിൽ വന്നുകഴിഞ്ഞതോടെ മതത്തെ ഉന്മൂലനംചെയ്യുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി തുടങ്ങിയിരിക്കുന്നു. കമ്മ്യൂണിസത്തിന്റെ പിടിയിൽ അമർന്നുപോയ കിഴക്കേ യൂറോപ്യൻരാജ്യങ്ങളിലേതിനോടു് വളരെ സാമ്യം വഹിക്കുന്ന ഒരു രീതിയിലാണു് ചൈനയിലും മതമർദ്ദനം വളർന്നുവരുന്നതു്. സകലമതങ്ങളേയും കമ്മ്യൂണിസ്റ്റുകാർ താത്വികമായി വെറുക്കുന്നുണ്ടെങ്കിലും അവരുടെ രോഷാഗ്നിക്കു് പ്രായോഗികമായി വിഷയമായിരിക്കുന്നതു് കത്തോലിക്കാമതമാണു്. കാരണം സർവ്വലോകനിയന്ത്രണത്തിനായി ബദ്ധപ്പെടുന്ന കമ്മ്യൂണിസം അതിന്റെ ആദർശങ്ങളെ വെല്ലുവിളിക്കുകയും, പ്രചാരത്തെ പ്രതിരോധിക്കുകയും ചെയ്യുവാൻ കെല്പുള്ള ഏക ധാർമ്മികശക്തിയായി ആഗോളവ്യാപകമായ കത്തോലിക്കാമതത്തെ ദർശിക്കുന്നുവെന്നുള്ളതാണു്. ഒരിക്കൽ കത്തോലിക്കാമതത്തെ നശിപ്പിക്കുവാൻ സാധിച്ചാൽ മററു മതങ്ങളെ നിഷ്പ്രയാസം നിർമ്മൂലമാക്കാമെന്നു് കമ്മ്യൂണിസ്റ്റുകാർക്കറിയാം.

## എളുപ്പവഴി

കത്തോലിക്കാമതത്തെ ഉന്മൂലനംചെയ്യുന്നതിനു് കമ്മ്യൂണിസ്റ്റുകാർ കണ്ടുപിടിച്ചിരിക്കുന്ന എളുപ്പവഴി ആ സഭയുടെ അടിസ്ഥാനമായ പാപ്പാധിപത്യത്തിൽനിന്നും അതിനെ വിടുത്തി സ്വതന്ത്രമായ ദേശീയസഭകൾ സ്ഥാപിക്കുക എന്നുള്ളതാണു്. നാലു ശതാബ്ദങ്ങൾക്കുമുമ്പു് ഇംഗ്ലണ്ടിൽ ഹെൻഡ്റി എട്ടാമൻ പ്രയോഗിച്ചതും ഈ മാർഗ്ഗംതന്നെയാണു്. എന്നാൽ അന്നത്തെപ്പോലെ നഗ്നമായ കിരാതരീതിയിൽ ഇന്നു അതു സാധിച്ചാൽ ബാഹ്യലോകം പഴിക്കുമെന്നു ഭയന്നു് ചില പ്രത്യേക അടവുകളാണു് കമ്മ്യൂണിസ്റ്റുകാർ പ്രയോഗിച്ചുവരുന്നതു്. കമ്മ്യൂണിസ്റ്റുനിർദ്ദേശങ്ങൾക്കു വഴിപ്പെടാത്ത വൈദികരേയും അൽമേനികളേയും ഓരോ കാരണങ്ങൾപറഞ്ഞു് തടവിലാക്കി ശിക്ഷിക്കുക, വൈദികാദ്ധ്യക്ഷന്മാരുടെ സ്വാതന്ത്ര്യസഞ്ചാരത്തിനു വിഘ്നമുണ്ടാക്കുക, അവരെ നാടുകടത്തുക, ജയിലിൽ അടയ്ക്കുക, കന്യാസ്ത്രീകളേയും വൈദികരേയുംപററി അപഖ്യാതി പരത്തുക മുതലായ പരിപാടികളാണു്, കത്തോലിക്കാസഭയെ ക്രമേണ നാമാവശേഷമാക്കണമെന്ന ലാക്കോടെ, കമ്മ്യൂണിസ്റ്റുകാർ സ്വീകരിച്ചിരിക്കുന്നതു്.

## ത്രിവിധസ്വാതന്ത്ര്യം

ചൈനയിലെ കത്തോലിക്കരെ പാപ്പാധിപത്യത്തിൽനിന്നും വിടുത്തി ഒരു ശിസ്മസഭ സ്ഥാപിക്കുന്നതിനുള്ള ഉദ്യമത്തിന്റെ പ്രഥമപടിയായി അവിടത്തെ കമ്മ്യൂണിസ്റ്റു് ഗവമ്മെന്റു് ഒരു "ത്രിവിധസ്വാതന്ത്ര്യപ്രസ്ഥാനം" ആരംഭിച്ചിരിക്കുന്നു. ഈ പ്രസ്ഥാനം പ്രഥമവീക്ഷണത്തിൽ കത്തോലിക്കാദർശങ്ങൾക്കു വിരുദ്ധമായി തോന്നുകയില്ലെന്നുള്ളതാണു് ഇതിന്റെ ഒരു പ്രത്യേകത. കമ്മ്യൂണിസ്റ്റു് പത്രങ്ങളിൽ ഇതിനു വളരെ പ്രസിദ്ധി നൽകിയിട്ടുണ്ടു്. സ്വതന്ത്രമായി ചെലവുകൾ നടത്തുക, സ്വതന്ത്രമായി ഭരണം നടത്തുക, സ്വതന്ത്രമായി പ്രചാരണം നടത്തുക ഇവ മൂന്നുമാണു് ഈ പ്രസ്ഥാനത്തിന്റെ കാതൽ എന്നു് കമ്മ്യൂണിസ്റ്റു് പത്രങ്ങൾ ഘോഷിക്കുന്നു. ഈ പ്രസ്ഥാനത്തിനു വിധേയമാകുമ്പോൾ ചൈനയിലെ സഭയ്ക്കു് പുറത്തുനിന്നും യാതൊരു ധനസഹായവും തേടുവാൻ പാടില്ല; മെത്രാന്മാരും വൈദികരും ചൈനാക്കാരായിരിക്കണം; സഭയുടെ തത്വശാസ്ത്രവും ദൈവശാസ്ത്രവും ചൈനക്കാർ തങ്ങൾക്കു് അനുയോജ്യമായവിധം ഭേദപ്പെടുത്തണം. ഈ ചൈനക്കാർ കമ്മ്യൂണിസ്റ്റുകാർതന്നെയാണെന്നു് അനുക്തസിദ്ധമാണല്ലോ. ചെക്കോസ്ലോവാക്കിയ, ഹങ്കറി മുതലായ കമ്മ്യൂണിസ്റ്റു രാഷ്ട്രങ്ങളിൽ പ്രയോഗിച്ചുവരുന്ന തന്ത്രവും ഇതുതന്നെയാണു്. ഈ പ്രസ്ഥാനത്തിനു് ഗവമ്മെണ്ടിന്റെ സർവ്വ പിന്തുണയും ലഭിച്ചുവരുന്നു. ഇതുവഴി സഭയെ രാഷ്ട്രത്തിന്റെ ശക്തിക്കു വിധേയമാക്കാമെന്നു കമ്മ്യൂണിസ്റ്റുകാർ വ്യാമോഹിക്കുന്നു.

ചൈനയിലെ പ്രധാനമന്ത്രി ചൗ എൻലായി ഈയിടെ കത്തോലിക്കാ പ്രതിനിധികളുടെ ഒരു യോഗം വിളിച്ചുകൂട്ടുകയുണ്ടായി. അതിൽ പെക്കിങ്ങിലെ അഡ്മിനിസ്ട്രേററും രണ്ടു ചൈനീസ് മെത്രാന്മാരും ഉണ്ടായിരുന്നു. രണ്ടുപേർ പ്രസംഗിച്ചു. സ്വാതന്ത്ര്യപ്രസ്ഥാനത്തിനു് ചൈനയിലെ പ്രോട്ടസ്റ്റന്റു സഭ നൽകുന്ന സഹായസഹകരണങ്ങളെ ഒരുവൻ ചൂണ്ടിക്കാണിച്ചു. ചൈനയിൽ അക്രമപ്രവൃത്തികൾ ഇളക്കിവിടുന്നതിനു് അമേരിക്കക്കാരുംമററും സഭയെ ആയുധമാക്കുന്നുണ്ടെന്നു് അപരൻ ആരോപിക്കയുണ്ടായി. അവസാനം പ്രധാനമന്ത്രി ഇങ്ങനെ പ്രസംഗിച്ചു: "ഇന്നത്തെ സ്വാതന്ത്ര്യപ്രസ്ഥാനത്തിൽനിന്നും ചൈനയിലെ കത്തോലിക്കരെ ഒഴിച്ചുനിർത്തുവാൻ നിവൃത്തിയില്ല...... അതിൽ സഹകരിക്കുക എന്നുള്ളതു സഭാവിഭാഗങ്ങളുടെ രാജ്യസ്നേഹദ്യോതകമായ ഒരു പ്രവൃത്തിയാണു്. ഈ പ്രസ്ഥാനത്തെ സഹായിക്കുന്നതിനും വളർത്തുന്നതിനും ഗവമ്മെന്റു ശ്രമിക്കുന്നതാണു്. ചൈനക്കാർ എന്ന നിലയിൽ പുതിയ ജനങ്ങളുടെ ചൈനയേയും അതിന്റെ സുഹൃത്തുക്കളേയും നാം സ്നേഹിക്കണം; ഗവമ്മെന്റിന്റെ ശത്രുക്കളെ നാം വെറുക്കുകയും അവരുമായുള്ള ബന്ധം വിച്ഛേദിക്കയും വേണം........ കത്തോലിക്കർ ഗുണവാന്മാരും ധീരന്മാരുമാണു്. പക്ഷെ അവരുടെയിടയിലും അക്രമികളും ഗൂഢാസൂത്രകളുമുണ്ടു്."

## കപടതന്ത്രങ്ങൾ

ഈ ത്രിവിധസ്വാതന്ത്ര്യപ്രസ്ഥാനം രാജ്യത്തിന്റെ സകല ഭാഗങ്ങളിലും വ്യാപിച്ചിരിക്കുന്നു. "മതത്തെ ശുദ്ധീകരിക്കണം; അതിനെ വിദേശാധിപത്യത്തിൽനിന്നും വിമുക്തമാക്കണം; അതിനെ നവീകരിക്കണം" എന്നു് സർവ്വത്ര ഉൽഘോഷിക്കപ്പെടുന്നു. ഇങ്ങനെ ശക്തിയായ പ്രചരണം നടത്തിയിട്ടും കത്തോലിക്കരെ തങ്ങളുടെ വലയിൽ കുടുക്കുവാൻ പ്രയാസമാണെന്നു മനസ്സിലാക്കിയ ഗവമ്മെണ്ടധികാരികൾ അതിനായി കപടതന്ത്രങ്ങൾ പ്രയോഗിച്ചുവരുന്നു. ഫാദർ വാങ്ങ് ലിയാംഗ് ടിസോ എന്ന ഒരു വൈദികൻ ഈ പ്രസ്ഥാനത്തിന്റെ ജനയിതാവാണെന്നും അദ്ദേഹത്തിന്റെ ഒപ്പോടുകൂടിയ ഒരു പ്രകടനപത്രിക പ്രസിദ്ധീകൃതമായിട്ടുണ്ടെന്നും ഒരു കമ്മ്യൂണിസ്റ്റു് പത്രം റിപ്പോർട്ടുചെയ്തിരിക്കുന്നു. പക്ഷെ ഇങ്ങനെ ഒരു പ്രകടനപത്രികയിൽ ഫാദർ വാങ്ങ് ഒപ്പുവെക്കുകയുണ്ടായിട്ടില്ല. ഈ വൈദികന്റെ അറിവുകൂടാതെ അദ്ദേഹത്തിന്റെ പേർ പ്രകടനപത്രികയിൽ ചേർക്കുകയും പ്രസ്ഥാനത്തിന്റെ പ്രോത്സാഹകനായി അദ്ദേഹത്തിന്റെപേർ ഔദ്യോഗികറിപ്പോർട്ടുകളിൽ പ്രസിദ്ധീകരിക്കയും ആണു് ചെയ്തതു്. ഈ പ്രവൃത്തിയുടെ അനൗചിത്യത്തെപ്പററി ഫാദർ വാങ്ങ് ഗവമ്മെണ്ടധികാരികളുടെ പക്കൽ പ്രതിഷേധം പ്രകടിപ്പിച്ചപ്പോൾ അവർ അദ്ദേഹത്തെ കാരാഗൃഹത്തിലടയ്ക്കുകയാണു് ചെയ്തതു്. ഈ വീരവൈദികന്റെ ഭാവിയെപ്പററി ഊഹിച്ചുകൊള്ളുക.

ഇങ്ങനെ "യാഥാർത്ഥ്യം" എന്ന നാട്യത്തിൽ കമ്മ്യൂണിസ്റ്റുകാർ പ്രസിദ്ധീകരിച്ചുവരുന്ന കള്ളറിപ്പോർട്ടുകൾ അനവധിയാണു്. കത്തോലിക്കരുടെ ധൈര്യത്തെ കെടുത്തുന്നതിനായി ഗവർമ്മെണ്ടു പ്രചരിപ്പിച്ചുവരുന്ന അപഖ്യാതികളുടെ ആധിക്യത്തെപ്പററി ഒരു കന്യാസ്ത്രീ യൂറോപ്പിലെ ഒരു മിഷനറിയെ ഇങ്ങനെ അറിയിക്കയുണ്ടായി: "ഞങ്ങളെപ്പററി പത്രങ്ങളിൽ പ്രസിദ്ധീകരിക്കപ്പെടുന്ന റിപ്പോർട്ടുകൾ യാതൊന്നും വിശ്വസിക്കരുതു്. ഞങ്ങളുടെ തലപോയാലും ഞങ്ങൾ സത്യവിശ്വാസത്തെ ഉപേക്ഷിക്കയില്ല."

കത്തോലിക്കാസഭയെ നശിപ്പിക്കുന്നതിനായി വിവിധങ്ങളായ മാർഗ്ഗങ്ങളാണു് കമ്മ്യൂണിസ്റ്റുകാർ ചൈനയിൽ പ്രയോഗിച്ചുവരുന്നതു്. വിദേശമിഷനറിമാരെയെല്ലാം അവരുടെ ഗ്രാമങ്ങളിലും വാസസ്ഥലങ്ങളിലും തടവുകാരാക്കിയിരിക്കുന്നു മെത്രാന്മാർ ഉൾപ്പെടെ പലരേയും കാരാഗൃഹത്തിലടയ്ക്കുകയും നാട്ടിൽനിന്നും ബഹിഷ്കരിക്കുകയും ചെയ്തിരിക്കുന്നു. നഗരങ്ങളിൽനിന്നും അകലെയുള്ള മിഷൻകേന്ദ്രങ്ങളിലേക്കു് പോകുന്നതിനു് ചൈനീസ് വൈദികരെ അനുവദിക്കുന്നില്ല. അവർ ഓരോസ്ഥലത്തേക്കു മാറിപ്പോകുമ്പോൾ പോലീസിന്റെ അനുമതി വാങ്ങേണ്ടിയിരിക്കുന്നു. വിദേശങ്ങളിൽനിന്നും ധനസഹായം ലഭിക്കുന്നതിൽ പ്രതിബന്ധങ്ങൾ ഉണ്ടാക്കിയിരിക്കുന്നു. പല രൂപതകളിലും വൈദികരില്ലാതെ വിഷമിക്കുന്നു കുട്ടികൾ ഉൾപ്പെടെ അൽമേനികൾ എല്ലാവരും മാർക്സിസം പഠിക്കുന്നതിനു് നിർബന്ധിതരായിരിക്കുന്നു. പള്ളിയിൽ പോയി മടങ്ങുന്നവരെ പോലീസു് ഭീഷണിപ്പെടുത്തുകയും തടഞ്ഞുനിർത്തി വളരെനേരം ചോദ്യങ്ങൾ ചോദിച്ചു ശല്യപ്പെടുത്തുകയുംചെയ്യുന്നു. കത്തോലിക്കരുടെ അനവധി സ്കൂളുകൾ നിർത്തൽചെയ്തിരിക്കുന്നു കുട്ടികളെ കമ്മ്യൂണിസ്റ്റു സംഘടനകളിൽ നിർബന്ധിച്ചു ചേർക്കുന്നു. കത്തോലിക്കാ സർവ്വകലാശാലകളെ ഗവർമ്മെന്റു നിയന്ത്രണത്തിലാക്കുന്നു. ഇങ്ങനെ വിവിധങ്ങളായ പരിപാടികളാണു് കമ്മ്യൂണിസ്റ്റുകാർ സ്വീകരിച്ചിരിക്കുന്നതു്.

## ദുഷ്പ്രചരണം

പൂർവ്വയൂറോപ്പിലെ കമ്മ്യൂണിസ്റ്റുരാഷ്ട്രങ്ങൾ പ്രയോഗിച്ചിട്ടില്ലാത്ത ഒരു പുതിയ അടവാണു ചൈനയിൽ കമ്മ്യൂണിസ്റ്റുകാർ കന്യാസ്ത്രീകളുടെ നേർക്കു പ്രയോഗിച്ചുവരുന്നതു് അമലോത്ഭവസഭയിൽപ്പെട്ട കന്യാസ്ത്രീകൾ രണ്ടായിരത്തിൽപ്പരം അനാഥശിശുക്കളെ കൊന്നുകളഞ്ഞുപോലും. ഈ കുററംചുമത്തി കുറേ കനേഡിയൻ കന്യാസ്ത്രീകളെ തടവുശിക്ഷയ്ക്കുവിധിച്ചിരിക്കുന്നു. എന്താണിതിന്റെ യാഥാർത്ഥ്യം? ആസന്നമരണരായി തെരുവീഥികളിൽ പരിത്യക്തരാകുന്ന അനാഥശിശുക്കളെയാണു് ഈ കന്യാസ്ത്രീകൾ ശേഖരിച്ചു ശുശ്രൂഷിക്കുന്നതു. ഈ കന്യാസ്ത്രീകളുടെ ശുശ്രൂഷകൾക്കു് വിഷയമാകുന്നതുകൊണ്ടു് ഇവരിൽ കുറെയെല്ലാം ജീവിക്കുന്നു. ഒരു വലിയ വിഭാഗം മരിച്ചുപോകുന്നുവെന്നതു വാസ്തവംതന്നെ. പക്ഷേ കന്യാസ്ത്രീകളുടെ ശ്രദ്ധയിൽ പെടാതിരുന്നുവെങ്കിൽ ഇവരിൽ ആരുംതന്നെ ജീവിക്കയില്ലായിരുന്നുവെന്നതാണു് അനിഷേധ്യമായ വാസ്തവം. ഇങ്ങനെ കുറേ ശിശുക്കളെ മരണവക്ത്രത്തിൽനിന്നും രക്ഷിക്കുന്നതിനു് കമ്മ്യൂണിസ്റ്റുകാർ നൽകുന്ന പ്രതിഫലമാണു് ദോഷാരോപണവും തടവുശിക്ഷയും. കന്യാസ്ത്രീകളുടെമേൽ ആരോപിക്കപ്പെട്ട ഈ ശിശുവധത്തെപ്പററി കാനഡായിലെ വിദേശകാര്യമന്ത്രി മി. ലെസ്റ്റർ പിയേഴ്സൺ പറയുന്നതു്, അതു് "ഏററവും വിചിത്രവും അടിസ്ഥാനരഹിതവും ആയിരിക്കുന്നു"വെന്നാണു്.

"ഫ്രാൻസിസ്കൻ മിഷണറിസ് ഓഫ് മേരി" എന്ന സന്യാസസഭയിൽപ്പെട്ട രണ്ടുകന്യാസ്ത്രീകളെ, ഒരു പെൺകുട്ടിയുടെ മരണത്തിനു കാരണമാക്കി എന്ന കുററംചുമത്തി ജയിൽശിക്ഷയ്ക്കു വിധിച്ചുവെങ്കിലും ഉടനെതന്നെ ശിക്ഷ മയപ്പെടുത്തി അവരെ നാടുകടത്തി. നിമോണിയാ പിടിപെട്ടു് ഈ കുട്ടി ആശുപത്രിയിൽവച്ചു മരിച്ചുവെന്നതാണു് വാസ്തവം. സംഭവം കഴിഞ്ഞു മൂന്നുമാസത്തിനുശേഷമാണു് കന്യാസ്ത്രീകളുടെമേൽ കുററാരോപണമുണ്ടായതു്.

ഇങ്ങനെയുള്ള അടിസ്ഥാനരഹിതങ്ങളായ കുററാരോപണങ്ങൾ ഭയന്നു് വിദേശത്തു സ്ഥാപിതമായ പല സന്യാസസഭകളും തങ്ങളുടെ അംഗങ്ങളെ ചൈനയിൽനിന്നും മടക്കിവിളിച്ചുവരുന്നു. ചൈനയിലെ സാധുജനങ്ങൾക്കു് ഈ ദീനദയാലുക്കളുടെ സ്നേഹമസൃണമായ സേവനങ്ങൾ നഷ്ടപ്പെടുന്നുവെന്നതാണു് ഇതിന്റെ പരിണാമഫലം.

## പേപ്പൽ നൺഷ്യോ

ഈ അടുത്തകാലത്തു് ചൈനയിലെ കമ്മ്യൂണിസ്റ്റുകാരുടെ വിദ്വേഷത്തിനു വിഷയമായ വൈദികാദ്ധ്യക്ഷനാണു് അവിടത്തെ പേപ്പൽനൺഷ്യോ ആർച്ചുബിഷപ്പു് റിബേരി. സ്വതന്ത്രമായ ഒരു ശിസ്മസഭ സ്ഥാപിക്കുന്നതിനുള്ള സംരംഭത്തിന്റെ വിജയത്തിനു് അദ്ദേഹത്തിന്റെ സാന്നിദ്ധ്യം വലിയ വിഘാതമാണെന്നുകാണുകയാൽ എങ്ങനെയും അദ്ദേഹത്തെ നാടുകടത്തുന്നതിനു് ഗവമ്മെന്റു നിശ്ചയിച്ചു അതിന്റെ നാന്ദിയായി പെക്കിങ്ങിലെ "പിപ്പിൾസ് ഡയിലി" എന്ന കമ്മ്യൂണിസ്റ്റുപത്രത്തിൽ നൺഷ്യോ ഗവമ്മെൻറിനെതിരായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു എന്നു് ഒരു ആരോപണമുണ്ടായി. ചൈനയിലെ മെത്രാന്മാർക്കു് അദ്ദേഹം അയച്ചു ഒരു ലേഖനത്തെ ഉദ്ദേശിച്ചായിരുന്നു ഈ ആരോപണം. രാഷ്ട്രത്തിന്റെ നേതൃത്വത്തിലുള്ള സ്വതന്ത്രസഭാസ്ഥാപനത്തെ തടയുന്നതിനുള്ള അദ്ദേഹത്തിന്റെ സംരംഭങ്ങളെ ഒരിക്കലും അനുവദിക്കാൻ പാടില്ലെന്നു് ആ പത്രം പ്രസ്താവിച്ചു. മററു കമ്മ്യൂണിസ്റ്റുപത്രങ്ങളും അദ്ദേഹത്തിന്റെമേൽ കുററങ്ങൾ ആരോപിച്ചുതുടങ്ങി. ആർച്ചുബിഷപ്പിനെതിരായി കർശനനടപടികൾ സ്വീകരിക്കുന്നതിനു് ഈ പത്രങ്ങൾ ഗവമ്മെന്റിനെപ്രേരിപ്പിച്ചു അതിന്റെ ഫലമായി കുറേക്കാലം അദ്ദേഹത്തെ സ്വവസതിയിൽ തന്നെ ഒരു തടവുകാരനാക്കി. നാങ്കിങ്ങിലെ സൈനികനിയന്ത്രണ കമ്മിഷന്റെ ഓർഡർ അനുസരിച്ചു് കഴിഞ്ഞ ദിവസം അദ്ദേഹത്തെ ചൈനയിൽനിന്നു് ബഹിഷ്കരിച്ചിരിക്കുന്നു. അദ്ദേഹത്തെ കുററംചുമത്തി കോടതിയിൽ വിസ്തരിക്കയുണ്ടായില്ല. ചിയാങ്ങു് കൈഷക്കിന്റെ ഭരണത്തെ പരസ്യമായി പിൻതാങ്ങി; ആഭ്യന്തരയുദ്ധകാലത്തു് ദേശീയസൈന്യത്തെ സഹായിക്കുന്നതിനു് കത്തോലിക്കരെ പ്രേരിപ്പിച്ചു; അമേരിക്കക്കാരുമായി സഖ്യംപുലർത്തുന്നു; "ശല്യകാരണമായ" ലീജിയൻ ഓഫ് മേരി സംഘടിപ്പിച്ചു എന്നിങ്ങനെയുള്ള ആരോപണങ്ങൾ ചുമത്തിയാണു് അദ്ദേഹത്തെ ബഹിഷ്കരിച്ചിരിക്കുന്നതു്. കുറേനാൾമുമ്പു് അദ്ദേഹത്തിന്റെമേൽ ആരോപിതമായ കുററങ്ങളിൽനിന്നും വിഭിന്നമാണു് ഇവ. മെത്രാന്മാർക്കു് അദ്ദേഹം അയച്ച ലേഖനം സ്വതന്ത്രസഭാസ്ഥാപനത്തിനെതിരായുള്ള ജനങ്ങളുടെ എതിർപ്പിനെ രൂക്ഷതരമാക്കി എന്നുള്ളതാണു് യഥാർത്ഥകാരണം.

ചൈനയിൽനിന്നും ബഹിഷ്കൃതനായ നൺഷ്യോ ഹോങ്കോങ്ങിൽ പ്രവേശിച്ചപ്പോൾ നിരവധി കത്തോലിക്കർ അദ്ദേഹത്തെ അഭിവാദ്യംചെയ്യുകയും അദ്ദേഹത്തിന്റെ മോതിരം ചുംബിക്കുകയുംചെയ്തു "ഞാൻ ചൈനാക്കാരെ എപ്പോഴും സ്നേഹിക്കുന്നു; ദുഃഖത്തോടെയാണു ഞാൻ അവരെ വിട്ടുപിരിയുന്നതു്; എപ്പോഴും അവർക്കുവേണ്ടി ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കും" എന്നാണു് അദ്ദേഹം പറഞ്ഞതു്.

## നമുക്കു പ്രാർത്ഥിക്കാം

പ്രൊപ്പഗാന്താ തിരുസംഘത്തിനു ലഭിച്ചിട്ടുള്ള റിപ്പോർട്ടുകളിൽനിന്നും ഇപ്പോൾ ചൈനയിലെ കാരാഗൃഹങ്ങളിൽ 13 മെത്രാന്മാരും 200-ൽ അധികം വൈദികരും 30 കന്യാസ്ത്രീകളും ക്ലേശിക്കുന്നുണ്ടെന്നു് അറിവായിരിക്കുന്നു. മെത്രാന്മാരും വൈദികരും കന്യാസ്ത്രീകളും ഉൾപ്പെടെ നിരവധിപേർ ദിവസേനയെന്നോണം ചൈനയിൽനിന്നു ബഹിഷ്കൃതരായി അഭയാർത്ഥികളായി ഹോങ്ങ്കോങ്ങിൽ എത്തിക്കൊണ്ടിരിക്കുന്നു. ഇന്നത്തെ പീഡനങ്ങളെ ധൈര്യപൂർവ്വം നേരിട്ടു് അവയെ അതിജീവിക്കുന്നതിനുള്ള ശക്തി ചൈനയിലെ കത്തോലിക്കർക്കു് ലഭിക്കുന്നതിനുവേണ്ടി നമുക്കു് തീവ്രമായി പ്രാർത്ഥിക്കാം.

## പ്രസാധകക്കുറിപ്പുകൾ

### ശ്രീ പനമ്പിള്ളിയും സമ്മതിച്ചു

"ശ്രീനാരായണജയന്തി" പ്രമാണിച്ചു് സെപ്റ്റംബർ 14-ാംനു- ഒല്ലൂർ കൂടിയ പൊതുയോഗത്തിൽ മുൻവിദ്യാഭ്യാസമന്ത്രി ശ്രീ പനമ്പിള്ളി ഗോവിന്ദമേനോനാണു് അദ്ധ്യക്ഷതവഹിച്ചതു്. അദ്ദേഹം തൻെറ ഉപസംഹാരപ്രസംഗത്തിൽ സെക്കണ്ടറിസ്കൂൾ വിദ്യാഭ്യാസപദ്ധതിയെപ്പററി പറഞ്ഞഭാഗം "ദീപിക"യിൽ റിപ്പോർട്ടുചെയ്തിരുന്നതു് ഇപ്രകാരമാണു്: "അദ്ദേഹം വിദ്യാഭ്യാസപദ്ധതിയെ പ്രകീർത്തിച്ചതോടൊപ്പം മാററം വരുത്തിയിട്ടുള്ള വിദ്യാഭ്യാസപദ്ധതി അദ്ധ്യാപകതാല്പര്യങ്ങളെ യാതൊരുവിധത്തിലും ദോഷപ്പെടുത്തുകയില്ലെന്നു വ്യക്തമാക്കി... ക്രൈസ്തവർ വിദ്യാഭ്യാസപദ്ധതിയെ മാനമായവിധത്തിലാണു് എതിർത്തതെന്നും അവരുടെ നിലപാടിൽ താനിപ്പോൾ യോജിക്കുന്നുവെന്നും, ആ ഞാനത്തോടുകൂടിചെയ്ത അവരുടെ പരിശ്രമം വിജയിച്ചതിൽ തനിക്കു കുണ്ഠിതമില്ലെന്നും അദ്ദേഹം തുറന്നു സമ്മതിച്ചു." "തൻപിള്ള, പൊൻപിള്ള" എന്നതത്വം അനുസരിച്ചു് നോക്കുമ്പോൾ ശ്രീ പനമ്പിള്ളി സ്വന്തം വിദ്യാഭ്യാസപദ്ധതിയെ പ്രകീർത്തിച്ചതിൽ ആശ്ചര്യപ്പെടുവാനില്ല. അദ്ദേഹം ഉദ്യോഗമൊഴിഞ്ഞതിനുശേഷം കേന്ദ്രഗവമ്മെൻറിൻെറ നിർദ്ദേശപ്രകാരം പദ്ധതിയിൽ വരുത്തിയ അഥവാ വരുത്തണമെന്നു പാർലമെൻററിപാർട്ടി തീരുമാനിച്ച ഭേദഗതികൾ അദ്ധ്യാപകതാല്പര്യങ്ങൾക്കു എതിരല്ലെന്നും ക്രൈസ്തവരുടെ പ്രക്ഷോഭണം "മാനമായ" വിധത്തിലുള്ളതായിരുന്നെന്നും പദ്ധതിയുടെ പ്രണേതാവായ ശ്രീ പനമ്പിള്ളിപോലും സമ്മതിച്ചിരിക്കുന്നതിൽ ചാരിതാർത്ഥ്യത്തിനു് അവകാശമുണ്ടു്.

### അന്നത്തെ ധൃതിയും ഇന്നത്തെ മന്ദതയും

എന്നാൽ സെക്കണ്ടറി വിദ്യാഭ്യാസപദ്ധതിയുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധാർഹമായിരിക്കുന്നതു മറെറാരു സംഗതിയാണു—ഗവമ്മെൻറിൻെറ അന്നത്തെ ധൃതിയും ഇന്നത്തെ മന്ദതയും. 1950 ആഗസ്റ്റ് 12-ാംനു- കൂടേണ്ടിയിരുന്ന ത്രികക്ഷിസമ്മേളനത്തിലേക്കുള്ള ക്ഷണക്കത്തുകൾ മാനേജർമാർക്കയച്ചതു ആഗസ്റ്റ് 8-ാംനു- മാത്രമാണു്. തങ്ങളുടെ മേലധികാരികളുടെ അനുവാദംകൂടി ലഭിച്ചശേഷമല്ലാതെ അവസാനതീരുമാനമെടുക്കാൻ നിവൃത്തിയില്ലെന്നു കത്തോലിക്കാമാനേജർമാർ ആ സമ്മേളനത്തിൽ വ്യക്തമാക്കി. അതനുസരിച്ചു് പദ്ധതിയെപ്പററി ആലോചിക്കുന്നതിനായി ആഗസ്റ്റ് 20-ാംനു- വൈദികമേലദ്ധ്യക്ഷന്മാരുടെ സമ്മേളനം നടക്കാനിരുന്ന കാര്യവും പ്രസിദ്ധമായിരുന്നു. എന്നിട്ടും അതിനുമുമ്പായിത്തന്നെ ആഗസ്റ്റ് 19-ാംനു- ഗവമ്മെൻറ് പ്രൊസീഡിംഗ്സ് പാസ്സാക്കി. പിന്നീടു് നവംബർ 2-ാംനു- ഗവമ്മെൻറു ഒരു പ്രസ്സ്നോട്ടും ഇറക്കുകയുണ്ടായി. അങ്ങനെ കാര്യങ്ങളെല്ലാം അനുധൃതഗതിയിലാണു നടന്നതു്. എന്നാൽ ആ തീക്ഷ്ണതയൊന്നും ഇന്നു കാണുന്നില്ല. തിരു-കൊച്ചിക്കകത്തും പുറത്തുമുള്ള പലരുടേയും പ്രതിഷേധത്തിനു പാത്രമായ ഈ പദ്ധതിയിൽ ചില വ്യതിയാനങ്ങൾ വരുത്തുവാൻ ഇക്കഴിഞ്ഞ ജൂലൈ 20-ാംനു- തിരുവനന്തപുരത്തുവച്ചുകൂടിയ കോൺഗ്രസ്സുപാർട്ടി എക്സിക്യൂട്ടീവു കമ്മിററിയിലും പിറേറദിവസം കൊല്ലത്തുവച്ചുകൂടിയ കോൺഗ്രസ്സുപാർലമെൻററിപാർട്ടിയോഗത്തിലും നിശ്ചയങ്ങൾചെയ്തതാണു്. ആ നിശ്ചയങ്ങളെ അദ്ധ്യാപകന്മാരും മാനേജർമാരും ഒരുപോലെ സ്വാഗതംചെയ്യുകയും ചെയ്തിട്ടുണ്ടു്. എന്നിട്ടും തൽസംബന്ധമായ ഗവമ്മെൻറു പ്രൊസീഡിംഗ്സ് ഇതേവരെ പുറത്താകയോ കാര്യം നടപ്പാകയോ ചെയ്തിട്ടില്ല. "വിശദാംശങ്ങൾ ശരിപ്പെട്ടിട്ടില്ല", "ഭേദഗതികൾ വരുത്തുവാൻ ആലോചിച്ചുവരുന്നു", എന്നൊക്കെയാണു് അധികൃതസ്ഥാനങ്ങളിൽനിന്നു ലഭിക്കുന്ന മറുപടികൾ. ഈ അനാസ്ഥയുടെയെല്ലാം രഹസ്യമെന്തായിരിക്കാം? എങ്ങനെയായാലും, ഇനി കാലവിളംബമെന്യേ പ്രൊസീഡിംഗ്സ് പാസ്സാകുമെന്നും യാതൊരു സംശയത്തിനും അവകാശമില്ലെന്നും വിദ്യാഭ്യാസമന്ത്രി സെപ്റ്റംബർ 28-ാംനു-യിലെ കോൺഗ്രസ്സ് പാർലമെൻററി പാർട്ടി യോഗത്തിൽ ഉറപ്പുപറഞ്ഞതായിറിപ്പോർട്ടുണ്ടു് അതു സാദ്ധ്യമായിഭവിക്കുമെന്നും അങ്ങനെ അദ്ധ്യാപകരുടെ അവശതകൾക്കും മാനേജർമാരുടെ ഉൽക്കണ്ഠകൾക്കും നിവാരണമുണ്ടാകുമെന്നും പ്രതീക്ഷിക്കാം.

### പ്രതിഷേധിക്കണം

"കുടുംബസംവിധാനം അഥവാ ജനനനിയന്ത്രണം തങ്ങളുടെ നയവും ആദർശവുമായി പ്രഖ്യാപിക്കുന്ന യാതൊരു പാർട്ടിക്കും, അതു കോൺഗ്രസ് പാർട്ടിയായിരുന്നാലും ശരി, കത്തോലിക്കർ അവരുടെ സഹകരണം നൽകുകയില്ല, നൽകാവുന്നതുമല്ല", എന്നത്രേ തൃശ്ശൂക്കുടിമെത്രാൻ റൈററ് റവ. ഡോക്ടർ ജോർജ്ജ് ആലപ്പാട്ടു തിരുമേനി, തൻെറ 38-ാം പട്ടാഭിഷേകവാർഷികം പ്രമാണിച്ചു കൂടിയ യോഗത്തിൽ പ്രസ്താവിച്ചതു്. തിരുമേനി തുടന്നു: "നിയമസഭയിലെ കുറെ സ്ഥാനങ്ങൾക്കുവേണ്ടി കത്തോലിക്കർ കണ്ണും വായും അടച്ചു് ഒന്നും കാണാതെയും പറയാതെയും ഇരുന്നുകൊള്ളും എന്നു യാതൊരു രാഷ്ട്രീയപാർട്ടിയും തെററിദ്ധരിക്കാതിരിക്കട്ടെ. കത്തോലിക്കാവിശ്വാസത്തിനു വിരുദ്ധമായ, ജനതയുടെ സന്മാർഗ്ഗത്തെ താറുമാറാക്കുന്ന ഏതൊരു ഗവമ്മെൻറുനടപടിയേയും അരയും തലയും മുറുക്കി അവർ ചെറുക്കും. കോൺഗ്രസ്പാർട്ടിയെ കത്തോലിക്കർ ഇനിയും തുടന്നു പിൻതാങ്ങുവാൻ സാധിക്കത്തക്കവണ്ണം കോൺഗ്രസിൻെറ പ്രകടനപത്രികയിൽ കുടുംബക്രമീകരണത്തെപ്പററിയുള്ള പരാമർശനം അതിൽനിന്നു മാററിക്കുന്നതിനു കോൺഗ്രസ്സിലുള്ള കത്തോലിക്കർ കാലതാമസമെന്യേ ശ്രമിക്കും എന്നു നാം പ്രതീക്ഷിക്കുന്നു." വന്ദ്യതിരുമേനിയുടെ ഉൽബോധനമനുസരിച്ചു് നമുക്കു സ്വീകാര്യമല്ലാത്ത ആ ഒരു ഘടകം കോൺഗ്രസ്സ് പ്രകടനപത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്നതിനെ നാം ശക്തിയുക്തം പ്രതിഷേധിക്കേണ്ടതത്രെ. സെപ്റ്റംബർ 26-ാംനു- തിരു-കൊച്ചിയിലെ നിയമസഭായോഗത്തിൽ ജനനനിയന്ത്രണവാദം തലപൊക്കുകയുണ്ടായെന്ന സംഗതി ഈ പ്രതിഷേധത്തിൻെറ ആവശ്യകതയെ കൂടുതൽ വ്യക്തമാക്കുന്നുണ്ടു്.



ബ. അൽഫോൻസാമ്മയുടെ സഹായത്താൽ വളരെക്കാലമായുണ്ടായിരുന്ന എൻെറ സുഖക്കേടു സുഖമായതിനും, മററു ഉപകാരങ്ങൾ ലഭിച്ചതിനും കൃതജ്ഞത.

മിസിസ് ട്രീസാ ജോൺ,
സെൻറ് ജോസഫ്സ് ഹൈസ്കൂൾ
കോഴിക്കോടു് (മലബാർ)


**മൂക്കന്നൂർ ചെറുപുഷ്പദേവാലയത്തിൽ**

വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുനാൾ 1951 ഒക്ടോബർ 7-ാം തിയതി ഞായറാഴ്ച ആഘോഷിക്കപ്പെടുന്നതാകുന്നു.



**മാധവബാലപീയൂഷം**

ഗ്രഹണി, കരപ്പൻ, ബാലപീഡ. കരൾവീക്കം മുതലായ എല്ലാവിധ ബാലരോഗങ്ങൾക്കും സിദ്ധൌഷധം. ശിശുക്കൾക്കു് ആരോഗ്യവും ഉന്മേഷവും നൽകുന്ന ഒരു ഉത്തമ ടോണിക്ക്. എല്ലായ്പ്പോഴും "മാധവ ആയുർവ്വേദ ഔഷധങ്ങൾ" ഉപയോഗിക്കുക.

**മാധവ ഫാർമസി ലിമിററഡ്,**

ബാനർജി റോഡ — എറണാകുളം

(മദ്രാസ് ഗവമ്മെണ്ടു് മെഡിക്കൽ ബോർഡിനാൽ അംഗീകരിക്കപ്പെട്ടതു്)

(സ്റ്റോക്കിസ്റ്റ്സ്:- ആനന്ദഫാർമസി, ബ്രോഡ്‌വേ, എറണാകുളം
ശാന്താ മെഡിക്കൽ സ്റ്റോഴ്സ്, ന്യൂ റോഡ്, കൊച്ചി)



**Thanksgiving**
**for favours received**
**through the intercession of**
**SR. ALPHONSA.**
A citizen of Kandassankadavu


### സത്യദീപം വരിസംഖ്യ

| | പ്രതിവർഷം |
|---|---|
| തിരു-കൊച്ചിയിൽ | 6—0—0 |
| തിരു-കൊച്ചിക്കു പുറമെ | 6—8—0 |
| ഇൻഡ്യക്കുപുറമെ | 8—0—0 |

### അടുത്തയാഴ്ചയിൽ

ഒക്ടോബർ
7 ഞാ: പന്തക്കുസ്താ 21-ാം ഞായർ
8 തി: ബ്രിജിത്ത
9 ചൊ: ദ്യോനോസിസ്
10 ബു: ഫ്രാൻസിസ്ക്കോസ് ബോർജിയ
11 വ്യാ: ഗോർഗോനിയോസ്
12 വെ: കൊർദ്ദനാലിയോസ്
13 ശ: എദ്വാർദോസ്




അമ്മ: "ബേബി. ആ വീട്ടിലെ കുട്ടികൾക്കാണെങ്കിൽ അപ്പനുമില്ല, അമ്മയുമില്ല, അമ്മായിയുമില്ല. അതുകൊണ്ടു് നീ അവർക്കും വല്ലതുമൊക്കെ കൊടുക്കേണ്ടതല്ലേ?"

ബേബി: "എന്നാൽ അവർ അമ്മായിയെ എടുത്തോട്ടെ."

* * *

മോട്ടോർ സൈക്കിളിൽ കയറിയ വില്യം കാററു് നെഞ്ചത്തു് നേരെ അടിച്ചതിനാലുണ്ടായ വിഷമതയെപ്പററി സ്നേഹിതൻ ടോമിനോടു പരാതിപ്പെട്ടു. ടോം അതിനൊരു വിദ്യ പറഞ്ഞുകൊടുത്തു —കോട്ടിൻെറ പുറകുഭാഗം മുമ്പിലേക്കാക്കിയിടാൻ. വില്യം അങ്ങനെചെയ്തു. കുറെക്കഴിഞ്ഞു വില്യം വഴിയിൽ ബോധരഹിതനായി കിടക്കുന്നതുകണ്ടു്, ടോം സമീപത്തുനിന്നവരോടു കാരണമാരാഞ്ഞു "ഞങ്ങൾക്കൊന്നുമറിഞ്ഞുകൂടാ. ഞങ്ങൾ അവൻെറ കഴുത്തുതിരിച്ചു തല നേരെവെച്ചതിൽപ്പിന്നെ അവൻ മിണ്ടിയിട്ടില്ല" എന്നായിരുന്നു അവരുടെ മറുപടി.

* * *

ലേഖകൻ പത്രാധിപക്കെഴുതിയകത്തു്: "അല്ലയോ പത്രാധിപർസാറേ, എൻെറ ലേഖനം മടക്കി അയച്ചതു് എനിക്കു വാലില്ലാഞ്ഞിട്ടായിരിക്കും അല്ലേ?"

പത്രാധിപരുടെ മറുപടി: "വാലില്ലാത്തതു സഹിക്കാമായിരുന്നു. തലയെങ്കിലും വേണ്ടേ?"

* * *

"ഈ സ്ത്രീധനം എന്നൊരേർപ്പാടില്ലായിരുന്നെങ്കിൽ എത്ര പെൺകുട്ടികളുടെ കല്യാണം നടക്കുമായിരുന്നെന്നു് അറിയാമോ?"

"അങ്ങനൊരേർപ്പാടുള്ളതുകൊണ്ടു് എത്ര പെൺകുട്ടികളുടെ കല്യാണം നടക്കുന്നുണ്ടെന്നറിയാമോ?"

——


ധനം സമ്പാദിക്കുവാനല്ല അതു മിതമായി വ്യയം ചെയ്യുവാനും
മിച്ചിയ്ക്കുവാനുമാണു് പഠിക്കുവാനുള്ളതു്.

**കാത്തലിക്ക് ബാങ്ക് ഓഫ് ഇൻഡ്യയെ സമീപിച്ചാൽ**

അതു് ഒരു ഗുരുനാഥനെപ്പോലെ നിങ്ങൾക്കു മാർഗ്ഗദർശനം നൽകും.
വെറും അഞ്ചു രൂപായുണ്ടെങ്കിൽ നിങ്ങൾക്കു അതിലെ ഒരു നിക്ഷേപകനാകാം.
പിന്നീടു ഒരു രൂപായിൽ കുറയാത്ത ഏതു തുകയും എപ്പോഴും നിക്ഷേപിക്കാം.
പലതുള്ളി പെരുവെള്ളമെന്നാണം നിങ്ങൾക്കു വരാം. പലിശനിരക്കോ ഏററവും ആദായകരം.

**ഹെഡ് ആഫീസ്: ചങ്ങനാശേരി**

ബ്രാഞ്ചുകൾ:— ആലപ്പുഴ, അതിരമ്പുഴ, കോഴിക്കോട്ട്, ചങ്ങനാശ്ശേരി, എടത്വാ, കാഞ്ഞിരപ്പള്ളി,
കോട്ടയം, മണിമല, തിരുവനന്തപുരം

## വൈദികാദ്ധ്യക്ഷ സമ്മേളനം

കേരളത്തിലെ കത്തോലിക്കാ വൈദികാദ്ധ്യക്ഷന്മാരുടെ വാർഷികസംയുക്ത കോൺഫറൻസ് എറണാകുളം അതിമെത്രാസനമന്ദിരത്തിൽവച്ച് സെപ്റ്റംബർ 16-ാംനു എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ നടന്നു. വി. തോമാശ്ലീഹായും വി. ഫ്രാൻസീസ് സേവ്യറും കേരളത്തിൽ പ്രവേശിച്ചതിന്റെ ശതവത്സരാഘോഷങ്ങൾ 1952 ഡിസംബർ അവസാനത്തിൽ എറണാകുളത്തുവച്ച് നടത്തുവാൻ സമ്മേളനം തീരുമാനിക്കുകയുണ്ടായി.

## തിരു-കൊച്ചിവാർത്തകൾ

### കെ. പി. സി. സി. യോഗം

കേരള പ്രൊവിൻഷ്യൽ കോൺഗ്രസ് കമ്മിററിയുടെ ഒരു യോഗം സെപ്റ്റംബർ 30-ാംനു കോട്ടയത്തുവച്ച് പ്രസിഡണ്ട് ശ്രീ കുമ്പളത്തു ശങ്കുപ്പിള്ളയുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. ഡെമോക്രാററിക് കോൺഗ്രസും കോൺഗ്രസ് പാർട്ടിയും തമ്മിൽ ഒത്തുതീർപ്പു സംബന്ധിച്ചായിരുന്നു പ്രധാനമായും ചർച്ചകൾ നടന്നത്. തത്സംബന്ധമായി വേണ്ട കൂടിയാലോചനകൾ നടത്തി ഇലക്ഷൻകമ്മിററിക്ക് ശുപാർശ സമർപ്പിക്കുവാൻ മെ. കുമ്പളം, കെ. പി. മാധവൻനായർ (കൺവീനർ), എൻ. പി. വറുഗീസ്, വി. എ. ഗോപാലൻനായർ, വി മാധവൻ എന്നിവരടങ്ങിയ ഒരു കമ്മിററിയെ യോഗം ഭരമേല്പിച്ചു. ഇലക്ഷൻ കമ്മിററിയിൽനിന്നും രാജിവച്ച ശ്രീ കെ. അയ്യപ്പനുപകരം ശ്രീ കെ. പി. മാധവൻനായർ തിരഞ്ഞെടുക്കപ്പെട്ടു. കേരളത്തിൽനിന്നുള്ള 5 എ. ഐ. സി. സി. അംഗങ്ങൾ രാജിവച്ചിട്ടുള്ളതിനാൽ തൽസ്ഥാനങ്ങളിലേക്കു തിരഞ്ഞെടുപ്പു നടത്തുവാനായി കെ. പി. സി. സി. ഒക്ടോബർ 13-ാംനു ഷൊർണ്ണൂർവച്ചു കൂടേണ്ടതാണെന്നു യോഗം തീരുമാനിച്ചു.

### അസംബ്ളി

തിരു-കൊച്ചി നിയമസഭയുടെ ഇത്തവണത്തെ സമ്മേളനം സെപ്റ്റംബർ 29-ാംനു-യോടുകൂടി പര്യവസാനിച്ചിരിക്കുന്നു. സമാപനസമ്മേളനത്തിൽ സെക്കണ്ടറി വിദ്യാഭ്യാസപദ്ധതി സംബന്ധിച്ച് നടന്ന ചോദ്യോത്തരങ്ങൾ താഴെ ചേർക്കുന്നു:-

ശ്രീ കെ. എം. ചാണ്ടി:- സെ: വിദ്യാഭ്യാസപദ്ധതിയിൽ വരുത്താൻ നിശ്ചയിച്ച മാററം എന്നേക്കു നടപ്പിലാക്കും?

മന്ത്രി:- മാററം വരുത്താൻ പാർട്ടി തീരുമാനിച്ചു. അതിനുള്ള പ്രൊസീഡിംഗ്സു തയാറായിരിക്കയാണെന്നു പറയുന്നതു ശരിയല്ല. വിശദാംശങ്ങൾ പലതു ഇനിയും തീരുമാനിക്കേണ്ടതുണ്ട്. അല്പംകൂടി സമയം അതിനെടുക്കും. കഴിവതും വേഗം അതു പൂർത്തിയാക്കുന്നതാണ്.

മി. കാപ്പൻ:- ചില സംശയങ്ങൾക്കെല്ലാം ഇടയായിട്ടുണ്ട്.

മന്ത്രി:- അതിനു കാരണമൊന്നും ഇല്ല. കഴിയുംവേഗം നടപ്പിലാക്കും.

### മാതൃകാതിരഞ്ഞെടുപ്പ്

അടുത്ത പൊതുതിരഞ്ഞെടുപ്പു സംബന്ധിച്ച് പരിശീലനം നൽകുക എന്ന ഉദ്ദേശത്തോടുകൂടി ഒക്ടോബർ 7-ാംനു ഇരണിയൽവച്ചും 14-ാംനു മാവേലിക്കരവച്ചും 21-ാംനു തൊടുപുഴവച്ചും നവംബർ 4-ാംനു ചാലക്കുടിയിൽവച്ചും മാതൃകാതിരഞ്ഞെടുപ്പുകൾ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

### പെൻഷൻ വയസ്സ്

തിരു-കൊച്ചിയിൽ ഡോക്ടർമാരുടെ ദൌർലഭ്യം പരിഗണിച്ച്, അവർക്കു പെൻഷൻപററി പിരിയാനുള്ള പ്രായം 55വയസ്സായിരുന്നതു 60 ആക്കി ദീർഘിപ്പിച്ചിരിക്കുന്നു.

### ഡൽഹിയിലേക്കു ക്ഷണിക്കുന്നു.

തിരു-കൊച്ചി കോൺഗ്രസിലെ മത്സരഗ്രൂപ്പുനേതാക്കന്മാർ തങ്ങളുടെ ഭിന്നതകൾ പറഞ്ഞവസാനിപ്പിക്കുന്നതിനായി ഒക്ടോബർ 5-ാംനു ഡൽഹിയിലെത്താനമെന്നു കോൺ. പ്രസിഡണ്ട് ആവശ്യപ്പെട്ടിട്ടുള്ളതായറിയുന്നു.

## ഇൻഡ്യാവാർത്തകൾ

### നെഹ്റുവിന്റെ ഉൽബോധനം

കോൺഗ്രസ് പ്രസിഡണ്ട് പണ്ഡിററ് നെഹ്റു പ്രാദേശിക കോൺഗ്രസ് ഇലക്ഷൻ കമ്മിററികൾക്ക് അയച്ചിട്ടുള്ള ഒരു സർക്കുലറിൽ ഇപ്രകാരം നിർദ്ദേശിച്ചിരിക്കുന്നു: ശരിയായ സ്വഭാവശുദ്ധിയുണ്ടെന്നു ഉദ്ബോദ്ധ്യംവരുത്തിട്ടുള്ളവരേയും ചുമതലകൾ തൃപ്തികരമായി നിർവ്വഹിക്കുവാൻ കഴിവുള്ളവരേയും കോൺഗ്രസാദർശങ്ങളെ യഥായോഗ്യം പ്രതിനിധാനംചെയ്യുന്നവരേയും മാത്രമേ സ്ഥാനാർത്ഥികളായി നിർത്താവൂ. മൌലികതത്വങ്ങളെ ബലിയർപ്പിച്ചുകൊണ്ടു കൂടുതൽ സീററുകൾ കരസ്ഥമാക്കുവാൻ ശ്രമിക്കുന്നതിൽഭേദം കുറേ സീററുകൾ നഷ്ടപ്പെടുകയായിരിക്കും. ന്യൂനപക്ഷങ്ങൾക്കു ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം നൽകേണ്ടതാണ്. ന്യൂനപക്ഷസ്ഥാനാർത്ഥികളെ തിരഞ്ഞെടുക്കുന്നതിൽ, വേണ്ടിവന്നാൽ അവരുടെ സമുദായനേതാക്കന്മാരെ ഇലക്ഷൻ കമ്മിററിയിൽ ഉൾപ്പെടുത്തി അവരുടെ അഭിപ്രായംകൂടി ആരാഞ്ഞു വർത്തിക്കേണ്ടതാണ്.

### മന്ത്രിസഭയിൽനിന്നും രാജി

ഹിന്ദുകോഡുബില്ലിന്റെ പ്രണേതാവായ നിയമവകുപ്പുമന്ത്രി ഡോക്ടർ ബി.



ദീനാധികോജ്ജ്വലദിവാതചബന്ധുരായ
നാനാജനത്തിനു വരിഷ്ഠമഭീഷ്ടമേകി
ട്ടുന്നതമൊരക്കയുമകററിടുമെന്റെയൽ
ഫോൺ-
സാമ്മന്ദദാത്രി ജനയിത്രി! നമിച്ചിടു-
ന്നേൻ.

ജോൺ കട്ടക്കയം EX. M. L. C.

ആർ. അംബേദ്കർ പ്രസ്തുത ബിൽ സംബന്ധിച്ച ചർച്ച പാർലമെൻറ് നിറുത്തിവച്ചതിനെത്തുടർന്നു, തന്റെ മന്ത്രിസ്ഥാനം രാജിവയ്ക്കാനനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു പ്രധാനമന്ത്രിക്കു കത്തയച്ചിരിക്കുന്നു.

ആഭ്യന്തരകാര്യമന്ത്രി ശ്രീ രാജഗോപാലാചാരി ഒക്ടോബർ അവസാനത്തോടുകൂടി തന്റെ മന്ത്രിപദം രാജിവയ്ക്കുന്നതാണെന്നും അതോടെ അദ്ദേഹം രാഷ്ട്രീയകാര്യങ്ങളിൽനിന്നെല്ലാം വിരമിക്കുന്നതാണെന്നുമറിയുന്നു.

### എം. പി. സ്ഥാനം നഷ്ടപ്പെട്ടു

ബോംബെയിൽനിന്നുമുള്ള പാർലമെൻറ് മെമ്പർ മി. മുസ്ലിമിന് തന്റെ എം. പി. സ്ഥാനം നിഷേധിക്കപ്പെട്ടിരിക്കുന്നു. മി. മുസ്ലിം തന്റെ എം. പി. സ്ഥാനം ദുർവിനിയോഗിച്ചു എന്നതാണ് അദ്ദേഹത്തിൽ ആരോപിതമായിരിക്കുന്ന കുററം.

### ആന്ധ്രാ സംസ്ഥാനത്തിനുവേണ്ടി

ശ്രീ സീതാരാം ആവശ്യപ്പെട്ടിരിക്കുന്ന പ്രകാരം ഒക്ടോബർ 22-ാംനു-കകം ആന്ധ്രാ സംസ്ഥാനം ഉടലെടുക്കാത്തപക്ഷം പ്രത്യക്ഷസമരപരിപാടികൾ സമാരംഭിക്കുവാൻ "രാഷ്ട്രസ്ഥാപക സംഘം" എന്ന പേരിൽ ഒരു സംഘടന ആന്ധ്രാദേശത്തു രൂപം പ്രാപിച്ചിരിക്കുന്നു.

### ഡിററൻഷൻ വീണ്ടും

മദ്രാസ് എസ്. എസ്. എൽ. സി. പരീക്ഷയ്ക്കു 1948-49 മുതൽ നിർത്തൽ ചെയ്തിരുന്ന സീലക്ഷൻ പരീക്ഷയും ഡിററൻഷനും അടുത്ത സ്കൂൾവർഷം മുതൽ വീണ്ടും ഏർപ്പെടുത്തുവാൻ മദ്രാസ് ഗവർമ്മെൻറ് തീരുമാനിച്ചിരിക്കുന്നു.

### തിരഞ്ഞെടുപ്പു ചിഹ്നങ്ങൾ

ഇലക്ഷൻ കമ്മീഷൻ താഴെകാണുന്ന ചിഹ്നങ്ങൾ അനുവദിച്ചിരിക്കുന്നു:

1. നുകവും വഹിച്ചുകൊണ്ടുള്ള രണ്ടു കാളകൾ—ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനു. 2. വൃക്ഷം—സോഷ്യലിസ്റ്റു പാർട്ടിക്കു. 3. നില്ക്കുന്ന സിംഹം—അഖിലേന്ത്യാ ഫോർവേഡ് ബ്ളോക്കു മാർക്സിസ്റ്റു ഗ്രൂപ്പിനു. 4. മനുഷ്യഹസ്തം—ഫോർവേഡ് ബ്ളോക്കു് റൂയിക്കർ ഗ്രൂപ്പിനു. 5. കുതിരയും സവാരിക്കാരനും—അഖിലഭാരതീയ ഹിന്ദുമഹാസഭ. 6. കുടിൽ—കിസാൻമസ്ദൂർ പ്രജാ പാർട്ടി. 7. ഉദയസൂര്യൻ—അഖിലഭാരതീയ രാമരാജ്യപരിഷത്തു്. 8. ആന—അഖിലേന്ത്യാ പട്ടികജാതി ഫെഡറേഷൻ. 9. ധാന്യക്കതിരും അരിവാളും—ഇന്ത്യൻ കമ്മ്യൂണിസ്റ്റുപാർട്ടി 10. തൂമ്പായും കൈയും—റെവലൂഷനറി സോ: പാർട്ടി ഓഫ് ഇന്ത്യാ. 11. കത്തുന്ന ദീപം—റെവലൂഷനറി കമ്മ്യൂണിസ്റ്റു പാർട്ടി ഓഫ് ഇന്ത്യാ. 12. നക്ഷത്രം—ബോൾഷെവിക് പാർട്ടി ഓഫ് ഇന്ത്യാ. 13. ധാന്യം പതിരുമാററുന്ന കർഷകൻ, കൃഷിക്കാർ—ലോക്‌പാർട്ടി. 14. ദീപം—അഖിലേന്ത്യാ ഭാരതീയജനസംഘം.

### പുതിയ പോസ്റ്റ്കാർഡ്

ഗാന്ധിജിയുടെ ജന്മദിനാഘോഷം പ്രമാണിച്ച് രാഷ്ട്രപിതാവിന്റെ ചിത്രങ്ങളോടുകൂടിയതും ഹിന്ദിലിപി അച്ചടിച്ചിട്ടുള്ളതുമായ പുതിയ പോസ്റ്റ്കാർഡുകൾ വിതരണംചെയ്യുവാൻ തീരുമാനിച്ചിരിക്കുന്നു.

ജപമാലയിലെ 15 ദിവ്യരഹസ്യങ്ങളെ ധ്യാനാത്മകമായി
വിവരിക്കുന്ന ഒരു സുമനോഹരഗ്രന്ഥം

"ധ്യാനാഞ്ജലി"

ഇന്നത്തെ വിപൽസന്ധിയെ തരണം ചെയ്യുവാൻ, റഷ്യയുടെ മാനസാന്തരവും ലോകസമാധാനവും കൈവരുത്തുവാൻ, ജപമാല വർദ്ധിച്ച തീക്ഷ്ണതയോടെ എത്തിക്കണമെന്നാണല്ലോ ഇക്കഴിഞ്ഞ സെപ്തംബർ 15-ാംതിയതി പരിശുദ്ധപിതാവ് കത്തോലിക്കലോകത്തെ ഉദ്ബോധിപ്പിച്ചതു്. ജപമാലഭക്തിക്കു പ്രതിഷ്ഠിതമായിരിക്കുന്ന ഈ ഒക്ടോബറിൽ വരുത്തിവായിക്കുക "ധ്യാനാഞ്ജലി". ജപമാലോച്ചാരണം തീക്ഷ്ണതയോടെ തുടരുവാൻ അതു നമ്മെ സഹായിക്കും.

മൂന്നു ഭാഗങ്ങൾക്കുംകൂടി ക. 1—8—0 മാത്രം
ജനറൽ സെക്രട്ടറി
എസ്സ്. എച്ച്. ലീഗ്., മംഗലപ്പുഴ സെമ്മിനാരി, ആലുവാ.

Short Notice Deposits

15 ദിവസത്തെ നോട്ടീസോടുകൂടി പിൻവലിക്കാവുന്ന ഡെപ്പോസിററുകൾ. 3% പലിശക്കു സ്വീകരിക്കുന്നു.

ദി ഫെഡറൽ ബാങ്ക്
ലിമിററഡ്, H. O. ആലുവാ

എറണാകുളം — അങ്കമാലി
ചാലക്കുടി — പെരുമ്പാവൂർ

## വിദേശവാർത്തകൾ

### പേർഷ്യൻ പ്രശ്നം

പേർഷ്യയിൽ ശേഷിച്ചിരുന്ന ബ്രിട്ടിഷ് ഉദ്യോഗസ്ഥന്മാരെക്കൂടി ബഹിഷ്കരിച്ചുകൊണ്ടു പേർഷ്യൻ ഗവമ്മെൻറ് ഉത്തരവു പുറപ്പെടുവിച്ചതിനെത്തുടന്നു സ്ഥിതിഗതികൾ കൂടുതൽ ഗൌരവാവഹമായിത്തീന്നിരിക്കുന്നു. 300 ബ്രി. ഉദ്യോഗസ്ഥന്മാർ ഈ ബുധനാഴ്ച പേർഷ്യയിൽനിന്നും കപ്പൽകയറുന്നതാണ്. പേർഷ്യൻ ഗവമ്മെൻറ് എണ്ണ പുറരാജ്യങ്ങളിലേക്കു കയററി അയക്കുന്നതിനെ തടയുവാൻവേണ്ടി പേർഷ്യൻ തീരപ്രദേശങ്ങളിൽ നാവികോപരോധമേർപ്പെടുത്തുവാൻ ബ്രിട്ടൻ നടപടികൾ സ്വീകരിച്ചിരിക്കുന്നതായി റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. എണ്ണത്തക്കം ഐക്യരാഷ്ട്രസമിതിയിൽ സമപ്പിക്കുവാൻ ബ്രിട്ടൻ തീരുമാനിച്ചിരിക്കുന്നതായുമറിയുന്നു. എന്നാൽ പേർഷ്യയിലെ എണ്ണത്തക്കം ഒരാഭ്യന്തരപ്രശ്നമാണെന്നും മററാരും അതിൽ ഇടപെടേണ്ടതില്ലെന്നും പേർഷ്യ ഇന്നത്തെ നയം തന്നെ തുടരുവാനാണു തീരുമാനിച്ചിരിക്കുന്നതെന്നുമാണു് പേർഷ്യൻ ഡെപ്യൂട്ടിപ്രധാനമന്ത്രി പ്രസ്താവിച്ചിരിക്കുന്നതു്.

### കൊറിയ

കൊറിയയിൽ സന്ധിസംഭാഷണം പുനരാരംഭിക്കുന്നതിനുള്ള സാദ്ധ്യതകൾ വിരളമായിത്തീന്നിരിക്കുന്നു. 38-ാം സമാന്തരരേഖയിലുള്ള കെയസോങ്ങിൽവച്ചുതന്നെ ചർച്ചകൾ തുടരണമെന്നു കമ്മ്യൂണിസ്റ്റുകാർ ആവശ്യപ്പെട്ടപ്പോൾ ഐക്യരാഷ്ട്രോദ്യോഗസ്ഥന്മാർ അതിനു വിസമ്മതിക്കുകയും കൂടിയാലോചനകൾക്കു പുതിയൊരു സ്ഥലം നിദ്ദേശിക്കുകയുമാണുണ്ടായതു്.

### ബ്രിട്ടൻ

ഒക്ടോബർ 25-ാംനു ബ്രിട്ടനിൽ നടക്കാൻ പോകുന്ന പൊതുതിരഞ്ഞെടുപ്പു സംബന്ധിച്ച് അവിടത്തെ മുഖ്യകക്ഷികളായ ലേബർപാർട്ടിയും യാഥാസ്ഥിതികകക്ഷിയും പ്രചരണമാരംഭിച്ചിരിക്കുന്നു. ലേബർപാർട്ടിയിലെ ആററ്ലിഗ്രൂപ്പും ബെവാൻഗ്രൂപ്പും തമ്മിലുള്ള ഭിന്നതകളവസാനിപ്പിച്ച് തിരഞ്ഞെടുപ്പിൽ യോജിച്ചു പ്രവത്തിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. മി. ചർച്ചിലിന്റെ നേതൃത്വത്തിലുള്ള യാഥാസ്ഥിതികകക്ഷി പുറപ്പെടുവിച്ചിരിക്കുന്ന പ്രകടനപത്രികയിൽ, ഉരുക്കിന്റെ ദേശീകരണം നിത്തലാക്കുകയും സ്വകാര്യോദ്യമങ്ങളെ പ്രോത്സാഹിപ്പിക്കുകയുമാണു് തങ്ങളുടെ പ്രധാനലക്ഷ്യമെന്നു് പ്രഖ്യാപിച്ചിരിക്കുന്നു. പേർഷ്യൻപ്രശ്നം സംബന്ധിച്ച് കൂടുതൽ കശനമായ ഒരു നയമവലംബിക്കണാമെന്നതാണ് തങ്ങളുടെ പക്ഷമെന്നും അതിൽ വ്യക്തമാക്കിട്ടുണ്ടു്. ലേബർപാർട്ടിയുടെ പ്രകടനപത്രികയിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: സമാധാനസംരക്ഷണം, തൊഴിൽ മഹത്വീകരണം, ഉൽപാദനവർദ്ധനവു്, ജീവിതവ്യയന്യൂനീകരണം, സാമുദായികക്ഷേമം എന്നിവയ്ക്കുവേണ്ടി പരമാവധി പരിശ്രമിക്കുന്നതാണു്. ഒരു തൃതീയലോകസമരം അനിവാര്യമാണെന്നു് തങ്ങൾ വിശ്വസിക്കുന്നില്ലത്രെ.

## സഭാവസ്ത്ര സ്വീകരണം

പുത്തമ്പള്ളി: പാലായിത്തയ്യിൽ തളിയത്തു് സ്കറിയ കുഞ്ഞ് അവർകളുടെ മകൾ അന്നമ്മ സെപ്റ്റംബർ 27-ാംനു എറണാകുളം സെൻറ് ത്രേസ്യാസ് കോൺവെൻറ് ചാപ്പലിൽവച്ച് കർമ്മലസഭാവസ്ത്രം സ്വീകരിച്ചിരിക്കുന്നു.

# പുനരൈക്യപ്രത്യവലോകനം

(റവ. ഫാദർ ഗീവറുഗീസ് പീടികയിൽ, ഓമല്ലൂർ)

(6-ാംലക്കത്തിൽനിന്നു് തുടർച്ച)

## ആത്മവെളിവും പരീക്ഷണഘട്ടവും

ഈ ഘട്ടത്തിലാണു് ചാരമ്മൂട്ട് ഡിസ്ട്രിക്റ്റ് മിഷനറിയായ പെ. ബ. ലോറൻസ് പെരേരാ അച്ചനുമായി ഇടപെടുന്നതു്. അദ്ദേഹം ഇവിടെവന്നു വാദപ്രതിവാദങ്ങളിൽ ഏർപ്പെടാതെ ഒരു കുമ്പസാരപിതാവിനെപ്പോലെയാണു് എന്നെ സമീപിച്ചതു്. യാക്കോബായസഭയുടെ ശീശ്മയും ശീശ്മമൂലം ആത്മരക്ഷയ്ക്കുള്ള തടസ്സവും എന്ന വിഷയത്തെപ്പററി കാര്യമായി എന്നോടു് സംസാരിക്കുകയും ഇനിയും ഒരു ദിവസംപോലും ശീശ്മയിൽ നില്ക്കരുതെന്നും എത്രയും വേഗത്തിൽ തിരുസ്സഭയുടെ ഒരു വൈദികനായിത്തീർന്നു ദൈവചിത്തത്തിനു കീഴ്പ്പെടണമെന്നും പറയുകയുണ്ടായി. അച്ചന്റെ വചനങ്ങൾ എന്റെ ഹൃദയത്തിൽ ഒരു വാൾപോലെ പാഞ്ഞുകയറി. എത്തിയോപ്പിയൻ രാജ്ഞിയുടെ മന്ത്രിയായ ഷണ്ഡനു് വി. പീലിപ്പോസുമായി കണ്ടുമുട്ടിയപ്പോൾ ഉണ്ടായ അനുഭവമാണു് തദവസരത്തിൽ എനിക്കുണ്ടായതു്. അടുത്ത ഞായറാഴ്ച എന്റെ ഇടവകക്കാരോടു് യാത്രപറഞ്ഞു് ഉടൻതന്നെ കൊല്ലത്തു പോയി ബിഷപ്പിനെ കാണാമെന്നു് വാഗ്ദാനംചെയ്തു പിരിഞ്ഞു. ഞാൻ ആദ്യമായി മി. വറുഗീസു വക്കീലിനെ കണ്ടു വിവരം പറഞ്ഞതിൽ അദ്ദേഹത്തിനു് അതിയായ മനോവിഷമം ഉണ്ടായി. "നമ്മോടു് അനുഭാവമുള്ളവർ വേണ്ടവിധം തയ്യാറായിട്ടില്ലെന്നും, അവരെ ഒന്നുകൂടി ഒരുക്കി അവർക്കു് ഉറപ്പും ധൈര്യവും വരുത്തുന്നതിനു് കുറേസമയംകൂടി എടുക്കണമെന്നും അവരുമായി ആലോചിക്കാതെയും അവരുടെ സമ്മതം വാങ്ങിക്കാതെയും ഈ സംഗതിക്കു് ഒരുമ്പെടുന്നതു് ബുദ്ധികേടാണെന്നും" പറയുകയുണ്ടായി. ആത്മരക്ഷയുടെ സംഗതിയിൽ ജഡത്തോടും രക്തത്തോടും ആലോചിക്കേണ്ടതില്ലെന്നുള്ള വിശ്വാസത്തിൽനിന്നു് ഞാൻ അണുപോലും വ്യതിചലിച്ചില്ല. മി. വറുഗീസ്, അടുത്ത ഞായറാഴ്ച ഞാൻ സഭയും ഇടവകയും വിടുന്ന വിവരം ചിലരോടു് പറയുകയും അവർമൂലം ഇടവകയിലെ പ്രതികൂലകക്ഷികൾ അറിഞ്ഞു മിന്നൽവേഗത്തിൽ മലങ്കര മെത്രാപ്പോലീത്താ തിരുമേനിയേയും ഇടവകമെത്രാപ്പോലീത്തായായിരുന്ന ഇപ്പോഴത്തെ കാതോലിക്കാ ബാവാ തിരുമേനിയേയും അറിയിക്കുകയുംചെയ്തു. അതനുസരിച്ചു് ഇടവകമെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് ഇവിടെവന്നു ഞങ്ങളുടെ മതപരിവർത്തനസംഗതിയിൽ ഇടപെടുകയുംചെയ്തു. തിരുമനസ്സുകൊണ്ടു് പ്രതിവാദങ്ങൾ കൂടാതെ ശാന്തമായി എന്നെ ഗുണദോഷിക്കയാണു് ചെയ്തതു്. ഒരിക്കലും സഭവിട്ടുപോകരുതെന്നും യാക്കോബായസഭയ്ക്കു് യാതൊരു തടസ്സവുമുള്ളതല്ലെന്നും ഉള്ളതിലേക്കു് തിരുമേനി പഠിപ്പിക്കയും വിശ്വസിക്കയുംചെയ്യുന്ന ന്യായങ്ങൾ എന്നോടു പറയുകയും, അതിനു കത്തോലിക്കാസഭയുടെ ന്യായങ്ങളെ ഉദ്ധരിച്ചു ഞാൻ മറുപടി പറയുകയുംചെയ്തു. ഞായറാഴ്ച തിരുമേനി പള്ളിയിൽ ദിവ്യബലി അർപ്പിക്കുകയും കുർബാനമദ്ധ്യേ കത്തോലിക്കാസഭയെ ശപിച്ചും അതിന്റെ വിശ്വാസസത്യങ്ങളെ അപലപിച്ചും ശക്തിയായ ഭാഷയിൽ പ്രസംഗിക്കയുണ്ടായി. തിരുമേനിയുടെ ആജ്ഞാനുസരണം ഉച്ചകഴിഞ്ഞു് ഇടവകയോഗംകൂടി. ഇടവകക്കാരെ കൂടാതെ എനിക്കു് അവകാശവിതമുണ്ടായിരുന്നതും ഞാൻകൂടി നടത്തിക്കൊണ്ടിരുന്നതുമായ ഓമല്ലൂർ, കൈപ്പട്ടൂർ, കോന്നി മുതലായ പള്ളികളിൽനിന്നും ഇതര ഇടവകകളിൽനിന്നുമായി അനവധി വൈദികരും ജനങ്ങളും പള്ളിയിലും പരിസരങ്ങളിലും തടിച്ചുകൂടിയിരുന്നു. റോമാസഭയിലേക്കുള്ള പരിവർത്തനം ആ കാലത്തു ഒരു ചെറിയ സംഭവമല്ല. ചങ്ങനാശേരിയിലോ എറണാകുളത്തോനിന്നു ഒരു വൈദികനും കുറെ ജനങ്ങളും കത്തോലിക്കാസഭവിട്ടു് അന്യസഭയിൽ ചേരുന്നു എന്നു കേട്ടാൽ കത്തോലിക്കർക്കു് ഉണ്ടാകാവുന്ന മനഃക്ഷോഭവും പരിഭ്രമവും എന്തുമാത്രമോ അത്രത്തോളമുള്ള ഒരു വിഷമഘട്ടമാണു് ഇവിടെയും ആവിർഭവിച്ചതു്. യോഗംകൂടിയ ഉടനെ തിരുമനസ്സുകൊണ്ടു് ലഘുലേഖാകർത്താക്കളോടായി ചില ചോദ്യങ്ങൾ ചെയ്യുകയും റോമാസഭയിൽ ചേരുകയില്ലെന്നു സത്യംചെയ്യണമെന്നു് ചില അച്ചന്മാർ വിളിച്ചുപറയുകയുംചെയ്തു. അതിനു മറുപടിയായി മതം മനുഷ്യനെ ദൈവവുമായി അടുപ്പിക്കുന്ന ഉപാധിയാണെന്നും, ഉത്തമമനസ്സാക്ഷിയുടെ സൽപ്രേരണയാണു് അതിനു നിദാനമെന്നും, ദൈവദത്തമായ ആ സ്വാതന്ത്ര്യത്തെ ഭഞ്ജിച്ചു് ഒരു സത്യത്തിനു് ആവശ്യപ്പെടുന്നതു് സങ്കടമാണെന്നും ലഘുലേഖാകർത്താക്കൾ പ്രസ്താവിച്ചു. അനന്തരം തിരുമേനി എന്റെനേരെ തിരിഞ്ഞു ഞാൻ ജനിച്ചുവളർന്ന മാതൃസഭയോടും വ്യക്തിപരമായി തിരുമേനിമാരോടുമുള്ള എന്റെ കടപ്പാടിനെ അനുസ്മരിപ്പിച്ചുകൊണ്ടു് എല്ലാവർക്കുംവേണ്ടി ഞാൻ ഉറപ്പുകൊടുക്കണമെന്നു കല്പിച്ചു. ഞാൻ, പെരുപ്പം വിദ്വേഷവും സങ്കടവുംകൊണ്ടു് നിറഞ്ഞ ആ വലിയ ജനസമൂഹത്തിന്റെ നേരെതിരിഞ്ഞു് ദൈവത്തിൽ ശരണമർപ്പിച്ചുകൊണ്ടു് താഴെ പറയുന്നപ്രകാരം പ്രസ്താവിക്കുകയുണ്ടായി. "ലൗകികമായ യാതൊരു കാര്യസാദ്ധ്യത്തിനുവേണ്ടിയോ വ്യക്തിപരമായ വിദ്വേഷംകൊണ്ടോ അല്ല ഞാൻ ഈ സംരംഭത്തിനു പുറപ്പെട്ടതെന്നും നാലഞ്ചു കൊല്ലംകൊണ്ടു ഞാൻ സത്യാന്വേഷണത്തിൽ ഏർപ്പെട്ടതിന്റെ ഫലമായി മിശിഹാസ്ഥാപിച്ച ഏകസത്യസഭ റോമൻ കത്തോലിക്കാസഭയാണെന്നും യാക്കോബായസഭ ആ സഭയുടെ ഐക്യത്തിൽനിന്നും വേർപെട്ടു് ഒരു സ്വതന്ത്രസഭയായി ശീശ്മയിലും ശാപത്തിലും ഉൾപ്പെട്ടിരിക്കയാണെന്നും തന്മൂലം ആ സഭ രക്ഷയ്ക്കു പര്യാപ്തമല്ലെന്നും ഉള്ള നിഗമനത്തിൽ ഞാൻ എത്തിയിരിക്കയാണെന്നും, ഈ സംഗതിയിൽ ഞാൻ ഹൃദയപൂർവ്വം സ്നേഹിച്ചു ബഹുമാനിച്ചുവരുന്ന എന്റെ വന്ദ്യ തിരുമേനിമാരും ബ. അച്ചന്മാരും എന്റെ പ്രിയപ്പെട്ട ജനങ്ങളും എന്നോടു വിരോധം ഭാവിക്കരുതെന്നും" പ്രസ്താവിക്കയും അതോടുകൂടി കേൾവിക്കാരായ എല്ലാവർക്കും ഒരുസ്തംഭനം ഉണ്ടാകയുംചെയ്തു. അവസാനമായി തിരുമേനി എന്നോടു ആവശ്യപ്പെട്ടതു്, വിശ്വാസസംബന്ധമായ എന്റെ സംശയങ്ങൾ തീർക്കുന്നതിനു മലങ്കരമെത്രാപ്പോലീത്താ തിരുമേനിയുടെയോ മാർ ഈവാനിയോസു തിരുമേനിയുടെയോ അടുക്കൽപോയി കുറെ ദിവസങ്ങൾ താമസിക്കണമെന്നായിരുന്നു. കല്പനയെ ധിക്കരിക്കാതെ പള്ളിഭരണം മുഴുവൻ ഒഴിഞ്ഞു റിക്കാർഡുകൾ എല്ലാം തിരുമേനിയുടെ മുമ്പാകെ വയ്ക്കുകയുംചെയ്തു. ഈ സംഭവം നടന്നതു വലിയനൊയമ്പിൽ ഓശാനഞായറാഴ്ചയുടെ തലേ ഞായറാഴ്ചയായിരുന്നു. കത്തോലിക്കാസഭയെപ്പററിയും അതിന്റെ വിശ്വാസസത്യങ്ങളെക്കുറിച്ചും എന്റെ മതപരിവർത്തനത്തിനുള്ള കാരണങ്ങളെപ്പററിയും ഇന്നു പ്രസ്താവിക്കുന്നതിനും ഇടവകക്കാരോടു യാത്രപറയുന്നതിനുമായി നിശ്ചയിച്ചിരുന്ന ഈ ദിവസം അതിനൊന്നിനും ഇടയാകാതെ പാഴായിത്തീർന്നതിൽ എനിക്കും തിട്ടക്കമായിട്ടുള്ള എന്റെ വേർപാടിൽ എന്റെ അനുകൂലകക്ഷികൾക്കും കുണ്ഠിതമുണ്ടായി. ഇടയൻ ശിക്ഷിക്കപ്പെടുകയും ആടുകൾ ചിതറപ്പെടുകയും ചെയ്തതുപോലെ മററുള്ളവർക്കു തോന്നിയെങ്കിലും എന്നെ അനുകൂലിച്ചിരുന്നവർ വിശ്വാസത്തിലും ധൈര്യത്തിലും ഉറച്ചു് എന്നോടുകൂടി മുമ്പോട്ടുവരുകയാണുചെയ്തതു്. പ്രതികൂലകക്ഷികൾ എന്നു പറഞ്ഞവർ എന്നെ ഹൃദയപൂർവ്വം സ്നേഹിച്ചു ബഹുമാനിച്ചിരുന്നവരായതുകൊണ്ടു വ്യക്തിപരമായി എന്നോടുള്ള വിദ്വേഷംകൊണ്ടല്ല, അവരുടെ സമുദായസ്നേഹംകൊണ്ടും സത്യാന്വേഷണത്തിൽ അവർ എന്നോടുകൂടി പുരോഗമിക്കാഞ്ഞതുകൊണ്ടും മാത്രമാണു് എനിക്കെതിരായിനിന്നതു് എന്നുള്ള സംഗതിയും പ്രസ്താവ്യമാണു്. തിരുമേനി വന്ന ദിവസംമുതൽ ഞാൻ ബഥനി ആശ്രമത്തിൽ പോയതുവരെയുള്ള നാലഞ്ചുദിവസങ്ങൾ എന്റെ പീഡാനുഭവത്തിന്റെ ദിവസങ്ങളായിരുന്നു. എന്റെ ബന്ധുക്കളും ചാർച്ചക്കാരും മാത്രമല്ല, എന്റെ ഭരണത്തിലും നടത്തിപ്പിലുംപെട്ട പല പള്ളികളിൽനിന്നും അനേകരും എന്റെ വീട്ടിൽവരികയും ഹിന്ദുമതത്തിലോ മഹമ്മദുമതത്തിലോ പോയാലെന്നപോലെ വലിയകരച്ചിലും മുറവിളിയും തുടങ്ങുകയും ചിലർ നിരാഹാരവ്രതംപോലും അനുഷ്ഠിക്കയുമുണ്ടായി. ഇതു മററതിനെക്കാളും വലിയ ഒരു പരീക്ഷണഘട്ടമായിരുന്നു. നാല്പതാം വെള്ളിയാഴ്ച ഞാൻ പെരുനാട്ടിലുള്ള ബഥന്യാശ്രമത്തിൽ എത്തി മാർ ഈവാനിയോസു മെത്രാപ്പോലീത്താതിരുമേനിയെ കണ്ടു. പ്രഥമവീക്ഷണത്തിൽ ഫലിതമായി തിരുമേനി എന്നോടു കല്പിച്ചതു് "നമുക്കു റോമാപ്പനി 102 ഡിഗ്രി ഉണ്ടെന്നാണു് എല്ലാവരും പറയുന്നതു്. അച്ചനു 105 ഡിഗ്രിയായി. ഇനി ചികിത്സകൊണ്ടു ഗുണംകിട്ടുമെന്നു തോന്നുന്നില്ല" എന്നാണു്. തിരുമേനിയോടുകൂടി ഞാൻ ഉയിർപ്പുഞായറാഴ്ചവരെ താമസിക്കയുണ്ടായി. ധൃതികൂടാതെ ശാന്തമായി പ്രവർത്തിക്കുന്നതിനു തിരുമേനി എന്നെ ഉപദേശിച്ചയച്ചു.

(തുടരും)

# വരമ്പ്

(തോമസ് സെബാസ്റ്റ്യൻ ബി. ഏ. എൽ. റ്റി)

ഒരു വരമ്പിനുവേണ്ടി—അതേ ഒരടി വീതിയിൽ മണ്ണുകോരിവച്ചിരിക്കുന്ന ഒരതിർത്തിവരമ്പിനു വേണ്ടി ആത്മാവിനേയും ശരീരത്തേയും നഷ്ടപ്പെടുത്തിക്കളഞ്ഞിട്ടുള്ള കഥ—അല്ല കഥകൾ—ഓർക്കുമ്പോൾ "ലോകമേ നീയൊരു വിഡ്ഢിയാണു്" എന്നു ഞാനറിയാതെ പറഞ്ഞുപോകുന്നു. വഴിവക്കിൽനില്ക്കുന്ന ആൽവൃക്ഷം—അതു അവന്റേതായാലും എന്റേതായാലും, അവനും എനിക്കും, ബന്ധുക്കൾക്കും ശത്രുക്കൾക്കും ഒരുപോലെ തണൽ പ്രദാനംചെയ്യുന്നു. ഒരാളെ സഹായിക്കുന്നതുകൊണ്ടു് മററാരാൾക്കോ, ആ വൃക്ഷത്തിനു തന്നേയോ യാതൊരു നഷ്ടവും വരുന്നുമില്ല. അതുപോലെയാണോ വരമ്പു്. അതവന്റേതായാലും എന്റേതായാലും ഫലമൊന്നുതന്നെ. ഞങ്ങൾ രണ്ടാളുടേയും വയലിനു് ഒരതിർത്തിയാണതു്. അതവന്റേതാണെന്നുവന്നാലും എന്റെ വയലിലെ വെള്ളം അതുവഴി ചോർന്നുപോകുന്നതല്ല. എന്റേതായാലും അവനും ഫലം തഥൈവ. പിന്നെ എന്തിനാണോ വഴക്കു്? അതെനിക്കു് കേവലം അജ്ഞാതമായിരിക്കുന്നു.



ഒരു വരമ്പിനുവേണ്ടി എലഞ്ഞിച്ചേട്ടനും പുളിക്കിച്ചേട്ടനുമായി ഒരു തർക്കമുണ്ടായി. തർക്കം മൂത്തു വഴക്കായി. വഴക്കു മൂത്തു കേസ്സായി. കേസ്സുമൂത്തു ഹൈക്കോടതിയിലുമായി. എലഞ്ഞിച്ചേട്ടനു് അയ്യായിരവും പുളിക്കിച്ചേട്ടനു് നാലായിരവും ചെലവായി. പട്ടവിഡ്ഢികളേ! ആ ഒൻപതിനായിരം എന്നെ ഏല്പിച്ചിരുന്നെങ്കിൽ ഞാൻ നിങ്ങൾക്കു് 100 ഏക്കർ ചേരിക്കൽ വാങ്ങിത്തരുമായിരുന്നില്ലേ? ഇരുന്നൂറു ലിങ്ക്സു നീളത്തിൽ ഒരടി വീതിയിൽ ഒരു വരമ്പിനുവേണ്ടി! ഏക്കറിനു് ആയിരംരൂപാ വിലയില്ലാത്ത ഒരു ഓണംകേറാമൂലയിലെ ഒരു വരമ്പിനുവേണ്ടി!! നിലാവുദിച്ചാൽ ഉണക്കു പാറുന്ന വയലിലെ ഒരു വരമ്പിനുവേണ്ടി!!! എങ്കിലും വാശിക്കു വിടാമോ? ആണായാലുശിരുവേണ്ടേ? ലോകമേ നീയൊരു വിഡ്ഢിതന്നെയാണു്.

ഏതായാലും എലഞ്ഞിച്ചേട്ടൻ വാശിക്കു പുറകോട്ടുമാറുന്ന ആളല്ല. ഒരായിരം കൂടെ ചെലവാക്കി. കേസ്സു ഗുണമായും വിധിച്ചു. ആമ്മീയൻവന്നു സ്ഥലം അളന്നു തിരിച്ചു. എലഞ്ഞിച്ചേട്ടനും ഏകമകൻ ചാക്കോയും, പുളിക്കിച്ചേട്ടനും മൂത്തമകൻ മത്തനും ആമ്മീയന്റെ ഇടവും വലവും തർക്കമില്ലാത്ത സ്ഥലത്തു നില്ക്കുകയാണു്. ആമ്മീയൻ അതിർത്തി തിരിച്ചുകാണിച്ചു. എലഞ്ഞിച്ചേട്ടൻ വരമ്പു കിളച്ചു അങ്ങോട്ടു് മറിച്ചു. പുളിക്കിച്ചേട്ടൻ അയാളുടെ തല കിളച്ചു ഇങ്ങോട്ടും മറിച്ചു. ചാക്കോ കുറുവടികൊണ്ടു് മത്തനെ ഒന്നു താങ്ങി. മാത്തൻ വാക്കത്തികൊണ്ടു് ചാക്കോയുടെ തലയുംകൊയ്തു. എല്ലാം ഒരു വരമ്പിനുവേണ്ടി.

എലഞ്ഞിച്ചേട്ടനും ചാക്കോയും വരമ്പുപേക്ഷിച്ചു് പരലോകംപ്രാപിച്ചു. കുടുംബം "അന്യംനിന്നു." ഉപേക്ഷിച്ചില്ലെന്നാണാളുകൾ പറയുന്നതു്. വരമ്പിന്റെ രണ്ടററത്തും കാവലുണ്ടെന്നാണു് പൊതുസംസാരം. ഞാൻ കണ്ടിട്ടില്ല. പുളിക്കിച്ചേട്ടനും മത്തനും എരട്ടക്കൊലപാതകത്തിനു് സെൻട്രൽ ജയിലിലും—ജീവപര്യന്തം കഠിനതടവിൽ. എല്ലാം ഒരു വരമ്പിനുവേണ്ടി. ലോകമേ, നീ എന്തൊരു വിഡ്ഢിയാണു്.


എലഞ്ഞിയും ചാക്കോയും പുളിക്കിയും മത്തനുമെല്ലാം നാടുവിട്ടു. ആ വരമ്പിപ്പോഴും അവിടെയുണ്ടു്. രണ്ടുവശവും ഒരു "ബ്ലാങ്കു"കാരൻ വാങ്ങി. കേസ്സിന്റെ ഭാരിച്ച കടം വീട്ടാൻ. വരമ്പിന്റെ ഗൃഹപ്പിഴയും തീർന്നു.

ആ വഴി കടന്നുപോകുന്ന പുളിക്കിമാരേയും എലഞ്ഞിമാരെയും ആ വരമ്പു് "ഏറുകണ്ണിട്ടു" നോക്കി പുഞ്ചിരിക്കുന്നുണ്ടു്. താക്കീതുചെയ്യുന്നുണ്ടു്. ലോകം അതു കാണുന്നില്ല. ലോകമേ, നീയൊരു പടുവിഡ്ഢിതന്നെയാണു്.

* * *

N. B. എലഞ്ഞിച്ചേട്ടനേയും പുളിക്കിച്ചേട്ടനേയും വായനക്കാർ അന്വേഷിക്കേണ്ട. അവരെന്റെ സ്വന്തമാണു്. വരമ്പു് ഇപ്പോഴും അവിടെയുണ്ടു്. അഞ്ചാറുവർഷംകൂടി അതു് ആ ബ്ലാങ്കിന്റെ കൈവശമിരുന്നേക്കാം. അഹങ്കാരം തുടങ്ങിയിട്ടേയുള്ളൂ.

## കൃതജ്ഞത




ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് കൃതജ്ഞത.

കെ. സി. ആഗസ്തി, ചമ്പന്നൂർ

## കൊളംബിയാരാജ്യം

തെക്കേ അമേരിക്കയിലെ ഉത്തമകത്തോലിക്കാരാജ്യങ്ങളിലൊന്നാണു കൊളംബിയാ. സഭയും രാഷ്ട്രവും തമ്മിൽ ഇപ്പോൾ ഏകമതിഭാവത്തിൽ അവിടെ കഴിഞ്ഞുപോരുന്നു. സഭാഭരണത്തിലേക്കു് ആണ്ടിൽ 82,000 പെസോസ് ഇതേവരെ ഗവന്മെന്റിൽനിന്നും ഗ്രാന്റെന്നപോലെ കൊടുത്തിരുന്നു. ഈ കൊല്ലംമുതൽ അതു 2 ലക്ഷത്തി 64 ആയിരം ആക്കിയിരിക്കുന്നു. കഴിഞ്ഞ നൂററാണ്ടിൽ ഒരു നിരീശ്വരഗവന്മെന്റു് അധികാരത്തിൽ വന്നപ്പോൾ സഭവക വസ്തുക്കൾ കവർന്നെടുത്തതിനു നഷ്ടപരിഹാരമെന്നോണമാണു് ഈ ഗ്രാന്റു നൽകപ്പെടുന്നതു്.

## ഭജനപ്രസംഗം

ജപ്പാനിലെ ഹിമേജി എന്ന സ്ഥലത്തുള്ള ബുദ്ധമതസന്യാസികൾ അവരുടെ ഭജനപ്രസംഗം നടത്തിക്കൊടുക്കുന്നതിനു ഫാദർ ജോസഫ് സ്റ്റേ എന്ന ഒരു സന്യാസവൈദികനെ ക്ഷണിച്ചിരിക്കുന്നു. അദ്ദേഹത്തിനു ഫ്രഞ്ചു, ജപ്പാൻ, ഇംഗ്ലീഷ്, ഇററാലിയൻ, ലാററിൻ, ചൈനീസ്, ജപ്പാനീസ് എന്നീ ഭാഷകൾ സംസാരിക്കുന്നതിനും, ഗ്രീക്ക്, ഹീബ്രു, സംസ്കൃതം മൊൻഗോളിയൻ, ടിബററൻ എന്നീ ഭാഷകൾ വായിക്കുന്നതിനും കഴിയും. ക്രിമോട്ടോ സർവ്വകലാശാലയിൽ ചരിത്രവും ബുദ്ധമതവും സംബന്ധിച്ചുള്ള പഠനത്തിൽ ഡിഗ്രിയും സമ്പാദിച്ചിട്ടുണ്ടു്.

# വിമർശനവീഥി

## മഹാകവി വള്ളത്തോൾ സോവ്യററേജൻറായി മാറുന്നോ!

മഹാകവി വള്ളത്തോളിനെ ചെറുതുരുത്തിയിലുള്ള അദ്ദേഹത്തിന്റെ വസതിയിൽവച്ച് വേറൊരു കമ്മ്യൂണിസ്റ്റ് പത്രത്തിന്റെ പ്രത്യേകലേഖകൻ കാണുകയും ദീർഘനേരം സംഭാഷണം നടത്തുകയും ചെയ്തതിനിടയിൽ സോവ്യററു റഷ്യയെപ്പററി അദ്ദേഹം ചെയ്ത ചില പ്രസ്താവങ്ങൾ ആ പത്രത്തിൽ പ്രസിദ്ധപ്പെടുത്തിക്കണ്ടു. "വെടിവച്ചാൽപോലും കേൾക്കാൻവയ്യാത്തവിധം നമ്മുടെ മഹാകവിയെ ബാധിച്ചിട്ടുള്ള ബധിരത സംഭാഷണങ്ങൾക്കു വിലങ്ങുതടിയായി നില്ക്കാതിരിക്കുവാൻ സ്വീകരിച്ചമാർഗ്ഗം, സന്ദർശകരുടെ ചോദ്യങ്ങൾ മഹാകവിയുടെ ഒരു ശിഷ്യൻ "കഥകളിയിലെ മുദ്രകൾ" പ്രയോഗിച്ച് "ആടിക്കാണിച്ച്" അദ്ദേഹത്തെ മനസ്സിലാക്കിക്കൊടുക്കുകയും അതിനു മറുപടി മഹാകവി പറയുകയും" ആയിരുന്നുവെന്നാണ് ആ പത്രത്തിൽ റിപ്പോർട്ടുചെയ്തിരിക്കുന്നതു്. മഹാകവിയുടെ പ്രസ്താവങ്ങൾ ഇങ്ങനെ ആരംഭിച്ചു:—

"ഞാൻ ഇന്നു" ഒരു മഹാഭാഗ്യവാനാണെന്നു അവകാശപ്പെടുന്നു. മനുഷ്യനു ദുഃഖം എന്നൊന്നില്ലാത്ത ഒരു ലോകം ഞാൻ കണ്ടുവല്ലോ. ജീവിതം സുഖദുഃഖസമ്മിശ്രമാണെന്നല്ലേ നാം ധരിച്ചിരിക്കുക. എന്നാൽ ദുഃഖം എന്നൊന്നില്ലാത്ത ഒരവസ്ഥ മനുഷ്യനു സൃഷ്ടിക്കാൻ കഴിഞ്ഞ ഒരു പുതിയലോകം കാണാൻ കഴിഞ്ഞിരിക്കുന്നു. ഇതൊരു മഹാഭാഗ്യമായിട്ടുതന്നെ ഞാൻ കരുതുന്നു .. ... ..."

### ഭാവനാശക്തി കാട്ടുകയറുന്നു

സത്യത്തിന്റെ സകലവശങ്ങളും മനോഹരമായി ചിത്രീകരിച്ചുകാണിക്കുവാൻ കഴിവുള്ള ഭാവനാശക്തിയെ മഹാകവികൾക്കുപോലും അസത്യപ്രചരണത്തിനുവേണ്ടി കാട്ടുകയറാൻ സാധിക്കുമെന്നുള്ളതിനു് ഈ വാക്കുകൾ ഒന്നാന്തരം ദൃഷ്ടാന്തമാണ്. അവവഴിയായി മഹാകവി വച്ച വെടി കുറിക്കുകൊള്ളുകയും ചെയ്തു. ഈ വാക്കുകളെ വലിയ അക്ഷരത്തിൽ നെററിപ്പട്ടമായി ചേർത്തു വായനക്കാരുടെ കണ്ണുകളെ ഹഠാദാകർഷിച്ചുകൊണ്ടാണ് മുഖപേജോളം നീണ്ട പ്രസ്തുതസംഭാഷണത്തിന്റെ റിപ്പോർട്ടു് ആ കമ്മ്യൂണിസ്റ്റുപത്രത്തിൽ അതിന്റെ അധിപർ ചേർത്തിട്ടുള്ളതു്. "മാവേലിനാടുകണ്ട മഹാകവി" എന്നൊരു തലക്കെട്ടു് നെററിപ്പട്ടത്തിന്റെ മുകളിൽ വലിയ വെണ്ടയ്ക്കാക്ഷരങ്ങളിൽ അദ്ദേഹം സ്വന്തമായി ചേർത്തിട്ടുമുണ്ടു്. ജീവിതത്തിലെ യഥാർത്ഥമായ സുഖദുഃഖങ്ങൾ എന്താണെന്നുള്ള ശരിയായ ബോധം "ആവേശഭരിതനായി തന്റെ അനുഭവങ്ങളെ വിവരിക്കുന്ന" ബദ്ധപ്പാടിൽ മഹാകവി കൈവെടിഞ്ഞുകളഞ്ഞതായി തോന്നുന്നു. "മൃതിയെക്കാൾ ഭയാനക"മെന്നു സാക്ഷാൽ മനുഷ്യത്വമുള്ള, മനുഷ്യവേഷം ധരിച്ച മൃഗങ്ങളല്ലാത്ത, സകലമാനവരും പരിഗണിക്കുന്നതും പരിഗണിക്കേണ്ടതുമായ പാരതന്ത്ര്യം—മതപരവും രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികവുമായ സ്വാതന്ത്ര്യങ്ങളുടെ സമൂലമായ നിഷേധം—ഏററവും ഭീകരമായി നൃത്തംചെയ്യുന്ന ഭൂലോകനരകമാണ് സോവ്യററു് റഷ്യയെന്നു്, റഷ്യയിൽ സോവ്യററധികാരികളുടെ ദാക്ഷിണ്യമെന്നുമിരക്കാതെ പല കൊല്ലങ്ങൾ താമസിക്കുകയും അവിടത്തെ സ്ഥിതിഗതികൾ ശരിക്കറിയുവാൻ ഔദ്യോഗികനിലയിൽതന്നെ സന്ദർശിക്കുകയുംചെയ്തിട്ടുള്ള മാന്യമഹത്തുക്കളുടെ അനിഷേധ്യങ്ങളായ സാക്ഷ്യങ്ങളെ ആധാരമാക്കി, ഈ വിമർശനപരമ്പരയുടെ കഴിഞ്ഞ മൂന്നു ലേഖനങ്ങളിൽ സമർത്ഥിച്ചിരുന്നല്ലോ. ആ സോവ്യററുറഷ്യയെയാണ് മഹാകവി വള്ളത്തോൾ "ദുഃഖം എന്നൊന്നില്ലാത്ത ഒരു പുതിയ ലോകം" എന്നു പ്രകീർത്തിച്ചിരിക്കുന്നതു്. ശാന്തം! പാപം! എന്നല്ലാതെ എന്തുപറയട്ടെ.

### പ്രചരണത്തിനു പ്രേരണ

സോവ്യററു് റഷ്യക്കുവേണ്ടി നമ്മുടെ മഹാകവി ഈവിധം പ്രചരണം നടത്താൻ കച്ചകെട്ടിയിറങ്ങിയതു് എന്തുകൊണ്ടായിരിക്കാമെന്നു് സ്വാഭാവികമായി സ്വയം ചോദിക്കുന്ന വായനക്കാരെ അതിനു സമാധാനം നൽകി അദ്ദേഹം തൃപ്തിപ്പെടുത്തുന്നുണ്ടു്. "ഞങ്ങളുടെ പര്യടനത്തിന്റെ ചെലവുകൾ വഹിച്ചതെല്ലാം അവിടത്തെ സാംസ്കാരികസംഘടനയാണ്.........പലയിടത്തും മീററിംഗുകളിൽ ഞാൻ പ്രസംഗിച്ചു മൂന്നു റേഡിയോപ്രഭാഷണം നടത്തി. എനിക്കു മലയാളമല്ലാതെ ഏതുഭാഷയാ അറിയുക. കേരളഭാഷ അവരും ആദ്യം കേൾക്കുക. റേഡിയോ പ്രസംഗത്തിനും മററും ധാരാളം പണംകിട്ടി. ഞങ്ങളെ ക്ഷണിച്ച സാംസ്കാരികസമിതി സംഭാവനയായും ഒരു വലിയതുക തന്നു." ഇതു പോരേ, സോവ്യററു് റഷ്യക്കുവേണ്ടി പ്രചരണം നടത്തുന്നതിനു മഹാകവികളെപ്പോലും പ്രേരിപ്പിക്കുവാൻ? സോവ്യററു് റഷ്യയിലെ കലാസമിതികളുടെ പരമമായ ലക്ഷ്യവും യഥാർത്ഥമായ സ്വഭാവവുമെന്തെന്നു് ഈ പരമ്പരയിലെ മൂന്നാമത്തെ ലേഖനത്തിൽ ചൂണ്ടിക്കാണിച്ചിരുന്നല്ലോ. ഇതരരാജ്യങ്ങളെ സോവ്യററു് റഷ്യയുടെ ആശയങ്ങൾ സ്വീകരിക്കുവാനും അതിന്റെ സ്വാധീനത്തിനു കീഴ്പ്പെടുത്തുവാനും പ്രചരണം നടത്തുന്ന സ്ഥാപനങ്ങളാണ് അവയെന്നു്, ആ പ്രചരണത്തിനായി ഇന്ത്യയിൽ വന്നുണ്ട സോവ്യററു് കലാകാരന്മാരിൽ ഒരാൾ മദ്രാസിൽ ചെയ്ത പ്രസംഗത്തിൽ തുറന്നുപറഞ്ഞ വാക്കുകൾ ആ ലേഖനത്തിൽ ഉദ്ധരിക്കുകയും ചെയ്തിരുന്നു. അദ്ദേഹം പറഞ്ഞതു സോവ്യററു് കലാസമിതികളുടെ കാര്യമാണ്. എന്നാൽ സോവ്യററു് ശാസ്ത്രസമിതികളുടെ ലക്ഷ്യവും സ്വഭാവവും ഒട്ടും വ്യത്യസ്തമല്ല.

### സോവ്യററുശാസ്ത്രത്തിന്റെ അടിമത്തം

റഷ്യൻ ജീവശാസ്ത്രജ്ഞന്മാർ (Biologists) സ്ററാലിന്റെ ഹിതാഹിതങ്ങൾക്കു വിപരീതമായ ശാസ്ത്രസിദ്ധാന്തങ്ങൾ സ്വീകരിച്ചതിനാൽ അവക്കു നേരിട്ട ദുർഗ്ഗതികളെ ഏററവും ലളിതമായ ഭാഷയിൽ പ്രതിപാദിച്ചുകൊണ്ടു് John Laugdon Davies എന്ന പണ്ഡിതൻ രചിച്ച "റഷ്യ നാഴികമണിയെ പുറകോട്ടതിരിക്കുന്നു" (Russia Puts Back the Clock) എന്ന ഗ്രന്ഥത്തെ നിരൂപണംചെയ്തു് ഇംഗ്ലണ്ടിലെ സുപ്രസിദ്ധഗ്രന്ഥകാരനായ ബെർട്രാൻറു് റസ്സൽ (Bertrand Russell) മദ്രാസിലെ "ഹിന്ദു" പത്രത്തിൽ ഒരു ലേഖനമെഴുതിയിരുന്നു. ജനനംവഴി പൂർവ്വജന്മാരിൽനിന്നു അനന്തരന്മാരിലേക്കു സ്വഭാവത്തിന്റെ ഗുണദോഷങ്ങൾ പകരുന്നതു സംബന്ധിച്ചുള്ള പ്രകൃതിനിയമങ്ങളെ (Laws of heredity) വിരുദ്ധീകരിക്കുന്ന ഒരു സിദ്ധാന്തം, അടുത്തകാലംവരെ, റഷ്യൻ ജീവശാസ്ത്രജ്ഞനായ ലിസൻകോ (Lysenko) ഒഴികെ മിക്കവാറും സകല വിദഗ്ദ്ധന്മാരും സ്വീകരിച്ചിരുന്നു. 150 വർഷങ്ങൾക്കുമുൻപു് ലാമാർക്കു് എന്ന ശാസ്ത്രജ്ഞനാൽ കണ്ടുപിടിക്കപ്പെട്ടതും നിരീക്ഷണപരീക്ഷണങ്ങൾക്കു വിധേയമായ തെളിവിന്റെ (Experimental evidence) അഭാവത്താൽ പരിത്യജിക്കപ്പെട്ടതുമായ വേറൊരു സിദ്ധാന്തമുണ്ടു്. ഈ സിദ്ധാന്തത്തെ ലിസൻകൊ പുനരുദ്ധരിച്ചു. സോവ്യററു് ഗവമെൻറിന്റെ പിൻതുണ അതിനു നേടുന്നതിൽ എങ്ങനെയോ അദ്ദേഹത്തിനു വിജയമുണ്ടായി. അതുവരെ അദ്ദേഹത്തെ എതിർത്തുനിന്ന മററു റഷ്യൻ ശാസ്ത്രജ്ഞന്മാർ തന്നിമിത്തം വലിയ ധർമ്മസങ്കടത്തിൽപ്പെട്ടു. അവരിൽ ചിലർ ഹീനമായവിധം തങ്ങൾക്കു തെററിയെന്നു സമ്മതിച്ചുപറഞ്ഞു. മററുള്ളവർ സ്വന്തം അഭിപ്രായത്തിൽ ഉറച്ചുനിന്നു. മിക്കവാറും അവരെല്ലാം അവരുടെ ഉദ്യോഗങ്ങളിൽനിന്നു ബഹിഷ്കൃതരായി. ചിലർ ആർക്കും അറിയാൻ സാധിക്കാത്തവിധത്തിൽ അപ്രത്യക്ഷപ്പെടുകയുംചെയ്തു. ലിസൻകോയുടെ അഭിപ്രായങ്ങൾക്കെതിരായ യാതൊരഭിപ്രായവും സോവ്യററു് റിപ്പബ്ലിക്കിൽ ഒരിടത്തും ഇപ്പോൾ പഠിപ്പിച്ചുകൂടെന്നാണ് നിശ്ചയം. ഈ വസ്തുതകൾ പ്രസ്തുതലേഖനത്തിൽ വിവരിച്ചശേഷം മിസ്റ്റർ ബെർട്രാൻറു് റസ്സൽ ഇങ്ങനെ തുടരുന്നു. "സോവ്യററധികാരികളുടെ അപ്രീതിക്കു പാത്രമാകുന്ന റഷ്യയിലെ ശാസ്ത്രജ്ഞന്മാരുടെ ഗതിയെന്താണ്? ഈ പ്രശ്നത്തിനു സൂക്ഷ്മമായ മറുപടിപറയുവാൻ പ്രയാസമുണ്ടു്. കുറച്ചുകാലം മുൻപുള്ള വാവിലോവ് എന്ന ശാസ്ത്രജ്ഞന്റെ (Vavilov) കേസെടുക്കുക. കാർഷികശാസ്ത്രജ്ഞരുടെ അക്കാഡമിയുടെ പ്രസിഡൻറായിരുന്നു അദ്ദേഹം. 1940-ൽ അദ്ദേഹത്തെ മാററി പകരം ലിസൻകോയെ നിയമിച്ചു. ഇംഗ്ലണ്ടിലെ ശാസ്ത്രജ്ഞസംഘത്തിന്റെ (Royal Society) കത്തിടപാടുവഴിയുള്ള ഒരംഗമായിരുന്നു വാവിലോവ്. ആകയാൽ ആ സംഘത്തിന്റെ പ്രസിഡൻറു് (Sir Henry Dale) അദ്ദേഹത്തിനെന്തുപിണഞ്ഞെന്നു് കണ്ടുപിടിക്കുവാൻ ശ്രമിച്ചു. സർ ഹെൻറി ഡെയിൽ റിപ്പോർട്ടുചെയ്യുന്നതിങ്ങനെയാണ്: "ലെനിന്റെ പിന്നാലെവന്ന സോവ്യററു് അധികാരികളുടെ അപ്രീതിക്കു് വാവിലോവ് എങ്ങനെയോ പാത്രമായെന്നു് 1942 ൽ ബ്രിട്ടനിൽ റിപ്പോർട്ടുകിട്ടിക്കഴിഞ്ഞിരുന്നു. എന്നാൽ അദ്ദേഹത്തിനു് ആ ഉപദ്രവം തട്ടാൻ കാരണമെന്തെന്നു് ഇന്നിയും അറിഞ്ഞിട്ടില്ല. 1945-ൽ ബ്രിട്ടീഷ് ശാസ്ത്രജ്ഞസംഘത്തിനു് അറിയാൻകഴിഞ്ഞു, അദ്ദേഹം തന്റെ ഉദ്യോഗത്തിൽനിന്നും ബഹിഷ്കരിക്കപ്പെട്ടെന്നും, സഹകാരികളായ ഏതാനും ശാസ്ത്രജ്ഞന്മാരോടുകൂടി അദ്ദേഹം അപ്രത്യക്ഷപ്പെട്ടെന്നും, 1939 നും 1943-നും മദ്ധ്യേ അജ്ഞാതമായ ഒരു തീയതിയിൽ മൃതിയടഞ്ഞുവെന്നും. അദ്ദേഹം മരിച്ച തീയതിയും സ്ഥലവും മാത്രം അറിയാൻവേണ്ടി അന്വേഷണങ്ങൾ ആവർത്തിച്ചാവർത്തിച്ചു നടത്തപ്പെട്ടു. എന്നാൽ അവയ്ക്കു യാതൊന്നിനും മറുപടിയും ലഭിക്കുകയുണ്ടായില്ല." വാവിലോവിനെപ്പററിയുള്ള ഈ റിപ്പോർട്ടു് നിരൂപണവിഷയമായ പ്രസ്തുതഗ്രന്ഥത്തിൽനിന്നു് ഉദ്ധരിച്ചശേഷം ബെർട്രാൻറു് റസ്സൽ വീണ്ടും തുടരുന്നു: "സരട്ടോവ് (Saratov) എന്ന സ്ഥലത്തുള്ള തടങ്കൽക്യാമ്പിൽ വാവിലോവ് ഏററവും അവശനായികിടക്കുന്നതായി കാണപ്പെട്ടു. അനന്തരം സൈബീരിയയുടെ വടക്കേ അററത്തേക്കു് അയക്കപ്പെട്ടു. അവിടെ ദുഃഖദുരിതങ്ങളനുഭവിച്ചു മൃതിയടയുകയും ചെയ്തു. അദ്ദേഹത്തിന്റെമേൽ ആരോപിക്കപ്പെട്ട കുററം ജനനശാസ്ത്രവിഷയമായി (ഇംഗ്ലണ്ടിലെ സുപ്രസിദ്ധ ജീവശാസ്ത്രജ്ഞനായ) പ്രൊഫസർ ഹാൽഡെയിൻ സ്വീകരിച്ചിരിക്കുന്നതരം അഭിപ്രായങ്ങൾ സ്വീകരിച്ചുവെന്നതാണ്. താൻ ഒരു റഷ്യാക്കാരനായിരുന്നുവെങ്കിൽ, തന്നെ സ്ററാലിൻ ഏല്പിക്കുമായിരുന്ന ദണ്ഡനങ്ങൾക്കു താൻ വിധേയനാക്കപ്പെട്ടില്ലല്ലോ എന്ന ചിന്തയാൽ പ്രൊഫസർ ഹാൽഡെയിനു രഹസ്യമായി സന്തോഷിക്കാൻവകയുണ്ടു്.

"വാവിലോവാണ് ഇത്തരം ദുർഗ്ഗതി നേരിട്ട ഏകശാസ്ത്രജ്ഞനെന്നു വിചാരിക്കരുതു്. ലിസൻകോയോടു് അഭിപ്രായയോജ്യതയുണ്ടാകാഞ്ഞതിനാൽ പിന്നീടും, ആർക്കുമൊന്നും അറിയാൻസാധിക്കാത്തവിധം, അപ്രത്യക്ഷപ്പെട്ട ശാസ്ത്രജ്ഞന്മാർ വേറെയുമുണ്ടു്. ഭരണയന്ത്രം തിരിക്കുന്ന ഉദ്യോഗസ്ഥന്മാരാൽ അറസ്റ്റുചെയ്യപ്പെടുക, ആർട്ടിക് പ്രദേശങ്ങളിലുള്ള അടിമവേലക്കാരുടെ ക്യാമ്പുകളിൽ ഒന്നിലേക്കു് നാടുകടത്തപ്പെടുക, പട്ടിണികിടന്നു മരിക്കുക എന്നി സാധാരണഗതിയിലുള്ള ഭയങ്കരപീഡനങ്ങൾ അവർ അനുഭവിക്കയാണുണ്ടായിട്ടുള്ളതെന്നു് വിശ്വസിക്കുവാൻ വേണ്ടതിലധികം ന്യായങ്ങളുണ്ടു്. ഇതിന്റെയൊക്കെ ഫലമായി റഷ്യയിൽ ബാക്കി ജീവിക്കുന്ന സകല ജീവശാസ്ത്രജ്ഞന്മാരും ലിസൻകോയോടു് അഭിപ്രായയോജ്യതയുള്ളവരായി കഴിഞ്ഞുകൂടുന്നു."

കലയും ശാസ്ത്രവുമുൾപ്പെട്ട സാംസ്കാരികസംഘടനകൾക്കു റഷ്യയിലുള്ള നില ഇതാണ്. സ്ററാലിന്റെയും കൂട്ടരുടേയും ഇംഗിതങ്ങളനുസരിച്ചായിരിക്കണം അവരുടെ സകല സിദ്ധാന്തങ്ങളും നടപടികളും. അല്ലെങ്കിൽ മൃഗങ്ങളെപ്പോലെ അവരോടു പെരുമാറും. ഇങ്ങനെയുള്ള സാംസ്കാരിക സംഘടനയാണ് തന്നെയും കൂട്ടുകാരേയും ക്ഷണിച്ചതും, തങ്ങളുടെ പര്യടനത്തിന്റെ ചെലവുകൾ വഹിച്ചതും, തനിക്കു സംഭാവനയായി വലിയ തുക നൽകിയതും എന്നു മഹാകവിതന്നെ പറയുന്ന ആ സ്ഥിതിക്കു് ഇന്ത്യയിൽ മടങ്ങിയെത്തിയശേഷം സോവ്യററു് റഷ്യക്കുവേണ്ടി സ്വന്തം നില മറന്നുകൊണ്ടുപോലും പ്രചരണം നടത്താതിരിക്കുവാൻ അദ്ദേഹത്തിനു് സാദ്ധ്യമാണോ?

### മഹാകവി പുസ്തകം എഴുതുമെന്ന്

പത്രപ്രതിനിധിയും മഹാകവിയുടെ പുത്രൻ സ: ബാലകൃഷ്ണക്കുറുപ്പുംകൂടി ആലോചിച്ച് ഇങ്ങനെ ഒരു കുറിപ്പെഴുതി അദ്ദേഹത്തിന്റെ കൈയിൽ കൊടുത്തു "ചോദ്യോത്തരങ്ങളായാൽ അതു വളരെ പരിമിതവും നിയന്ത്രിതവും ആയിപ്പോകും. ഒരു ലേഖനംതന്നെ എഴുതിത്തന്നാൽ കൊള്ളാം." അതു വായിച്ചിട്ടു് മഹാകവി പറഞ്ഞു:- "അങ്ങനെ ഒരു ലേഖനമൊന്നും എഴുതിയാൽപോരല്ല ശ്രീ പറയുന്നുണ്ടു്. ഒരു പുസ്തകംതന്നെ എഴുതണം. സകലതിനും ഡയറിക്കുറിപ്പുകൾ അപ്പഴപ്പോൾ തയാറാക്കിയിട്ടുണ്ടു്. ഉടനെതന്നെ പുസ്തകം എഴുതി പ്രസിദ്ധപ്പെടുത്താം." റിപ്പോർട്ടർ തുടരുന്നു: "ഈ വാർത്ത ഞങ്ങളെ അത്യധികം ആനന്ദിപ്പിച്ചു. ഞങ്ങൾ മഹാകവിയോടു് നന്ദി പ്രകാശിപ്പിച്ചു് നമസ്കരിച്ചു യാത്രപറഞ്ഞു." കമ്മ്യൂണിസ്റ്റുപ്രചാരകന്മാരുടെ ഈ ആനന്ദവും നന്ദിയും നമസ്കാരവും വളരെ അർത്ഥവത്തായിട്ടുണ്ടു്! ഇവിടെ തെരഞ്ഞെടുപ്പു് അടുത്തിരിക്കുന്ന കാലം. കേരളത്തിലെ കമ്മ്യൂണിസ്റ്റുനേതാക്കന്മാർ പലരും ജയിലിനകത്തായിരിക്കെകൊണ്ടും കമ്മ്യൂണിസ്റ്റുപാർട്ടിയുടെ മേലുള്ള നിരോധനം നീങ്ങിക്കിട്ടുമോയെന്നു സംശയമുള്ളതുകൊണ്ടും പാർട്ടിക്കുവേണ്ടിയുള്ള പ്രചരണകോലാഹലങ്ങൾ അസാദ്ധ്യമായിരിക്കുകയാണ്. ഈ സാഹചര്യങ്ങളിൽ മഹാകവിയുടെ പ്രസ്തുതപുസ്തകം പുറത്തുവരികയും കേരളീയരുടെയിടയിൽ പ്രചുരമായി പ്രചരിക്കുകയും ചെയ്യുന്നതു്, പുസ്തകത്തിനു യാതൊരു നിരോധനവും ഭയപ്പെടാനിടയില്ലാത്തതിനാൽ പ്രത്യേകിച്ചും, സോവ്യററു റഷ്യക്കുവേണ്ടിയുള്ള കമ്മ്യൂണിസ്റ്റുപാർട്ടിയുടെ പ്രചരണത്തിനു് എത്ര വളരെ സഹായകമായിരിക്കും! പുസ്തകം ഉടനെതന്നെ എഴുതി പ്രസിദ്ധപ്പെടുത്തുന്നതിൽ ഒട്ടും അമാന്തം കാണിക്കാതിരിക്കാൻ മഹാകവിക്കു് ഏററവും വലിയ പ്രേരണയുണ്ടുതാനും. സംഭാഷണമദ്ധ്യേ അദ്ദേഹം ഇങ്ങനെ പറഞ്ഞിട്ടുണ്ടു്: "(റഷ്യയിൽ) ഏററവും പണം കൂടുതൽ കിട്ടുന്നവർ സാഹിത്യകാരന്മാർ, കലാകാരന്മാർ, ശാസ്ത്രജ്ഞന്മാർ, ഡോക്ടർമാർ എഞ്ചിനിയർമാർ ഇവരൊക്കെയാണ്. ഒരു സാഹിത്യകൃതിക്കു് വരി ഒന്നിനു് ഏഴു റൂബിൾ മുതൽ അതിന്റെ ഗുണപുഷ്കല്യമനുസരിച്ചു് ഇരുപതു റൂബിൾവരെ കിട്ടും (ഒരു റൂബിൾ 1ക. 2ണ)." റഷ്യയിൽ മലയാളഭാഷ അറിഞ്ഞുകൂടാത്തവർക്കായി മലയാളത്തിൽ നടത്തിയ പ്രസംഗങ്ങൾക്കു് അവിടത്തെ സാംസ്കാരികസമിതിക്കാർ മഹാകവിക്കു് തൃപ്തിവരത്തക്കവണ്ണം പണവും സമ്മാനവും നൽകിയെങ്കിൽ, റഷ്യ മാവേലിനാടാണെന്നു് ഒരു പുസ്തകംതന്നെയെഴുതി കേരളീയരെ വിശ്വസിപ്പിക്കാൻ തന്റെ ഭാവനാശക്തി വിനിയോഗിക്കുന്ന മഹാകവിക്കു് പുസ്തകത്തിലെ വരി എണ്ണിത്തന്നെ ആ സമിതിക്കാരിൽനിന്നു് കിട്ടുന്ന പണവും സമ്മാനവും എന്തായിരിക്കും!

"സർവ്വേഗുണാഃ കാഞ്ചനമാശ്രയന്തി"
പണത്തിന്റെ മുമ്പിൽ
പിണവും വാ പൊളിക്കും.

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam

# ചെറുകഥ

## ആ കൊടിത്തോട്ടം

(ജെ. നെട്ടങ്കല്ലേൽ)

കന്നിയാറുപോലെ കുതിച്ചുപോകുന്ന തന്റെ പ്രായത്തിനിടയ്ക്കുണ്ടു പ്രാവശ്യം മരണത്തിന്റെ "എവറസ്റ്റാരോഹണം" നടത്തി വിജയംവരിച്ച ഒരു വീരനാണ് മാട്ടേൽ മാത്തൻചേട്ടൻ. കാര്യവ്യഗ്രതകൾ ജീവിതവെറിപ്പിൽ ചക്രംചവുട്ടി നിൽക്കുന്ന ആ "മൃത്യുഞ്ജയൻ" കടന്നു അറുപതിന്റെ കവാടത്തിലെത്തിയെങ്കിലും അയാളുടെ ഒരു കണ്ണ് വിവിധ നൂതനപദ്ധതികളിലും മറ്റു ഭാവിയിലേക്കുമാണ് ഒളിഞ്ഞുനോക്കുന്നത്. സ്വതേയുള്ള ആ ചുറുചുറുപ്പ് അയാളുടെ എല്ലാ പ്രവർത്തനത്തിലും പാറിപ്പറന്നുനില്ക്കുന്നതുകാണാം.

സാധുജനസേവനം! അതു മാത്തൻചേട്ടന്റെ ജീവിതജീവനാണ്. ആളും അർത്ഥവും നോക്കാതെ അലഞ്ഞു ബുദ്ധിമുട്ടും അതിനുവേണ്ടി. കൊക്കിക്കുരച്ചുതുടങ്ങിയ സമപ്രായക്കാരൊക്കെ അയാളെ ഉപദേശിക്കാറുണ്ട് ഇനി അവിച്ചിലൊക്കെ ഒന്നു നിർത്തുവാൻ. എങ്കിലും ലൗകികകാര്യങ്ങളിലൂടെ ആത്മീയകാര്യത്തെ പോഷിപ്പിച്ചുകൊണ്ടുപോകുവാൻ അതിവിദഗ്ധനാണ് അയാൾ.

വാർദ്ധക്യത്തിൽ ആനന്ദം തുളുമ്പിക്കുന്ന ഇളംപുത്രനെപ്പോലെയാണതു മാത്തൻചേട്ടന്— ആ "കൊടിത്തോട്ടം". ചുറ്റും ഒരാൾപ്പൊക്കം മതിൽകെട്ടിച്ച രണ്ടേക്കർ സ്ഥലമുണ്ടതു്. തൃശ്ശൂർ "ഡയറി ഫാമിലെ" മാതൃകാത്തോട്ടത്തെപ്പോലും വെല്ലുന്നരീതിയിലാണ് അതിൽ മുളകുകൊടികൾ ഉയന്നിൽക്കയറി പടർത്തിവിട്ടിരിക്കുന്നതു്. വർഷാവർത്തനങ്ങളിൽ ആ തോട്ടത്തിലെ കൈവേല അങ്ങനെ ആലയം പൂശിട്ടനില്ക്കും. അതിൽ വാരിയെറിഞ്ഞ ചെമ്പുതുട്ടുകളെ പ്രകൃതി കറകളഞ്ഞുതാക്കി ആ ചെടികളുടെ കൈത്തണ്ടുകളിൽ തങ്കമണിമാലകൾ അണിയിക്കും. അപ്പോൾ അതിലെയെങ്ങാനും കടന്നുപോകുന്ന കാണികളുടെ ഹൃദയവേദികളിൽ ആ ദീക്ഷലക്കേദാരം അസൂയയുടെ പാഴ്ക്കൊടികൾ കുത്തുകയായി. ഒരു നാലുമണിയായാൽ അതു പറവകളുടെ "പബ്ളിക്ക് പാർക്ക്" ആയിത്തീരും. ചില പുങ്കയിലുകൾ പ്രപഞ്ചറേഡിയോയിൽക്കൂടി ദേശീയഗാനങ്ങൾ മുഴക്കും. ഇവയെല്ലാം ദർശിക്കുമ്പോൾ മാത്തൻചേട്ടന്റെ മനസ്സിൽ ആനന്ദം നിറയുകയായി.

മാത്തൻചേട്ടന് മൂന്നു് ആൺമക്കളുണ്ടു്—ചാണ്ടിക്കുഞ്ഞും കുര്യാച്ചനും മത്തുക്കുട്ടിയും. അവരിൽ മൂത്തവർ രണ്ടുപേരും പുതിയ പുരകൾ പണിതു് വേറെയാണ് താമസം. മത്തുക്കുട്ടി തറവാട്ടിൽ പിതാവിന്റെകൂടെ. മാത്തൻചേട്ടൻ തന്റെ വസ്തുക്കൾ ഒരു കമ്മതിക്കണക്കനുസരിച്ചു് തിരിച്ചുകൊടുത്തിട്ടുണ്ടു് മൂവർക്കും. എല്ലാവർക്കും നല്ല മതിച്ചകാലം. പോരാഴ്മകൾ അവരെ അലട്ടാറില്ല. സമൃദ്ധിയുടെ ഒപ്പപ്പാടേയുള്ള അവർക്ക്. പിതാവിലുള്ള ദീനാനുകമ്പ മക്കളിലേക്കും പകർന്നിട്ടുണ്ടു്.

അന്നൊരുദിവസം മാത്തൻചേട്ടൻ പുറത്തിറങ്ങിയില്ല ഇടക്കുള്ള മുഴങ്കാലിൽ ഒരു വീക്കം. ഒരു വാതപ്പനി തുടങ്ങിയതാണ്. എന്നാലും അയാൾ അത്ര കൂട്ടാക്കിയില്ല. ചടപ്പിന്റെ ലക്ഷണങ്ങളുണ്ടെന്നു് എല്ലാവരും മനസ്സിൽ കണ്ടു

അടുത്തുനിന്നിരുന്ന അയാളുടെ ഭാര്യ വളരെ നാളുകളായി തന്റെ മനസ്സിൽ പൊതിഞ്ഞുവെച്ചുകൊണ്ടിരുന്ന ആ കാര്യം രണ്ടുംകല്പിച്ചങ്ങു പറഞ്ഞു.

"ആട്ടെ, ഇനിയെന്തിനാ ആ മരം മത്തുമാത്രം ഇട്ടേക്കണ്ടിരിക്കണോ?"

"ഏതു്?" കട്ടിലിൽ കൊട്ടകെട്ടിക്കിടന്നിരുന്ന മാത്തൻചേട്ടൻ സ്വരമിളക്കി കണ്ണുക്ഷേമമന്തിച്ചു.

"ആ മുളകുംവേലിക്കകം! ഇമ്മടെ മത്തുക്കുട്ടികേടു കൊച്ചുത്തരം. അവനല്ലേ ഈ ബലപ്പാടെല്ലാംകഴിച്ചു് മരുന്നിനും മറ്റും ഓടിനടക്കുന്നതു്."

"ഓഹോ, അതിനൊക്കെയുണ്ടൊരു സമയം. അവരുടെകയ്യിൽ കിട്ടിയതുതന്നെ ഭംഗിയായി ആക്കിയഴിക്കട്ടെ."

"അവർക്കു കാര്യങ്ങൾ പലതല്ലേ. എല്ലായിടത്തും ഒരുപോലെ കണ്ണുംകൈയും എത്തിയെന്നുവരുമോ?"

"ഓരോരുത്തർക്കും പതിരുപതു് ഏക്കർവീതമുണ്ടല്ലോ. ആ പുതുവൽലയിൽ അവരും ഓരോ തോട്ടംവീതം ഉണ്ടാക്കട്ടെ. നല്ല പ്രായമല്ല പണിയാൻ. പോരെങ്കിൽ കാശിനുള്ള വഴിയല്ലേ ഞാൻ തേടിക്കൊടുത്തിരിക്കുന്നതു്."

സംഗതി പന്തിയാകുന്നില്ലെന്നു കണ്ടപ്പോൾ ആ സ്ത്രീ മുറിക്കകത്തു നെല്ലു തിന്നുകൊണ്ടിരുന്ന കോഴിയെ ആട്ടിയോടിച്ചു് അടുക്കളപ്പുറത്തേക്കുപോയി.

ആഴ്ച ഒന്നുകഴിഞ്ഞു. മാത്തൻചേട്ടന്റെ പാദുകങ്ങളെല്ലാം മാറിയെങ്കിലും വല്ലാത്തൊരു ക്ഷീണം അയാളിൽ മുഴുന്നുനിന്നിരുന്നു. അന്നു ബന്ധുക്കാരർ വർക്കിച്ചേട്ടൻ—ചാണ്ടിക്കുഞ്ഞിന്റെ ശ്വശുരൻ—സുഖക്കേടുവിവരമറിയുവാൻ ബന്ധുമായനുസരിച്ചു വന്നു. മാത്തൻചേട്ടൻ ഒരു പത്രവും വായിച്ചുകൊണ്ടു് കൊടിത്തോട്ടത്തിൽ നില്ക്കുകയായിരുന്നു വക്കിച്ചേട്ടൻ വന്നപ്പോൾ.

നടക്കല്ലുകൾകടന്നു് തോട്ടത്തിലെത്തിയ വക്കിച്ചേട്ടൻ ഉപചാരവാക്കുകളും കുശലപ്രശ്നങ്ങളും കഴിഞ്ഞു് അയാളുടെ ഉന്നതിയിലെത്തി.

"മാത്തൻചേട്ടാ, ഈ കൊടിത്തോട്ടം ആരുടെ വീതത്തിലാ?" ആ തോട്ടം കണ്ടപ്പോളുണ്ടായ ജിജ്ഞാസപോലെ.

"ഇതെന്റെ കൈവശത്തിൽത്തന്നെയാണു്. ഒരുത്തർക്കും മാറിവച്ചിട്ടില്ല." മാത്തൻചേട്ടൻ ഉള്ളവാസ്തവം വെളിപ്പെടുത്തി.

"ഇതു നമ്മുടെ ചാണ്ടിക്കൊച്ചിനല്ലേ കുറച്ചുകൂടി ചേർമ്മ—ഇതവനങ്ങു കൊടുത്തേക്കുകയല്ലേ നന്നു്?" വക്കിച്ചേട്ടൻ ജാമാതാവിന്റെ വശത്തേക്കു ചാഞ്ഞു.

"അതിനൊക്കെ സമയമായില്ലല്ലോ. അവരൊക്കെ എന്തുമാത്രം ചെയ്യുന്നുണ്ടെന്നു് ഒന്നു കാണട്ടെ. വേണ്ട പുതുവലല്ലേ ദേഹണ്ഡമില്ലാതെ കിടക്കുന്നതു്." ബന്ധുക്കാരന്റെ അഭിപ്രായത്തെ അയാൾ ഉരംകുത്തി മറിച്ചിട്ടു.

മാത്തൻചേട്ടൻ തന്നോടു് യോജിക്കുന്നില്ലെന്നു് വക്കിച്ചേട്ടന് മനസ്സിലായി. അയാളുടെ "ബന്ധു"മൈത്രി ആ വാദഗതിയെ കടിഞ്ഞാണിട്ട് വേറൊരുവഴിക്കു തിരിച്ചുവിട്ടു. അവരങ്ങനെ പറഞ്ഞുപറഞ്ഞു് പുതിയ വിഷയങ്ങളിലേക്കു കടന്നു.

തറവാട്ടിൽ നടന്ന സംഭവവികാസത്തിന്റെ "വാലും തലയും" തന്റെ ഭാര്യയിൽനിന്നും എങ്ങനെയോ കുര്യാച്ചനു് പിടികിട്ടി. ചുഴിഞ്ഞാലോചിച്ചപ്പോഴതു ഒരു പുതിയ ഉപായം. പുളുമുക്കുവാൻ അവനും അവസരം പാർത്തുപോന്നു.

അന്നു നേരം മഞ്ഞക്കുപ്പായമിട്ടപ്പോഴാണു കുര്യാച്ചൻ തറവാട്ടിലോടിയെത്തിയപ്പോൾ. മാത്തൻചേട്ടൻ അന്നു് ഒരു സാധുവിനെ ആശുപത്രിയിൽ കൊണ്ടാക്കി തിരിച്ചുവന്നു കാപ്പികുടിച്ചുകൊണ്ടിരിക്കുന്ന സമയം.

"അപ്പനിപ്പം വീട്ടിലോളം ഒന്നു വരണം. ഞാനിവിടെ നേരത്തെ വന്നതായിരുന്നു. അപ്പോൾ എങ്ങോ പോയിരുന്നു." കുര്യാച്ചൻ പിതാവിനെ സമീപിച്ചു.

"നേരം ഇരുട്ടുവാൻ പോകുന്നല്ലോ. എന്താ മോനേ ഇത്ര തിടുക്കത്തിൽ?" കാര്യമൊന്നും മനസ്സിലായില്ല മാത്തൻചേട്ടനു്.

"ഇന്നാണു് പടിഞ്ഞാറേതിലെ കൊച്ചുമാക്കോയും മറ്റും പെരിയാററിൽ നഞ്ചിനു പോകുന്നു. ഞാനും തേവൻമുളയനുംകൂടി പോകുന്നുണ്ടു്. നാലഞ്ചുദിവസം കഴിഞ്ഞേ തിരിച്ചുവരത്തൊള്ളൂ." കുര്യാച്ചനെല്ലാം അളന്നുമുറിച്ചങ്ങു പറഞ്ഞു.

അവർ ഓടിയടുക്കുന്ന ഇരുൾനിരകളെ മുറിച്ചുമുറിച്ചങ്ങു നടന്നു.

കുര്യാച്ചനും വേലക്കാരനും നഞ്ചിനുള്ള സാമാനങ്ങളുമായിട്ടിറങ്ങിക്കഴിഞ്ഞു. ആ വീട്ടിലെ ബഹളവും വെപ്രാളവും ഒട്ടുശമിച്ചു "പാചകയോഗം" മനഃപാഠമാക്കിയിരുന്ന ത്രേസ്യാമ്മ—കുര്യാച്ചന്റെ ഭാര്യ—നാലഞ്ചുതരം കറികളുണ്ടാക്കി പിതാവിനെ ഭംഗിയായി സൽക്കരിച്ചു. കാപ്പിക്കുംമറ്റും നാനാതരത്തിലുള്ള എണ്ണപ്പലഹാരങ്ങളും വെണ്ണബിസ്ക്കറ്റുകളും. ആ നാലഞ്ചുദിവസത്താൽ ക്രിസ്മസ്സും പിന്നെ ഈസ്റ്റർദിനവും പോലെയായി അന്നു മാത്തൻചേട്ടനു്.

അഞ്ചാംപക്കം കുര്യാച്ചൻ തിരിച്ചെത്തി, നല്ല ഒരു മുട്ട ഉണക്കമീനുമായി. വീട്ടിലേവർക്കും ഒതുക്കിയാലടങ്ങാത്ത സന്തോഷം. മാത്തൻചേട്ടന്റെ മുമ്പിൽ വെച്ചുതന്നെ കുര്യാച്ചൻ ഒരുപാതി മീൻ തൂക്കിയെടുത്തു പിതാവിനു നീക്കിവെച്ചു. ഒരു പങ്കു ജ്യേഷ്ഠനും.

മാത്തൻചേട്ടൻ അന്നു വൈകുന്നേരം തറവാട്ടിലേക്കു തിരിച്ചുപോരുവാനിറങ്ങി. കുര്യാച്ചൻ പിറകിൽനിന്നും എന്തോ മറന്നുപോയതു ഓർപ്പിക്കുവാനെന്ന വണ്ണം പിതാവിനെ ഒന്നുവിളിച്ചു. മാത്തൻചേട്ടൻ തിരിഞ്ഞുനോക്കിയപ്പോൾ കണ്ടു ത്രേസ്യാമ്മ കുര്യാച്ചന്റെ നേരെ കടക്കണ്ണിട്ടു വെട്ടിക്കുന്നതു്.

കുര്യാച്ചൻ ഒരു പതിഞ്ഞ സ്വരത്തിലാരംഭിച്ചു "അപ്പാ! ചേട്ടനിക്കൊല്ലം ഞങ്ങളേക്കാൾ ഒക്കെ കൂടുതൽ നാളികേരം കിട്ടി. മാത്തുക്കുട്ടിക്കാണെങ്കിൽ വീട്ടിലായതുകൊണ്ടു മരാമത്തൊന്നുമില്ല. എനിക്കു് തെഴുത്തൊന്നു പൊളിച്ചു പണിയണം. ആ കൊടിത്തോട്ടം..."

"തരക്കേടില്ല. കൊടിത്തോട്ടം—നിന്റെവീതത്തിലുള്ള ആ തെക്കേഭാഗമല്ലേ ദേഹണ്ഡമില്ലാതെ കിടക്കുന്നതു്. അവിടെ ഒരു കൊടിത്തോട്ടം നട്ടുപിടിപ്പിക്കു്. നല്ല മണ്ണല്ലേ, വെറുതേ ഇട്ടിരിക്കണോ." മാത്തൻചേട്ടൻ തിരിഞ്ഞുനടന്നു. ആ പോകുന്ന പോക്കിൽ വായുവിൽ എന്തോ പ്ലാനുകൾ അയാൾ ചൂണ്ടുവിരൽകൊണ്ടു് അടയാളപ്പെടുത്തിയിരുന്നു.

കുര്യാച്ചൻ ഒരടിയേററതുപോലെ വിറങ്ങലിച്ചുനിന്നുപോയി. അപ്പൻ പറഞ്ഞതു ശരിയല്ലേ. കുര്യാച്ചൻ ചിന്തിച്ചു. ഒളിവിൽനിന്നു് സംഭാഷണങ്ങൾ വീക്ഷിച്ചുകൊണ്ടുനിന്ന ത്രേസ്യാമ്മയ്ക്കും സംഗതി മനസ്സിലായി.


വക്കിച്ചേട്ടൻ ആ വിൽപ്പത്രം ഉറക്കെ വായിക്കാൻ തുടങ്ങി.

മാത്തൻചേട്ടന്റെ ശവസംസ്കാരം വളരെ മോടിയായി നടന്നെങ്കിലും അദ്ദേഹത്തിന്റെ മരണം മക്കളിലും ബന്ധുക്കളിലും അനന്തവിഷം വിരഹാഗ്നി കോരിയിട്ടു. മാട്ടേൽ കുടുംബത്തിൽ തീരാദുഃഖത്തിന്റെ കരിനിഴൽ ഇഴഞ്ഞിഴഞ്ഞു നീങ്ങിക്കൊണ്ടിരുന്നു.

ദിനങ്ങൾ അങ്ങനെ നിറിനിറി ഓടിക്കടന്നു. മാത്തൻചേട്ടൻ മരിച്ചിട്ട് എട്ടാംദിവസമാണന്നു്. മാട്ടേൽ കുടുംബാംഗങ്ങളും ബന്ധുക്കളും പള്ളിയിൽ നടന്ന റാസ തുടങ്ങിയ തിരുകർമ്മങ്ങളിൽ സംബന്ധിച്ചു് പ്രാർത്ഥനകൾ സമർപ്പിച്ചു.

ആ നാട്ടിലെ പതിവുപോലെ ഉപചാരകർമ്മങ്ങൾക്കായി ബന്ധുക്കൾ തറവാട്ടിൽ സമ്മേളിച്ചു. ചാണ്ടിയും കുര്യാച്ചനും മാത്തുക്കുട്ടിയും ഉണ്ടവിടെ. അവരിൽ ഒരു ദുഃഖച്ഛായ നിഴലിച്ചിരുന്നു.

ആരോ ആ കൊടിത്തോട്ടത്തിന്റെ കാര്യമെടുത്തിട്ടു. വക്കിച്ചേട്ടൻ അതിൽ ചാടിപ്പിടിച്ചു. അപ്പോഴാണു് അവിടെയെല്ലാം മൂകതമാറി ഒരൊച്ചവീണതു്. മക്കൾമൂവരേയും വിളിച്ചുകൊടിത്തോട്ടത്തിന്റെ കാര്യം മദ്ധ്യസ്ഥതീരുമാനത്തിനെടുത്തു. ചില കക്ഷിതിരിവിന്റെ ലക്ഷണങ്ങളെല്ലാം തലപൊക്കി പക്ഷവാദം തിരുകിക്കയററിയ പല ന്യായീകരണങ്ങളും പുറത്തുവന്നു.

എല്ലാവരും പെട്ടെന്നു് തങ്ങളുടെ ഇരിപ്പിടങ്ങളിൽനിന്നെഴുന്നേററു് കൈകൾ കൂപ്പി—ഒക്കവശത്തുകൂടി സാറ്റൂപ്പിക്കമായി പ്രവേശിച്ച വെ. വികാരിയച്ചനെ കണ്ടപ്പോൾ. അദ്ദേഹം ചാണ്ടിക്കുഞ്ഞിനെ മുമ്പോട്ടുവിളിച്ചു് നിളത്തിൽ മടക്കിയിട്ടുള്ള ഒരു കടലാസുകെട്ടു കൈയിൽ കൊടുത്തു. എല്ലാവരുടേയും കണ്ണുകൾ പലപ്രാവശ്യം അടച്ചുതുറന്നു.

ചാണ്ടിക്കുഞ്ഞിനൊരു തലകറക്കം പോലെ. കണ്ണിനൊരു മങ്ങൽ. വിറയ്ക്കുന്നകൈയിൽനിന്നും ആ കടലാസ്സു താഴെവീണു. വക്കിച്ചേട്ടൻ അതു റാഞ്ചിയെടുത്തു വിടർത്തി.

അച്ചൻ അതു വായിക്കുവാൻ പറഞ്ഞു. വക്കിച്ചേട്ടൻ ആ "വിൽപ്പത്രം" ഉറക്കെ വായിക്കുവാൻ തുടങ്ങി. മൂന്നാംഖണ്ഡികയിലെ അവസാനഖണ്ഡിക എല്ലാവരുടേയും ശ്രദ്ധയെ ആകർഷിച്ചു.

"എന്റെ വക പട്ടയവസ്തു 5/B രണ്ടേക്കറുള്ള കൊടിത്തോട്ടം സ്ഥലത്തെ വിൻസെന്റു് ഡി പോൾ സംഘത്തിനു ദാനമായിക്കൊടുത്തിരിക്കുന്നു. എന്റെ മരണശേഷം ആ സംഘം അതു അവകാശപ്പെടുത്തി കരം തീർക്കേണ്ടതും വല്ലകാരണവശാൽ ആ സംഘം മുടങ്ങിപ്പോയാൽ അതിന്റെ ജന്മം പള്ളിക്കായിരിക്കുന്നതും അതിൽനിന്നുള്ള ആദായം പള്ളി സാധുകൾക്കായി ഭാഗിച്ചുകൊടുക്കേണ്ടതുമാണ്."

എല്ലാവരും ചെവി വട്ടംപിടിച്ചുനിന്നിരുന്നു. ചിലർ മുററത്തേക്കിറങ്ങി അല്പം പുതിയവായു ശ്വസിക്കുവാൻ.

"അച്ചോ, അങ്ങുവരുന്നതിനു മുൻപു് ഞങ്ങൾ ഈ തോട്ടത്തിന്റെ കാര്യമാണു തീരുമാനിച്ചുകൊണ്ടിരുന്നതു്. മാത്തൻചേട്ടൻ കാര്യങ്ങളെല്ലാം ഭംഗിയായി ചെയ്തു. ഇനി യാതൊരു അലോഹ്യവുമില്ലല്ലോ." വിൽപ്പത്രം ചാണ്ടിക്കുഞ്ഞിനു കൊടുത്തിട്ടു് അച്ചനോടായിപ്പറഞ്ഞു. കുര്യാച്ചന്റെ അമ്മാനപ്പനും പിന്താങ്ങി.

"അപ്പോൾ എന്റെ വരവു കൃത്യമായി അല്ലോ. മാത്തൻചേട്ടൻ മരിക്കുന്നതിനു ഒരു മാസംമുമ്പു ഇതുതന്നെ ഏല്പിച്ചതാണു്. താൻ മരിച്ച 8-ാം ദിവസം ചാണ്ടിക്കുഞ്ഞിനെ ഏല്പിക്കണമെന്നുമായിരുന്നു കരാർ. ഞാൻ ചുരുക്കം ചിലരുടെ വിൽപ്പത്രങ്ങളിലേ ഇതുപോലെ കണ്ടിട്ടുള്ളൂ. മററു രാജ്യങ്ങളിൽ ഇതു സാധാരണയാണു്—നമ്മുടെ ആളുകൾക്കു് ഇങ്ങനെ ഒരു പതിവില്ല—നമുക്കുള്ളതിൽ ഒരോഹരി സാധുക്കൾക്കും ധർമ്മകാര്യങ്ങൾക്കുമായി മാററിവയ്ക്കുകയെന്നു്. നമുക്കെല്ലാവർക്കും ഒരു സന്മാതൃക നല്കിയിട്ടാണു് മാത്തൻചേട്ടൻ നമ്മെ വിട്ടുപിരിഞ്ഞതു്. പരമകാരുണികൻ അദ്ദേഹത്തെ അനുഗ്രഹിക്കട്ടെ."

അവസരത്തിനുയോജിച്ച ഒരുപദേശത്തോടെ അദ്ദേഹം നിറുത്തി. ആ സംഭവം ഒരു പുളകമേനിയായിരുന്നു അവിടെ കൂടിയിരുന്നവർക്കു്.

Sathya Deepam

Vol. 25 | Ernakulam October 3, 1951 | No. 8

"WE PREACH CHRIST CRUCIFIED." (I Cor. 1, 23)

പ്രഭാഷണം

# വാളും പരിചയും

ഇനി എന്റെ സഹോദരന്മാരേ, നമ്മുടെ കർത്താവിലും അവിടുത്തെ ശക്തിയുടെ പ്രാബല്യത്തിലും നിങ്ങൾ ദൃഢത പ്രാപിക്കുവിൻ. പിശാചിന്റെ കണിക്കളോടു എതിർത്തുനില്ക്കുവാൻ നിങ്ങൾക്കു കഴിയേണ്ടതിനു ദൈവത്തിന്റെ ആയുധമെല്ലാം ധരിക്കുകയും ചെയ്യുവിൻ. എന്തുകൊണ്ടെന്നാൽ നിങ്ങളുടെ യുദ്ധം ശരീരത്തോടും രക്തത്തോടുമല്ല, പ്രഭുത്വങ്ങളോടും അധികാരികളോടും അന്ധകാരമയമായ ഈ ലോകത്തെ കീഴടക്കിയിരിക്കുന്നവരോടും ആകാശത്തിൻകീഴുള്ള ദുരാത്മാക്കളോടുമാകുന്നു. ഇതിനാൽ ദുഷ്ടനോടു എതിരിടുവാൻ നിങ്ങൾക്കു സാധിക്കേണ്ടതിനും സകലത്തിലും നിങ്ങൾ ഒരുക്കമുള്ളവരായി നിൽക്കേണ്ടതിനുമായി ദൈവത്തിന്റെ ആയുധമെല്ലാം ധരിച്ചുകൊള്ളുവിൻ. ആകയാൽ നിങ്ങൾ എഴുന്നേറ്റു സത്യംകൊണ്ടു അരകൾ കെട്ടുവിൻ. നീതി എന്ന കവചം ധരിക്കുവിൻ. സമാധാനസുവിശേഷത്തിന്റെ ഒരുക്കം എന്ന ചെരിപ്പു നിങ്ങളുടെ കാലുകളിൽ ഇടുവിൻ. ഇവയോടുകൂടി ദുഷ്ടന്റെ എരിയമ്പുകളെയെല്ലാം കെടുത്തിക്കളയുവാൻ ശക്തിയിൽ നിങ്ങളെ പ്രാപ്തരാക്കുന്ന വിശ്വാസമെന്ന പരിച നിങ്ങൾക്കായി എടുക്കുവിൻ. രക്ഷ എന്ന പടത്തൊപ്പി ധരിക്കുവിൻ. ദൈവത്തിന്റെ വചനമാകുന്ന ആത്മാവിന്റെ വാൾ പിടിച്ചുകൊള്ളുവിൻ. (പന്തക്കുസ്ത 21-ാം ഞായർ; ലേഖനം: എഫേ. VI, 10—17)

പ്രാചീനകാലത്തെ കേരളീയരുടെ ആയോധനപാടവം ഇന്നു നമ്മെയെല്ലാം അഭിമാനപുളകംകൊള്ളിക്കുന്ന ഒന്നാണ്. അന്നു രാജ്യസംരക്ഷണത്തിനായി നിയുക്തരായിരുന്ന ഭടന്മാർ മാത്രമല്ല, സാധാരണജനങ്ങൾപോലും ആയുധാഭ്യാസത്തിൽ പ്രാവീണ്യം സിദ്ധിച്ചവരായിരുന്നു. ഇവരുടെ കൈമിടുക്കും മെയ്മിടുക്കും ഇതരരാജ്യക്കാരുടെ പ്രശംസയ്ക്കുപോലും പാത്രമായിട്ടുണ്ടു്. "ഇരുന്നിട്ടും വെട്ടും പട പന്തിരാണ്ടു്; നിന്നിട്ടും വെട്ടാ പട പന്തിരാണ്ടു്" എന്ന തരത്തിൽ അന്യാദൃശമായ യുദ്ധസാമർത്ഥ്യം പ്രകടിപ്പിച്ചിരുന്നവരും ധാരാളമുണ്ടായിരുന്നു. അന്നത്തെ ആയുധങ്ങളിൽ പ്രധാനമായവ വാളും പരിചയുമായിരുന്നു. പരിചകൊണ്ടു മെയ് മറച്ചു്, കാലുകൊണ്ടു താളംചവുട്ടി, താളത്തിനൊത്ത പോർവിളിയോടുകൂടിയായിരുന്നു അന്നത്തെ യുദ്ധം. വെട്ടും തടയും പഠിക്കുകയും വാളും പരിചയും ഉപയോഗിക്കുകയും ചെയ്യുന്നതു് അന്നു സർവ്വസാധാരണമായിരുന്നു.

ഇന്നത്തെ ലേഖനത്തിൽ വി. പൗലോസ്ശ്ലീഹാ ഒരു ഭടന്റെ ചിത്രമാണു് നമ്മെ കാണിക്കുന്നതു്—ഒരു ഭയങ്കരയുദ്ധത്തിലേർപ്പെട്ടിരിക്കുന്ന ഒരു യുദ്ധവീരന്റെ ചിത്രം. ആരോടാണു് യുദ്ധം ചെയ്യുന്നതു്? "ശരീരത്തോടും രക്തത്തോടുമല്ല, പ്രത്യുത പ്രഭുത്വങ്ങളോടും അധികാരികളോടും അന്ധകാരമയമായ ഈ ലോകത്തെ കീഴടക്കിയിരിക്കുന്നവരോടും ആകാശത്തിൻകീഴുള്ള ദുരാത്മാക്കളോടും" ആകുന്നു ഈ സമരം. അതായതു് അന്ധകാരത്തിന്റേയും തിന്മയുടേയും ശക്തികളെയാണു്—ദുഷ്ടാരൂപികളുടേയും അവരുടെ ഏജന്റുമാരുടേയും സമരസന്നാഹങ്ങളെയാണു്—നാം എതിരിടേണ്ടതു്. അതിനു ധരിക്കേണ്ട ആയുധങ്ങൾ ഏവയെന്നു വി. ശ്ലീഹാതന്നെ നിർദ്ദേശിക്കുന്നുണ്ടു്: സത്യമാകുന്ന അരക്കെട്ടുകൾ, നീതിയാകുന്ന കവചം, സമാധാനസുവിശേഷമാകുന്ന ചെരിപ്പു്, വിശ്വാസമാകുന്ന പരിച, രക്ഷയാകുന്ന പടത്തൊപ്പി, ദൈവവചനമാകുന്ന വാൾ. "ദൈവത്തിന്റെ ആയുധങ്ങൾ ധരിച്ചുകൊള്ളുവിൻ" എന്നു പറഞ്ഞുകൊണ്ടാണു് വി. ശ്ലീഹാ വിവിധായുധങ്ങളുടെ പേരുകൾ നിർദ്ദേശിക്കുന്നതു്. ദൈവത്തിന്റെ ആയുധങ്ങളെ ശരിയായി കൈകാര്യം ചെയ്യുകയാണെങ്കിൽ അവയ്ക്കുള്ള ശക്തി നിസ്സീമമായിരിക്കും, തീർച്ചയായും. ശത്രു അദൃശ്യനായിരിക്കാം; സകല ശക്തിയുമുപയോഗിച്ചു് നേരിട്ടാക്രമണം നടത്തുന്നവനായിരിക്കാം; കാപട്യവും വഞ്ചനയും മായാവിദ്യകളും വശീകരണമാർഗ്ഗങ്ങളും അവലംബിക്കുന്നവനായിരിക്കാം—ആരുതന്നെയായാലും ദൈവദത്തമാണെന്നു വി. ശ്ലീഹാ പറയുന്ന ആയുധങ്ങൾ നാം ഉപയോഗിച്ചാൽ വിജയം നമുക്കു നിശ്ചയമാണു്. കാരണം, സർവ്വശക്തനായ ദൈവം നമ്മോടുകൂടെയുണ്ടു്.

ഈ ആയുധങ്ങളിൽ വാളിനേയും പരിചയേയുംപററി നമുക്കു പ്രത്യേകം ഒന്നു പരിചിന്തിക്കാം. പ്രാചീനകേരളത്തിലെ സൈനികപാരമ്പര്യത്തിലും വാളിനും പരിചയ്ക്കുമാണല്ലോ പ്രാധാന്യം. വാളും പരിചയുമുണ്ടായാൽ—വെട്ടും തടയും സാദ്ധ്യമാണെന്നുവന്നാൽ—ഒരു ഭടന്റെ സമരസജ്ജീകരണം മിക്കവാറും പൂർത്തിയായി, പണ്ടത്തെ മുറയ്ക്കു്. ആദ്ധ്യാത്മികസമരത്തിലും വാളിനും പരിചയ്ക്കും തത്തുല്യമായ പ്രാധാന്യം നാം കല്പിക്കേണ്ടതാണു്. വിശ്വാസമാകുന്ന പരിച, ദൈവവചനമാകുന്ന വാൾ; ഇവരണ്ടും ഒരു ക്രിസ്തീയഭടന്റെ സന്തതസഹചാരികളായ ആയുധങ്ങളായിരിക്കണം. വെട്ടുകളും വെടിയുണ്ടകളും അസ്ത്രങ്ങളും പരിചയിന്മേൽ ചെന്നുമുട്ടി ചതഞ്ഞും മുറിഞ്ഞും വീണുപോകുന്നതുപോലെ, വിശ്വാസത്തിൽ ഉറച്ചുനിൽക്കുന്ന ഒരുവനിൽ അന്ധകാരശക്തികളുടേയും ദുഷ്ടാത്മാക്കളുടേയും ഭയങ്കരാക്രമണങ്ങൾ പരാജയമടയുവാനേ നിവൃത്തിയുള്ളു. ദൈവത്തിലും, ക്രിസ്തുവിലും, സഭവഴിയായി ക്രിസ്തു പഠിപ്പിക്കുന്ന വിശ്വാസസത്യങ്ങളിലും സുദൃഢമായി വിശ്വസിക്കുന്നവർ എന്തിനു് ഭയപ്പെടണം? പുരുഷോത്തമകനും സകല ഗുണങ്ങളുടേയും അനന്തമായ മൂർത്തീകരണവുമായ ദൈവത്തിൽ അടിയുറച്ചതും അചഞ്ചലവുമായ വിശ്വാസമാണു് ഇതിന്റെയെല്ലാം അടിസ്ഥാനം. ഈ അടിസ്ഥാനം ഉറപ്പിച്ചുകഴിഞ്ഞാൽ ദൈവം അയച്ചവനായ ക്രിസ്തുവിലും അങ്ങേ പഠനങ്ങളിലും അങ്ങേ സഭയിലും വിശ്വസിക്കുന്നതിനു് വളരെ എളുപ്പമായിരിക്കും. സുപ്രസിദ്ധനായ മോൺസിഞ്ഞോർ റൊണാൾഡ് നോക്സ് തന്റെ സഭാപ്രവേശത്തിനു് ഏതാനും ദിവസങ്ങൾക്കുമുമ്പു് ഇപ്രകാരം എഴുതുകയുണ്ടായി: "വൈഷമ്യം മുഴുവൻ ഇവിടെയാണു് കിടക്കുന്നതു്; പാപ്പായോ, ദണ്ഡവിമോചനമോ, അപ്രമാദിത്വമോ ഒന്നുമല്ല വിഷമപ്രശ്നം. ദൈവത്തിൽ കത്തോലിക്കർ വിശ്വസിക്കുന്നതുപോലെ നിങ്ങൾ, പ്രോട്ടസ്റ്റന്റുകാർ, വിശ്വസിക്കുന്നില്ല. മനുഷ്യന്റെ നിസ്സാരതയേയും ദൈവത്തിന്റെ മഹാർഹതയേയും പററിയുള്ള സിദ്ധാന്തസംഹിത മുഴുവൻ അപ്പടി സമ്മതിക്കുവാൻ നിങ്ങൾക്കു പ്രാപ്തിയുണ്ടെങ്കിൽ തീർച്ചയായും ഒരു കത്തോലിക്കനാകുവാൻ നിങ്ങൾക്കു സാധിക്കും."

നമ്മുടെ നിസ്സാരതയും ദൈവത്തിന്റെ മാഹാത്മ്യവും മനസ്സിലാക്കിക്കൊണ്ടു് അങ്ങയിൽ കൂടുതൽ വിശ്വാസവും ആശ്രയവും അർപ്പിക്കുന്നതിനു് നാം സന്നദ്ധരായിരിക്കണം. ഇന്നത്തെ ലോകം അധികപങ്കും തിന്മയ്ക്കും അന്ധകാരശക്തികൾക്കും അടിമപ്പെട്ടുപോയിട്ടുണ്ടെങ്കിൽ അതിന്റെ കാരണം ദൈവത്തിലുള്ള വിശ്വാസത്തിന്റെ കുറവുമാത്രമാണു്. കത്തോലിക്കരായ നാം ദൈവത്തിലും തദ്വാരാ ക്രിസ്തുവിലും സഭയിലും ഉള്ള വിശ്വാസം ദൃഢതരമാക്കാൻ ശ്രമിക്കണം. പാപത്തിലേക്കുള്ള പ്രലോഭനങ്ങളും വിശ്വാസത്തിനും സന്മാർഗ്ഗത്തിനും എതിരായി നാനാഭാഗത്തുനിന്നും ചീറിയടുക്കുന്ന ഒളിയമ്പുകളും, നമ്മെ അടിപ്പെടുത്താതിരിക്കണമെങ്കിൽ നമ്മുടെ വിശ്വാസം അചഞ്ചലമായിരിക്കണം. ഗ്രന്ഥങ്ങളും, പത്രമാസികകളും, സിനിമായും, വിദ്യാലയങ്ങളും, സ്നേഹിതന്മാരും നമ്മെ പരോക്ഷമായിട്ടെങ്കിലും തിന്മയിലേക്കു വലിച്ചിഴയ്ക്കുമ്പോൾ നമ്മുടെ ഉറച്ചവിശ്വാസം നമ്മെ സംരക്ഷിക്കട്ടെ.

ക്രിസ്തീയഭടന്റെ രണ്ടാമത്തെ ആയുധം വാളാണു്—ദൈവവചനമാകുന്ന ആദ്ധ്യാത്മികഖഡ്ഗം. ക്രിസ്തുനാഥൻ മരുഭൂമിയിൽവെച്ചു് പിശാചിനാൽ പരീക്ഷിക്കപ്പെട്ടപ്പോൾ, ആ നാരകീയശത്രുവിന്റെ ഓരോ ആക്രമണത്തേയും ചെറുത്തു് അവനെ പരാജിതനാക്കിയതു് ദൈവവചനമാകുന്ന വാളുകൊണ്ടാണല്ലോ. വേദപുസ്തകം, മററു് ആദ്ധ്യാത്മികഗ്രന്ഥങ്ങൾ, വിശുദ്ധന്മാരുടെ ചരിത്രങ്ങൾ, പ്രസംഗങ്ങൾ, ഉപദേശങ്ങൾ, ഭക്തസംഭാഷണങ്ങൾ, സുകൃതജപങ്ങൾ ഇവയെല്ലാം ദൈവവചനത്തിൽ ഉൾപ്പെടുന്നു. ഇവയെല്ലാം ഫലപ്രദമായി ഉപയോഗിച്ചുകൊണ്ടു് നാം ദൈവവചനത്തെ കരസ്ഥമാക്കിയാൽ അതു നമ്മുടെ ആദ്ധ്യാത്മികശത്രുക്കളെ ആട്ടിയോടിക്കുന്നതിനു് ഏററവും ഉപകാരപ്രദമായ ഒരായുധമായിരിക്കും. ഇക്കഴിഞ്ഞ മഹായുദ്ധത്തിന്റെ ആരംഭത്തിൽ ഇംഗ്ലണ്ടിലെ കർദ്ദിനാൾ ഹിൻസ്ലി തിരുമനസ്സുകൊണ്ടു് "ആദ്ധ്യാത്മിക ഖഡ്ഗപ്രസ്ഥാനം" (Sword of the Spirit Movement) സമാരംഭിക്കയുണ്ടായി. മഹായുദ്ധം വെറും ബാഹ്യമോ ശാരീരികമോ അല്ലെന്നും, പ്രത്യുത അതു് ആദ്ധ്യാത്മികതത്വങ്ങൾ — നന്മതിന്മകൾ — തമ്മിലുള്ള സംഘട്ടനത്തിന്റെ ചില ബഹിർഗ്ഗമനങ്ങൾ മാത്രമാണെന്നും തന്നിമിത്തം യുദ്ധം ജയിക്കണമെങ്കിൽ ആദ്ധ്യാത്മികസമരത്തിൽ ആദ്യമായി ജയിക്കണമെന്നും അതിനു ഏററവും പററിയമാർഗ്ഗം ദൈവവചനമാകുന്ന ആദ്ധ്യാത്മികഖഡ്ഗമാണെന്നും മനസ്സിലാക്കിക്കൊണ്ടാണു് ഭാഗ്യസ്മരണാർഹനായ ആ കർദ്ദിനാൾ തിരുമേനി അപ്രകാരമൊരു പ്രസ്ഥാനം സമാരംഭിച്ചതു്. ദൈവവചനം പഠിച്ചറിയുന്നതിലും ആ വാളിനെ ഉപയോഗിക്കുന്നതിലും നമ്മുടെ കത്തോലിക്കർ എത്രയോ അലസന്മാരാണു്? അന്ധകാരശക്തികളുടെ ആക്രമണങ്ങൾ അനുഭവപ്പെടുമ്പോൾ, അവരുടെ കുയുക്തികളും തൊടുന്യായങ്ങളും തിളപ്പൊരി പ്രസംഗങ്ങളും സരസസംഭാഷണങ്ങളും കേൾക്കുമ്പോൾ, അവരുടെ പത്രമാസികകളും ഗ്രന്ഥങ്ങളും വായിക്കുമ്പോൾ, അവരോടു് എതിരിട്ടു്, ശരിയായ യുക്തികളും ന്യായങ്ങളും കൊണ്ടുവന്നു് അവരെ പരാജിതരാക്കുവാൻ ദൈവവചനമാകുന്ന വാൾ—കത്തോലിക്കാസഭയുടെ സിദ്ധാന്തങ്ങളെക്കുറിച്ചുള്ള ജ്ഞാനം—കൂടിയേകഴിയൂ. അതില്ലാത്തവർ ക്രമേണ ശത്രുക്കളുടെ പിടിയിൽ പെട്ടുപോകാനാണെളുപ്പം. ചുററും സമരം രൂക്ഷമായി നടന്നുകൊണ്ടിരിക്കുമ്പോൾ, ശത്രുക്കളുടെ അസ്ത്രങ്ങളും വെടിയുണ്ടകളും തലയ്ക്കുമീതെ ചീറിപ്പാഞ്ഞുകൊണ്ടിരിക്കുമ്പോൾ അതൊന്നും കാണാത്തമട്ടിൽ വാളും പരിചയും കൈയിലേന്തിക്കൊണ്ടു് ഉറക്കം തൂങ്ങുന്ന ചില ഭക്തരായ കത്തോലിക്കരെക്കുറിച്ചു് എന്താണു് പറയേണ്ടതു്?

(ജെ. ചെമ്മണൂർ)

---

## ഇന്ത്യക്കുവേണ്ടി

ഓസ്ട്രേലിയായിലെ പല കത്തോലിക്കാ രൂപതകളിലും ഇൻഡ്യയിലെ ക്ഷാമപീഡിതർക്കുവേണ്ടിയുള്ള ധനശേഖരം നടക്കുന്നുണ്ടു്. സാൻഡ്ഹർസ്റ്റ് രൂപതയിൽനിന്നു 2764 പവൻ പിരിഞ്ഞതായി ഒരു റിപ്പോർട്ടിൽ കാണുന്നു. തന്റെ ജനങ്ങൾ അത്യുദാരമനസ്ഥിതിയോടെ ഇക്കാര്യത്തിൽ മുന്നോട്ടുവന്നു എന്നത്രെ പ്രസ്തുത രൂപതാദ്ധ്യക്ഷൻ പ്രസ്താവിച്ചിരിക്കുന്നതു്. 402 ഇടവകക്കാർ മാത്രമുള്ള ഒരു ചെറിയ സ്ഥലത്തുനിന്നു 228 പവൻ പിരിഞ്ഞതായി അദ്ദേഹം എടുത്തുപറയുന്നു. പത്തും ഇരുപതും ടൺ വീതം ഭക്ഷ്യധാന്യങ്ങൾ ബിഹാറിലേക്കും മദ്രാസിലേക്കും ആ രൂപതവകയായിത്തന്നെ കപ്പൽകയററി അയച്ചിട്ടുള്ള വിവരവും പ്രസ്താവ്യമത്രെ. സെപ്റ്റംബർ ഒക്ടോബർമാസങ്ങൾ കൂടുതൽ വിഷമതരങ്ങളാകയാൽ കൂടുതൽ സഹായം അയച്ചുകൊടുപ്പാൻ ശ്രമിച്ചുവരുന്നതായി ക്ഷാമനിവാരണകമ്മിററിക്കാർ പ്രസ്താവിക്കുന്നു.

